# കൊളാഷ്



THE CHAPTER

A FIRST GRADE STUDY CENTRE

# കൊളാഷ് 2001

സമാന്തര പാഠശാലകളിൽ

മനസ്സും ശരീരവുമർപ്പിച്ച്

പരാതികളില്ലാതെ

പരിഭവങ്ങളില്ലാതെ

ജീവിത ഭൂമികയിലൂടെ

നടന്നു നീങ്ങുന്ന

പരശ്ശതം അദ്ധ്യാപകർ......

അവർക്കായ്

കൊളാഷ് 2001

സമർപ്പിക്കുന്നു.

Collage 2001

*Published by*
The Chapter, Kollam

*Managing Editor*
T. Mohanan

*Staff Editor*
N. Vijayadharan

*Student Editor*
Asha Devi O.S, II M Com

*Illustrations*
Sreehari, I B Com
Amal Dev, II B Com
Rajesh. R,III B Com

*Cover Design*
Varnaraji

*Digitized Type Setting*
Suman Lal, John P Mathew
The Chapter Computers

*Printing*
Sunil Offset Press, Kollam

Published on 5 March, 2001



*Adv. Sabida Beegom*
*Mayor, Kollam Corporation*

Niza Manzil, Contonment South
Kollam-691 001, S.Kerala
Phone : Off : 0474-742382, 742192

# ആശംസ

കഴിഞ്ഞ നിരവധി വർഷങ്ങളായി വിദ്യാഭ്യാസമേഖലയിലെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൂടെ ആദരവ് നേടിയ സ്ഥാപനമാണ് ദി ചാപ്റ്റർ.

കലാസാംസ്കാരിക രംഗത്തും തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

ആശങ്കയും അസ്വസ്ഥതയും കാളിമപടർത്തുന്ന പുതിയ നൂറ്റാണ്ടിന്റെ മുഖം തേജസ്സുറ്റതാക്കാൻ യുവമനസ്സുകളുടെ പ്രതിജ്ഞാബദ്ധമായ കൂട്ടായ്മയ്ക്ക് കഴിയും എന്നാണെന്റെ വിശ്വാസം. നിങ്ങളുടെ പ്രവർത്തനം ആ വഴിക്കുകൂടി ആയിരിക്കട്ടെ എന്ന ആഗ്രഹത്തോടെ,

പുതുതായി പ്രസിദ്ധീകരിക്കുന്ന കോളേജ്മാഗസിനും അതിന്റെ ശരീരവും മനസ്സുമായ ചാപ്റ്റർ കോളേജിനും എന്റെ ആശംസകൾ.

അഡ്വ. സബിതാബീഗം
മേയർ



# ആശംസ

ഐതിഹ്യങ്ങൾ ആസ്വദിക്കുവാനും

അനുഭവിക്കാനുമുള്ളതാണ്.

വാസ്തവമെന്ന നിലയിൽ പഠിക്കുവാനോ

വിശ്വസിക്കുവാനോ ഉള്ളതല്ല.

പ്രപഞ്ചോല്പത്തിയെക്കുറിച്ചുള്ള

സത്യവേദപുസ്തകത്തിലെ കണ്ടെത്തൽ

റോമിലെപ്പോലും സയൻസ് ക്ലാസ്സിൽ

പഠിപ്പിക്കാത്തത് അതു കൊണ്ടാണ്.

വിദ്യാഭ്യാസം വിജ്ഞാനത്തെക്കുറിച്ചുള്ള അന്വേഷണമാണ്.

സുഗന്ധപൂർണ്ണമായ അന്വേഷണം

അശാന്തവും അസ്വസ്ഥവുമായ

ഒരു കാവ്യകാലത്ത് നിന്നു കൊണ്ട്

വിജ്ഞാനവസന്തത്തെ ഞാൻ സ്വപ്നം കാണുന്നു.

വിദ്യാഭ്യാസത്തിന്റെ സർഗ്ഗാത്മകതയ്ക്ക് മാറ്റ്കൂട്ടുന്ന

ചാപ്റ്ററിന്റെ സുന്ദരശ്രമങ്ങൾക്ക് ആശംസകൾ.



കുരീപ്പുഴ ശ്രീകുമാർ



ടി. മോഹനൻ

പ്രിൻസിപ്പാൾ

വീണ്ടും .......
വാക്കുകളുടെ വസന്തോൽസവവും
വരകളുടെ വർണ്ണപ്പകിട്ടുമായി
കൊളാഷ് .......
പരസ്യങ്ങളുടെ
പച്ചക്കമ്പളങ്ങളില്ലാതെ
ഔപചാരികതകളുടെ
മധുരം പുരട്ടലുകളില്ലാതെ
നിർമ്മലമായൊരു നീരുറവപോലെ
കരുത്തുറ്റ ഒരു മുളനാമ്പുപോലെ
കൊളാഷ് .......
അവസരങ്ങളുടെ പടിവാതിലുകളിൽ
വെളിപ്പെടുത്തലുകൾക്ക്
നിലം നിഷേധിക്കപ്പെടുന്ന
'സമാന്തര' ചേതനകളുടെ സർഗ്ഗസംഭാരമായി
കൊളാഷ് .......
ദശാബ്ദത്തിന്റെ ദീപ്തസീമയിലെത്തിയ
ദി ചാപ്റ്ററിന്റെ തൃപ്തനിശ്വാസമായി
കൊളാഷ് .......
അണിയിച്ചൊരുക്കിയവർക്കും
അണിനിരന്നവർക്കും
എന്റെ പ്രണാമം.



ആശാ ദേവി. ഒ.എസ്

സ്റ്റുഡന്റ് എഡിറ്റർ

ആദരവും കൗതുകവും നിറച്ച്
അക്ഷരങ്ങളിലേക്ക് കണ്ണുകളയക്കുമ്പോൾ.....
കണ്ണീരിലലിഞ്ഞുതീരുന്ന അക്ഷരങ്ങൾ
അന്തർ മുഖത്വത്തിന്റെ അമ്പുകളയച്ച്
പിൻതിരിഞ്ഞിരിക്കുന്ന അക്ഷരങ്ങൾ
തോരാത്ത നിലവിളിയാൽ
കാതടപ്പിക്കുന്ന അക്ഷരങ്ങൾ
അടക്കാനാവാത്ത അമർഷത്തിന്റെ
അണക്കെട്ടു പൊട്ടിക്കുന്ന അക്ഷരങ്ങൾ
തുറുകണ്ണൻ സമയത്തിന്റെ തുമ്പിക്കൈകളുമായി
അക്ഷരലോകം അടക്കിവാഴുന്ന
അബദ്ധാക്ഷരങ്ങൾ
ഇതിനിടയിലൂടെ ..........
സ്നേഹ സംവേദനത്തിന്റെ
ചെറുകൈത്തിരികളുമായി
കൊളാഷിന്റെ
കുഞ്ഞ് അക്ഷരക്കൂട്ടങ്ങൾ
നിങ്ങളെത്തേടിയെത്തുന്നു
കൂട്ടരെ....
സ്നേഹപൂർവ്വം സ്വീകരിച്ചാലും.

# നന്ദിപൂർവ്വം

ആത്മാർത്ഥതയും അർപ്പണബോധവുമുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ ദി ചാപ്റ്റർ പത്ത് സംവത്സരങ്ങൾ പിന്നിടുകയാണ്. കോമേഴ്സ് വിഷയങ്ങളുടെ മാത്രം അദ്ധ്യാപനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന ഈ പാഠശാല അനേകം പഠിതാക്കൾക്ക് അനല്പമായ നേട്ടങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. പ്രീഡിഗ്രി, ബീകോം, എംകോം ക്ലാസ്സുകളിൽ അസൂയാവഹമായ വിജയങ്ങൾ കൊയ്തെടുത്ത നിരവധി വിദ്യാർത്ഥികളുടെ സാർത്ഥക മനസ്സുകൾ ഈ സ്ഥാപനത്തിന്റെ കരുത്തുറ്റ മുതൽക്കൂട്ടായി. മാതൃകാപരമായ അച്ചടക്ക രീതികൾ രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും അഭ്യുദയകാംക്ഷികളുടെയും വിശ്വാസവും സ്നേഹവും അംഗീകാരവും നേടിയെടുക്കാൻ സഹായിച്ചു. അക്കാദമിക് തലത്തിലെ ഉയർന്ന വിജയങ്ങൾ കരസ്ഥമാക്കുന്നതിൽ മാത്രമല്ല, പാഠ്യേതര പ്രവർത്തനങ്ങളിലും പരീക്ഷണങ്ങളും പരിശ്രമങ്ങളുമുണ്ടായി. സർഗ്ഗാത്മകതയുടെ പരിപോഷണത്തിനും സാമൂഹ്യ സേവനത്തിലൂടെ സഹജാവബോധം ഉണർത്തുന്നതിനും ഉതകുന്ന വിവിധ സംരംഭങ്ങൾ ഏറ്റെടുത്ത് വിജയകരമായി നടപ്പാക്കി.

മാറിവരുന്ന ജീവിത തൊഴിൽ സാഹചര്യങ്ങൾക്കനുസൃതമായി കൂടുതൽ പ്രായോഗികമായ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ കംപ്യൂട്ടർ വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട ലബോറട്ടറി സൗകര്യങ്ങൾ സജ്ജീകരിച്ചു.

ഇച്ഛാശക്തിയും തെളിമയുമുള്ള ഒരു കൂട്ടം മനസ്സുകൾ ഈ സംരംഭത്തെ സ്വാഭാവികമായി മുന്നോട്ടുപോകുവാൻ സഹായിച്ചു. ദശാബ്ദത്തിന്റെ നിറവിൽ പിന്തിരിഞ്ഞു നോക്കുമ്പോൾ കൃതജ്ഞതയുടെ പൂക്കൾ മാത്രമേ അർപ്പിക്കുവാനുള്ളൂ.

# ചമയത്തിന് ചാരുത പകർന്നവർ



ആശാ ദേവി. ഒ.എസ്
രണ്ടാം വർഷ എംകോം
സ്റ്റുഡന്റ് എഡിറ്റർ



ശാരി. എ
ഒന്നാം വർഷ എംകോം



രാജേഷ്. ആർ
മൂന്നാം വർഷ ബീകോം



അമൽ ദേവ്. ജി
രണ്ടാം വർഷ ബീകോം



ശ്രീഹരി. വി
ഒന്നാം വർഷ ബീകോം



ടി. മോഹനൻ
മാനേജിംഗ് എഡിറ്റർ



എൻ.വിജയധരൻ
സ്റ്റാഫ് എഡിറ്റർ



എസ്.ശർമ്മ
സ്റ്റാഫ് എഡിറ്റർ



ആർ. മുരുകൻ
സ്റ്റാഫ് എഡിറ്റർ

കവിത



# പ്ലാസ്റ്റിക് പൂക്കൾ

പ്രവീൺ കുമാർ.സി
രണ്ടാം വർഷ ബീകോം

**ആദ്യം**

മറക്കുമോ ഞാനെന്റെ ജീവനിലാദ്യമായ്
മാറ്റം വരുത്തിയ പ്രണയമാം പൂവിനെ.....

**മദ്ധ്യം**



വികാരം വമിക്കുന്ന കൗമാരസിരയിതിൽ
വിപ്ലവത്തിന്റെ കൊടുങ്കാറ്റുയർത്തി
മാർക്സും ലെനിനും ദസ്തേവ്സ്കിയും
മാറ്റത്തിനൊടുവിൽ ചരസ്സിന്റെ വഴിയും
ഡോട്ട്കോം പഥങ്ങളിൽ നഗ്നസൗന്ദര്യത്തെ
തേടിയലഞ്ഞു; തടസ്സമായ് വന്നു നീ
പ്രണയവചനങ്ങൾ കരളിൽ തിളയ്ക്കുമ്പോൾ
അറിയുന്നു ഞാനിതാ ബന്ധിതനായെന്ന്
കേൾവിയിലേറെ പ്രണയത്തെ സ്നേഹിച്ച
വാൻഗോഗ് അന്നെന്റെ ദൈവമായി
കേട്ടില്ല, കണ്ടില്ല മാറ്റത്തിൻ ശംഖൊലി
ബീഥോവനായി ഞാൻ മാറിപ്പോയി
പാതിവഴിയിൽ ഞാനേകനായീടുമ്പോൾ
ഞെട്ടിപ്പോയ്, അറിയാതെ വിലപിച്ചു പോയ്

**അന്ത്യം**

തമോഗർത്തങ്ങളോ......
ചുഴലിയോ......... ഇതെന്താണ് ?
ദൈവമേ! പൂക്കളിൽ ചോര മണക്കുന്നു
അണുമാത്രനായി ഞാൻ പ്രണയരക്ഷസിന്റെ
കൈവിരൽത്തുമ്പിലെ.......
ഞാൻ എന്തായി.........?

കഥ



# യാത്രയ്ക്കു ശേഷം

അഭിലാഷ്. സി
മൂന്നാംവർഷ ബീകോം

മാമൻ വന്നപ്പോൾ ഒരുപാട് ഇരുട്ടിയിരുന്നു. ഞാൻ റോഡരികത്ത് ടോർച്ചുമായി കാത്തു നിന്ന് കൂട്ടിക്കൊണ്ട് വരികയായിരുന്നു. മാസങ്ങൾക്ക് ശേഷമാണ് മാമൻ ഇപ്പോൾ വന്നത്. ഞാൻ കാത്തുനിന്നിരുന്നതിനാലും, മാമൻ അല്പം മദ്യപിച്ചിരുന്നതിനാലും എന്നോടുള്ള സ്നേഹവും വാത്സല്യവും പ്രകടിപ്പിക്കാൻ മാമന് പാടുപെടേണ്ടി വന്നിരുന്നില്ല. മധുര പലഹാരങ്ങൾ വാങ്ങിക്കൊണ്ടുവരാറുള്ള പതിവ് നിന്നിട്ട് ഏതാനും വർഷങ്ങളായി. പകരം, സ്നേഹത്തോടെയുള്ള ആശ്ലേഷം, കുശലാന്വേഷണങ്ങൾ എന്നിവയിലൂടെ അളവറ്റ ആ സ്നേഹം പ്രകടിപ്പിച്ചു വന്നു.

"നിന്റെ പരീക്ഷയൊക്കെ കഴിഞ്ഞോ ? "മാമൻ തിരക്കി. ഞാൻ ഉവ്വെന്ന് മറുപടി പറഞ്ഞു.

"കുറച്ചുനാൾ നീ അവിടെ വന്ന് നിൽക്ക് " മാമൻ പറഞ്ഞു. 'ഉം' ഞാൻ സൗമ്യനായി മൂളി.

എനിക്കൊരിക്കലും ആ വീട്ടിൽ പോയി നിൽക്കാൻ ഇഷ്ടമായിരുന്നില്ല. ദ്രവിച്ച, നശിച്ച ആ വീടിന്റെ ഓലമേച്ചിൽ ഇടതടവില്ലാത്ത ചോർച്ചകളിലൂടെ മഴവെള്ളം അകത്തളത്തിൽ എത്തിച്ചുകൊണ്ടിരിക്കും. നട്ടുച്ച വെയിലത്ത് ഔചിത്യമന്യേ സൂര്യകിരണങ്ങൾ അകത്തേക്ക് കടത്തി വിട്ടു കൊണ്ടിരിക്കും, ആ ദുഷിച്ച മേൽക്കൂട്. അവിടവിടെ പൊട്ടിപ്പൊളിഞ്ഞ മൺഭിത്തികൾക്കിടയിൽ പാറ്റകൾ കൂട്ടമായി താമസിക്കുന്നു. പിന്നെ, പല്ലികളും ചിതലും അരണയും ചിലന്തിയും ഒക്കെയാൽ അവിടം നിറഞ്ഞിരുന്നു. ഇതിനെല്ലാം കാരണം മാമന്റെ അതിദയനീയമായ സാമ്പത്തിക സ്ഥിതി ആയിരുന്നു. ഞാൻ അവിടെ ചെന്ന് ദിവസങ്ങൾ തങ്ങുകയെന്നാൽ മാമന്റെ കഴുത്തിന് കത്തി വയ്ക്കുകയാണെന്നും ഞാൻ മനസിലാക്കിയിരുന്നു.

ഉമ്മറത്തെത്തിയപ്പോൾ അമ്മ ഇറങ്ങി വന്നു. "വന്നോ മോനെ.....? "

ഞാൻ മറുപടി പറയും മുമ്പേ എന്റെ പിറകേ നടന്നുവരുന്ന ഉയരമുള്ള ശരീരം അമ്മ കണ്ടു.

"എന്താ താമസിച്ചേ രമേശാ? " അമ്മ ചോദിച്ചു.

"ട്രെയിൻ ലേറ്റായിരുന്നു. പിന്നെ വാസുവണ്ണന്റെ വീടുവരെ പോയി ". അതിനു മറുപടിയെന്നോണം അമ്മ പറഞ്ഞു. "അയാളുടെ കാശിന്റെ കാര്യം വല്ലതുമായോടാ? "

മാമനിൽ ക്ഷണനേരത്തേക്ക് ഒരു മൗനം പ്രത്യക്ഷപ്പെട്ടു.

"അവൻ വന്നൂട്ടോ." അമ്മ അച്ഛനോടായി വിളിച്ചുപറഞ്ഞു. മാമൻ പ്രസന്നതയോടെ അകത്തേക്ക് കടന്നു.



"ട്രെയിനിലാണോ വന്നേ? " അച്ഛൻ അന്വേഷിച്ചു. അതേ എന്ന് മറുപടി പറഞ്ഞ് മാമൻ മേശക്കരികിൽ ഇരുന്നു.

ഞാൻ മുറ്റത്തേക്കിറങ്ങി. പടിഞ്ഞാറു വശത്ത് പ്രാവിൻ കൂട്ടിൽ പൂച്ചകയറാനൊരുങ്ങുന്നു. "ച്ഛീ...... പൂച്ചേ.... നിന്നെ ഞാൻ." ഞാൻ വലിച്ചെറിഞ്ഞ കമ്പ് കൂടിനു മുകളിൽ തട്ടി താഴെ വീണു. കവർച്ചാശ്രമം പാളിപ്പോയതിനാലും, എന്റെ പ്രഹരങ്ങൾ ഓർമ്മയിൽ വന്നതിനാലും പൂച്ച ഏറിയ വേഗതയിൽ കടന്നു കളഞ്ഞു.

"അമ്മേടുത്ത് പറഞ്ഞില്ലേ കൂടടയ്ക്കണമെന്ന് " ഞാൻ അല്പം ക്ഷോഭത്തോടെ വിളിച്ചു പറഞ്ഞു. പക്ഷെ അമ്മ അകത്തളങ്ങളിലെവിടെയോ ആയിരുന്നതിനാൽ ആ ചോദ്യം നിഷ്ഫലമായി.

അച്ഛനും അമ്മയും മാമനോട് സംസാരിക്കുകയായിരുന്നു. അമ്മയുടെ ഇളയ അനുജനാണ് മാമൻ. സത്യത്തിൽ ഒരു മകന്റെ സ്ഥാനമാണ് മാമന് അവർ നൽകുന്നത്. മുൻപെന്നത്തേയും പോലെ അവർ മാമനെ ഉപദേശിക്കാൻ തുടങ്ങിയിരിക്കുകയാണെന്ന കാര്യം ഞാൻ മനസ്സിലാക്കി. അവർക്കിടയിലൂടെ ഞാൻ കിടപ്പുമുറിയിലേക്ക് നടന്നു. നേർത്ത വിയർപ്പു ഗന്ധമുള്ള ബഡ്ഷീറ്റ് കഴുത്തോളം വലിച്ചിട്ട് ഞാൻ കിടക്കയിൽ ചുരുണ്ടുകൂടി. "പലിശയ്ക്കെടുത്ത് പലിശ കൊടുക്കാംന്ന് വച്ചാൽ നീ രക്ഷപെടില്ല രമേശാ....... ഓർത്തോ" അമ്മയുടെ വാക്കുകളായിരുന്നു. "സതീശൻ തന്ന അയ്യായിരത്തിന്റെ കാര്യം വീട്യാൽത്തന്നെ പിന്നെയുമില്ലേ നാല്പത്തയ്യായിരം, ഇത്

കുട്ടിക്കളിയാണെന്നാ നിന്റെ വിചാരം .....? നിന്റെ കല്യാണത്തിന് മുമ്പ് ഞങ്ങൾ പലപ്രാവശ്യം പറഞ്ഞതാ....., ഒരു കൊച്ചുസമ്പാദ്യത്തിന്റെ കാര്യം അപ്പോഴൊന്നും നീ കേട്ടില്ല. ഇപ്പൊ എന്തായി..? പെണ്ണൊരുത്തികൊണ്ടുവന്ന ഇരുപത്തയ്യായിരത്തിന്റേം, സ്വർണ്ണത്തിന്റേം കഥ തീർന്നില്ലേ....? അതും പോരാഞ്ഞ് കടത്തിന്റെ പുറത്ത് കടോം.! ഞങ്ങളിനി എങ്ങനെയാണ് നിനക്ക് പറഞ്ഞ് തരേണ്ടത്..? " അമ്മ വളരെ ഗൗരവത്തിലാണ് ഇത്രയും സംസാരിച്ചത്. സമയദോഷം എന്നും ഭാഗ്യമില്ലായ്മയെന്നും മറ്റും അവ്യക്തമായി മറുപടി പറയാൻ ശ്രമിക്കുകയായിരുന്നു മാമൻ. എന്റെ കണ്ണുകളിൽ ഉറക്കത്തിന്റെ നിഴൽ വീശി. ഒരു സർക്കാരുദ്യോഗസ്ഥന്റെ ജാമ്യം നൽകിയിരുന്നെങ്കിൽ തന്റെ കച്ചവടത്തിന് ആവശ്യമായിരുന്ന വായ്പ ലഭിക്കുമായിരിന്നെന്നും, തന്റെ നില മെച്ചപ്പെടുമായിരുന്നെന്നും, അച്ഛൻ അത് ചെയ്തില്ല എന്നുമുള്ള മാമന്റെ നയപരമായ പരിഭവം ആ മയക്കത്തിലും എന്റെ ഹൃദയത്തിൽ പതിഞ്ഞു.



മനസ്സ് ഒരു നല്ല സ്വപ്നത്തിനായി തയ്യാറെടുക്കുകയായിരുന്നു. അകത്തളങ്ങളിൽ നടക്കുന്ന സംഭാക്ഷണശകലങ്ങൾ എന്റെ സ്വപ്ന സഞ്ചാരത്തെ ബാധിച്ചു. മാമനോട് ഒത്തിരി സഹതാപം തോന്നി. ഒപ്പം നിരാശനായ മാമന്റെ മനസ്സിനെ വേദനിപ്പിക്കുന്ന അച്ഛനമ്മമാരോട് തെല്ലു ദേഷ്യവും.

സ്വപ്നസഞ്ചാരം തുടങ്ങിക്കഴിഞ്ഞു. 'അമൃതയുടെ കണ്ണുകൾ' അവൾ എന്നെതന്നെ നോക്കി നിൽക്കുന്നു. ഞാൻ ഭയപരവശനായി ഓടുന്നു. അതു കണ്ട് അവൾ പൊട്ടിച്ചിരിക്കുന്നു. വീണ്ടും ..... ആ കണ്ണുകൾ മാത്രം. അവയ്ക്ക് മുമ്പ് കണ്ടതിനേക്കാൾ തീഷ്ണത, സൗന്ദര്യം. അവൾ പുഞ്ചിരി തൂകി നിൽക്കുന്നു. അവളുടെ തുടുത്ത ചുണ്ടുകളിൽ ഞാൻ തൊട്ടു. അവൾ വീണ്ടും ചിരിച്ചു. ....ഞാനും.

"ഓ... ആ ചെറുക്കൻ ഉറങ്ങാൻ കയറിയോ....... ? എന്നുമുള്ള പണിയാ. വല്ലതും കഴിക്കാണ്ട് കേറിക്കിടന്നൊരു ഉറക്കം." അമ്മയുടെ പരാതി കേട്ട് ഞാൻ ഉണർന്നു. ആ സ്വപ്നം നഷ്ടപ്പെടുത്തിയതിൽ ദേഷ്യവും തോന്നി. അത് പുനരാവിഷ്കരിക്കാം എന്ന ചിന്തയോടെ ഞാൻ കണ്ണുകൾ അടച്ചു കിടന്നു. "എടാ എണീക്ക്, വല്ലതും കഴിച്ച് വന്ന് കിടക്ക്." അമ്മയുടെ ശബ്ദം കേട്ടില്ലാ എന്ന മട്ടിൽ ഞാൻ കമഴ്ന്ന് കിടന്നു.

മാമൻ ആഹാരം കഴിക്കും മുമ്പ് എന്റെ അരികിൽ വന്നു. ചുമലിൽ തട്ടി വിളിച്ചു. ഞാൻ അനങ്ങിയില്ല. "അവൻ ഉറങ്ങി." എന്നു പറഞ്ഞ് മാമൻ

ഡൈനിംഗ് റൂമിലേക്ക് നടന്നു.

സ്വപ്നസഞ്ചാരം പലതും നടത്തി അവശനായി ഞാൻ കണ്ണുകൾ തുറന്നു. കെടാവിളക്കിന്റെ നേർത്ത വെളിച്ചത്തിൽ, സംഘർഷഭരിതമായ മനസ്സോടെ നിഷ്കളങ്കമായ മുഖത്തോടെ ഉറങ്ങുന്ന മാമനെ ഞാൻ നോക്കിയിരുന്നു. കഴിഞ്ഞ ആഴ്ചയിലെഴുതിയ ഉദ്യോഗപ്പരീക്ഷയുടെ ഫലം എന്താവും എന്ന ചിന്ത പെട്ടെന്ന് മനസ്സിലേക്ക് കടന്നു വന്നു. ആ ഉദ്യോഗം കിട്ടിയാൽ മാമന് വായ്പയ്ക്കാവശ്യമായ ജാമ്യം നല്കാം. കണ്ണുകൾ അടച്ച് ഒരുറക്കത്തിനായി ഞാൻ നിശ്ചലനായി കിടന്നു.

നേരം വെളുക്കും മുമ്പ് തന്നെ മാമൻ ഉണർന്നു. ഞാനും ഉണർന്ന് മാമനോടൊപ്പം ചെന്നു. കാപ്പിയുടെ ചൂട് വിട്ടകലും മുമ്പ് മാമൻ ഒരു സിഗററ്റ് കത്തിച്ചു.

"ദാ...... ഉമിക്കരി." സിഗററ്റ് കുറ്റി ദൂരേക്ക് എറിഞ്ഞ് മാമൻ ഞാൻ നീട്ടിയ ഉമിക്കരി വാങ്ങി.

മണി എഴായപ്പോഴേക്കും മാമൻ പുറപ്പെടാൻ തയ്യാറായി.

"നിനക്ക് രണ്ടീസം കഴിഞ്ഞ് പോയാപ്പോരെ...? " അമ്മ തിരക്കി. അതു ശരിയാവില്ല എന്ന മട്ടിൽ ഒരു പുഞ്ചിരിയായിരുന്നു മാമന്റെ മറുപടി.

അച്ഛൻ അങ്ങേപ്പുറത്ത് പത്രം വായനയിലാണ്. "ദേ അവൻ ഇറങ്ങുന്നൂന്ന്" അമ്മ വിളിച്ചു പറഞ്ഞു.

മാമൻ ഭക്ഷണം കഴിഞ്ഞ് കൈകഴുകി. അച്ഛൻ അകത്തളത്തിലേക്ക് വന്നു. അമ്മയും ഞാനും അവിടെ നിന്നും പിൻവാങ്ങി.

ഞാൻ പ്രാവിൻകൂടിനരികെ നിന്നു. പറമ്പിൽ ഓടിക്കളിച്ചിരുന്ന ഒരണ്ണാൻ കുഞ്ഞ് വാഴയിലയിൽ കാൽ വഴുതി നിലത്ത് വീണു. അമ്മ മരത്തിനടുത്തിരുന്ന് കരയുകയായിരുന്നു. മാമൻ അച്ഛന്റെ മുന്നിൽ മുഖം താഴ്ത്തി നിൽക്കുന്നതും ഒടുക്കിത്തീർക്കാനാവാത്ത ആ വലിയ ബാധ്യത അച്ഛന്റെ ചുമലിൽ വന്ന് വീഴുന്നതും എല്ലാം അമ്മയുടെ മന:ക്കണ്ണിൽ തെളിഞ്ഞിരിക്കണം. അച്ഛൻ മാമനോട് എന്തെങ്കിലും പരുഷമായി സംസാരിക്കുമോ എന്ന് അമ്മ ഭയന്നിരുന്നു.

"അവൻ മനസ്സിന് കട്ടിയില്ലാത്തോനാ.... എന്തെങ്കിലും കടും കൈ ചെയ്തുകളഞ്ഞാല് ആ പെണ്ണും കൊച്ചും......" എന്ന് അമ്മ പലപ്പോഴും പരിഭവിക്കാറുണ്ട്.

ഒടുവിൽ വീർപ്പുമുട്ടിക്കുന്ന ആ സന്ദർഭം വീണ്ടുമെത്തി. മാമനെ യാത്രയയയ്ക്കൽ.

"എല്ലാം നേരെയാവും." അമ്മ പറഞ്ഞു. 'പോയിട്ടു വാ' എന്ന അർത്ഥ ഗംഭീരമായ അച്ഛന്റെ വാക്കുകൾ മാമന്റെ ചിന്താമണ്ഡലത്തിൽ സംഘർഷം പടർത്തിയിരുന്നു. മാമൻ യാത്രയിറങ്ങി. റോഡ് വരെ മാമനെ അനുഗമിക്കുന്നത് എന്റെ പതിവാണ്. അമ്മ പടിപ്പുരയോളം വന്നു നിന്നു. വരും തവണ ഒത്തിരി സമ്പന്നനായി എല്ലാവരുടേയും കടം വീട്ടാനുള്ള പണവുമായി അച്ഛന്റെ മുന്നിൽ തല ഉയർത്തി നില്ക്കുന്ന മാമൻ.... ആ ചിത്രം അമ്മ ആഗ്രഹിക്കുകയാണ്.

വണ്ടി വന്നു നിന്നു. മാമൻ ബാഗും തൂക്കി വണ്ടിയിൽ കയറി. ബസ് നീങ്ങി. മാമൻ കൈ വീശി യാത്ര പറഞ്ഞു. മാമന്റെ അടുത്ത വരവിന്റെ ചിത്രം എന്റെ മനസ്സിലിട്ട് ഞാൻ തിരികെ വീട്ടിലേക്ക് നടന്നു. ക്ഷേത്ര നടയിലെത്തിയപ്പോൾ നിന്നു. മാമന്റെ ഓരോപ്രാവശ്യത്തേയും മടക്കയാത്രയ്ക്ക് ശേഷം ദൈവത്തിനു സമർപ്പിക്കാൻ അമ്മ നൽകിയിരുന്ന പ്രർത്ഥനകളും, നാണയത്തുട്ടുകളും എന്റെ പക്കൽ ഉണ്ട്.

വായ് പിളർന്ന് നിൽക്കുന്ന വഞ്ചിഭഗവാന് നാണയങ്ങൾ അർപ്പിച്ച് പ്രസാദം ശിരസ്സിൽ തൊട്ടു ഞാൻ പ്രാർത്ഥിച്ചു, "ഈശ്വരാ.... എന്റെ അമൃതയെ എനിക്ക് നൽകണേ....."

## കാർട്ടൂൺ




ഫിറോസ്ഖാൻ
ഒന്നാം വർഷ ബീകോം

ലേഖനം



# വായന
## അവസ്ഥയും പ്രസക്തിയും

സിജി. എസ്.ജെ
ഒന്നാം വർഷ ബീകോം

"എന്തും വായിക്കാം, നിങ്ങൾക്കിഷ്ടമെങ്കിൽ"

-എൽ.എ.ജി. സ്ട്രോങ്ങ്-

വായന, തികച്ചും സ്വകാര്യമായ ഒരു അനുഭവമത്രെ! സൈബർ യുഗത്തിലും, അക്ഷരമുണ്ടായിട്ടുള്ള ഏതു യുഗത്തിലും അതിന് മങ്ങലും മായലുമില്ല. സമൂഹത്തിൽ വായന മരിച്ചുകൊണ്ടിരിക്കുന്നു എന്ന നിലവിളി തികച്ചും അസംബന്ധം തന്നെ എന്നു പറയാം. ഇന്റർനെറ്റിലായാലും സാധാരണ പുസ്തകത്തിലായും നാം വായിക്കുക തന്നെയാണ് ചെയ്യുന്നത്. വായനയുടെ ലോകം അവസാനിച്ചുവെന്ന് കാലികമായുണ്ടായ രോദനം വായനയെ നശിപ്പിക്കുവാനുള്ള ഒരു ഗൂഢനീക്കമായിപ്പോലും തോന്നുകയാണ്.

ഏതൊരു സമൂഹത്തിലും കുറച്ചുപേർ ഭൗതീകമായ ലാഭങ്ങൾക്കായി ജീവിയ്ക്കുന്നവരും, മറ്റു ചിലർ ആത്മാവിനെ സ്പർശിയ്ക്കുന്ന അനുഭവങ്ങൾക്കായി ജീവിയ്ക്കുന്നവരുമായിരിക്കും. ആദ്യം പറഞ്ഞകൂട്ടർ പണ്ടില്ലായിരുന്നു. ആധുനിക കാലത്തിന്റെ സൃഷ്ടിയാണ് അവർ എന്ന് ആരെങ്കിലും അഭിപ്രായപ്പെട്ടാൽ അത് എങ്ങനെ സത്യമല്ലാതാകും? രണ്ടാമതു പറഞ്ഞകൂട്ടർ, ബുദ്ധി ജീവികളും തത്വചിന്തകന്മാരും സാഹിത്യകാരൻമാരും സർവ്വോപരി സഹൃദയരും, പുരാതനകാലം മുതൽ തന്നെ ഇവിടെയുണ്ട്. അവരിലാണ് നല്ല വായനക്കാർ അന്നും ഇന്നും ഉള്ളത്. അങ്ങനെ നോക്കുമ്പോൾ ജനസംഖ്യാനുപാതത്തിൽ ഇവരുടെ അനുപാതം വർദ്ധിച്ചിട്ടുണ്ടോ എന്ന സംശയമായിരിയ്ക്കാം, ഒരു പക്ഷേ വായന മരിച്ചു എന്ന നിലവിളിയ്ക്കു കാരണം.

വായനയുടെ അനുഭവങ്ങളിലൂടെ കടന്നുപോകുന്ന ആരും നിഷേധിയ്ക്കാത്ത ഒന്നായി പാരായണ സുഖം തുടരുന്നു. ഇനി വിഷയത്തിന്റെ സൂക്ഷ്മതലങ്ങളെക്കുറിച്ച് ചിന്തിയ്ക്കാം:

*വായന - അവസ്ഥ :* ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞതുപോലെ വായനയ്ക്ക് മരണമില്ല. എന്നാൽ വായന പുസ്തകങ്ങളിൽ മാത്രമൊതുങ്ങി നിൽക്കണമെന്നു പറയുന്നവരെ സംബന്ധിച്ചിടത്തോളം വായനയ്ക്ക് ക്ഷീണ

മുണ്ടായിട്ടുണ്ട്. അക്കൂട്ടർ പുതിയ സങ്കേതങ്ങളെ ഉപയോഗപ്പെടുത്താത്ത പഴഞ്ചന്മാരിൽപെടും. എന്നാൽ ചില എഴുത്തുകാർ കാലത്തിന്റെ ഗതിവേഗം മനസ്സിലാക്കാൻ സന്നദ്ധരായിട്ടുണ്ട് (ഉദാഹരണത്തിന് ലോകപ്രശസ്തനായ അപസർപ്പക നോവലിസ്റ്റ് സ്റ്റീഫൻ കിങ്ങിന്റെ 'ദി സ്പീഡ് ഓഫ് ദ ബുള്ളറ്റ്' E- ബുക്കായി മാത്രമാണ് ഇപ്പോൾ ലഭ്യമാകുക)

മലയാള വായനാലോകത്തെ സംബന്ധിച്ചിടത്തോളം വായന മരിയ്ക്കുന്നു എന്ന നിലവിളി അവസാനിപ്പിയ്ക്കേണ്ട സമയം ഇതു തന്നെയാണ് - പെരുമ്പടവം ശ്രീധരന്റെ 'ഒരു സങ്കീർത്തനം പോലെ' വെറും ഏഴു വർഷങ്ങൾ കൊണ്ട് റെക്കോർഡ് വിൽപ്പന നേടിയ ഈ സന്ദർഭം. ഇതു പറയുമ്പോൾ ജനത്തിന് ഇഷ്ടപ്പെടുന്നവ നല്ല സാഹിത്യമല്ല എന്ന് ചില സാഹിത്യനിപുണർ പറഞ്ഞേക്കാം. ചങ്ങമ്പുഴയുടെ 'രമണൻ', വായന തഴച്ച കാലത്തുണ്ടായ കൃതി, സൃഷ്ടിച്ച അതേ തരംഗം പെരുമ്പടവത്തിന്റെ പ്രസ്തുത പുസ്തകത്തിനും സൃഷ്ടിയ്ക്കാൻ കഴിഞ്ഞു എന്നതിൽ നിന്നു തന്നെ കുഴപ്പം ആളുകളുടെ വായനാശീലം കുറഞ്ഞതല്ല, നല്ല പുസ്തകങ്ങളുണ്ടാകാത്തതിന്റേതാണ് എന്ന് മനസ്സിലാക്കാം.

നല്ല പുസ്തകങ്ങൾ, അവ കഥയാകട്ടെ, നോവലാകട്ടെ, ശാസ്ത്രപുസ്തകങ്ങളാകട്ടെ, എല്ലാ കാഘട്ടങ്ങളിലും നല്ലവണ്ണം വായിക്കപ്പെടുന്നു. വായിക്കപ്പെടുന്നത് പതിരുകൾ മാറ്റിയ നല്ല നെല്ലുകളാണ് എന്നു ചുരുക്കം. ഇന്റർനെറ്റിന്റേതാണ് കാലമെങ്കിൽ വായനയ്ക്കുള്ള സൗകര്യം ഇന്റർനെറ്റിലാക്കുക. പാരായണ സുഖം പുസ്തകത്തിനാണെന്നു പറയുന്നവർ അതും, അല്ല കമ്പ്യൂട്ടിറിനാണെന്നു പറയുന്നവർ കമ്പ്യൂട്ടറും ഉപയോഗിച്ചു കൊള്ളട്ടെ.

*വായന - പ്രസക്തി:* വായനയുടെ ഏറ്റവും വലിയ പ്രസക്തി അത് സഹൃദയന്റെ മനസ്സിലുണ്ടാക്കുന്ന അനുരണനങ്ങൾ തന്നെ. പൈങ്കിളിക്കഥകൾ മുതൽ പുരാണേതിഹാസങ്ങൾ വരെ ഈ ഒരു കാര്യത്തിൽ യോജിപ്പിലെത്തുന്നു. ചിലതുണ്ടാക്കുന്നത് നല്ല മാറ്റമാണെങ്കിൽ മറ്റു ചിലത് തിരിച്ചും. വായന നമുക്ക് നൽകുന്നത് തെരഞ്ഞെടുക്കാനുള്ള അവകാശമാണ്. നമുക്ക് വേണമെങ്കിൽ നന്മ തെരഞ്ഞെടുക്കാം. മറിച്ചും. ആത്മസംതൃപ്തി തന്നെ ഏറ്റവും വലിയ പ്രശ്നം. ഒരു നോവൽ അല്ലെങ്കിൽ കഥ ഉണ്ടാക്കുന്നത് കഥാപാത്രവും വായനക്കാരനും തമ്മിലുള്ള ഐക്യതയാണ്. കുറച്ചു കൂടി നല്ല മനുഷ്യരുടെ നിർമ്മാണമാണ് വായനയുടെ ലക്ഷ്യം തന്നെ, അതാണ് അതിന്റെ പ്രസക്തിയും. നല്ല പുസ്തകങ്ങൾ നല്ല മുത്തുകൾ പോലെ തന്നെ. കടലിന്റെ അടിത്തട്ടിൽ ചെളിയ്ക്കിടയിലായിരിയ്ക്കും അതിന്റെ സ്ഥാനം. അത് കണ്ടുപിടിയ്ക്കുക എന്നത് വായനക്കാരന്റെ ധർമ്മവും.

കഥ



# വലിയ സൂചിയും ചെറിയ സൂചിയും

ടെമിടെറൻസ്
രണ്ടാം വർഷ ബീകോം

## ഒന്ന്

"മനൂ..... സമയമെന്തായി? "

"വലിയ സൂചി നാലിലും ചെറിയ സൂചി അഞ്ചിനും ആറിനുമിടയിൽ" കണ്ണുതിരുമ്മികൊണ്ടവൻ പറഞ്ഞു. മുറിയിൽ നിന്നും ചേച്ചിയുടെ അടുത്ത ചോദ്യം "എഴുന്നേൽക്കാറായില്ലേ ? രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി അഞ്ചുമണിക്കുണരണമെന്ന് നീ തന്നെയല്ലേ റേഡിയോയിൽ കേട്ടത്."

പത്രക്കാരനെ കാണാതെ ഉലാത്തുകയായിരുന്ന അച്ഛൻ മനുവിനെ വിളിച്ചു ചോദിച്ചു. "സമയമെന്തായി? " അവൻ അകത്തേക്കോടി "വലിയ സൂചി ഒൻപതിലും ചെറിയസൂചി ഏഴിനും എട്ടിനും ഇടയിൽ."

കോളേജ് ഡേയുടെ ബാക്കി പത്രങ്ങൾ അങ്ങോട്ടുമിങ്ങോട്ടും നിരത്തുകയായിരുന്നു മുറിയിലിരുന്നു ചേട്ടനും ചേച്ചിയും. അതിനിടയിൽ, "എടാ മനൂ....... വലിയ സൂചി പന്ത്രണ്ടിലും ചെറിയ സൂചി പത്തിലും ആകുമ്പോൾ ടി.വി ഓൺ ചെയ്യണം" എന്ന് ചേട്ടന്റെ ആജ്ഞ.



വെറുപ്പോടെയാണെങ്കിലും അവൻ സൂപ്പു മോന്തിക്കുടിച്ചു. സൂപ്പിലെ ഉള്ളി അവന്റെ ആജന്മ ശത്രുവായിരുന്നു. അതിന്റെ പ്രതലത്തിലെ നെയ്യ് അവനെ നോക്കി ചിരിക്കുന്നതായി അവനു തോന്നി. ചരിത്രം പോലെ അവശേഷിച്ച ഉള്ളിക്കഷണങ്ങളും എല്ലും അവനെ പൂച്ചയുടെ വിളമ്പുകാരനാക്കി.

"സമയമെന്തായടാ മനൂ......." എന്ന അമ്മയുടെ ചോദ്യം കതകുകളുടെ ഇടയിലൂടെ തുളച്ച് മുറ്റത്തേക്ക് വന്നതും അവൻ അകത്തേക്ക് ഓടി.

"വലിയ സൂചി മൂന്നിലും ചെറിയ സൂചി ഒന്നിനും രണ്ടിനുമിടയിൽ."

**രണ്ട്**

മദ്ധ്യവേനലവധിയായാൽ രാവിലെ മുതൽ ഉച്ചവരെ കളി, പിന്നെ ഊണിനു ശേഷം കളി, വൈകിട്ട് കുളികഴിഞ്ഞ് മണ്ണിൽ പോകാതെയും കളി. കളിക്കോപ്പുകൾ അടുക്കിവയ്ക്കുന്നതിനിടയിൽ പറമ്പിൽ നിന്നും അച്ഛൻ സമയം നോക്കാൻ മനുവിനോട് പറഞ്ഞു.

"വലിയ സൂചി ഒൻപതിലും ചെറിയ സൂചി ആറിനും ഏഴിനുമിടയിൽ" എന്ന് അവൻ വിളിച്ചു പറഞ്ഞു.

തന്നിഷ്ടക്കാരിയാണവൾ. റാവി റാവി നടക്കും. കുളിമുറിക്ക് പിന്നിൽ, അവിടെ നിന്നും ചായ്പിന്റെ ഇടയിലൂടെ പശുത്തൊഴുത്തു വഴി വിറക് പുര.അതാണവളുടെ സഞ്ചാരപഥം. 'ആഷി' അവൾക്ക് ആഷ് നിറമാണ്. സന്ധ്യയായാൽ കൂട്ടിൽ കയറില്ല. മനു അവൾക്കായി കെണിയൊരുക്കി. തെങ്ങിൻ മൂട്ടിലെ മലർന്ന കുട്ട തീറ്റയുമായി അവളെ കൊഞ്ചി വിളിച്ചു. 'കൊ ... ക്കൊ.... ക്കൊ....' എന്നു ശബ്ദമുണ്ടാക്കി അവൾ ചുണ്ടുകൾ ആഴത്തിൽ തീറ്റയിൽ ഇറക്കിയതും കുട്ട അവളെ ആവരണം ചെയ്തു. ണിം ....ണിം..... ണിം....... ഏഴുപ്രാവശ്യം. ആരും അവനോട് സമയം ചോദിച്ചതുമില്ല.

കുഴിയാന മണ്ണിൽ ഭൂപടം വരയ്ക്കുമെന്നാരോ അവനോട് പണ്ടു പറഞ്ഞിരുന്നു. അന്നു മുതലാവണം ഭൂമിശാസ്ത്രത്തിന് ഇരുപത് മാർക്ക് കിട്ടുന്ന അവന് അവയോട് ഒരു ബഹുമാനം.

**മൂന്ന്**

പക്വതയെന്നാൽ സമയത്തിനനുസരിച്ച് പ്രവർത്തിക്കുന്നതാണെന്ന് അറിഞ്ഞകാലം അവൻ വാച്ചിലേക്ക് നോക്കി. വലിയസൂചി ആറിലും ചെറിയ സൂചി നാലിനും അഞ്ചിനുമിടയിൽ.

"സബീ നീ വീട്ടിലേക്ക് നടന്നോളു... എന്നാലെ അഞ്ചാവുമ്പോൾ അങ്ങു ചെല്ലൂ..... അടുത്താഴ്ച കാണാം." ഫോൺ ബില്ലു കൂടുന്നു. എന്ന അമ്മയുടെ പരാതിക്ക് സബിയുടെ സ്ത്രീധനത്തിൽ നിന്ന് എടുത്തോളാൻ അവൻ മറുപടി പറഞ്ഞു.

**നാല്**

വിഷുവിന് പിറ്റേന്ന് വലിയ സൂചി ഒൻപതിനും ചെറിയ സൂചി പതിനൊന്നിനും പന്ത്രണ്ടിനുമിടയിലുള്ള ശുഭമുഹൂർത്തത്തിൽ സബി അവന്റെ സ്വന്തമായി.

ആഷി മാവിൽ ഇരുന്ന് ശബ്ദമു ണ്ടാക്കുന്നു. അവൻ പ്രതീക്ഷിച്ചിരുന്ന,

ആഗ്രഹിച്ചിരുന്ന, യുഗങ്ങളായി ആരോ കുറിച്ച് വച്ച മുഹൂർത്തം. ചെറിയ സൂചിയും വലിയസൂചിയും അവന്റെ സമയം പറച്ചിലുകളിൽ ഒതുങ്ങാതെ തെന്നി നീങ്ങിക്കൊണ്ടിരുന്നു. അവൻ തന്റെ കയ്യെത്തും ദൂരത്ത് നിന്ന് നോക്കിക്കാണുകയായിരുന്നു. എല്ലാം മറയ്ക്കുന്ന നാല് ചുവരുകൾ. അവൻ കതക് നന്നായി പൂട്ടിയോ എന്ന് പരിശോധിച്ചു. ചിലപ്പോൾ ആരെങ്കിലും സമയം ചോദിച്ചാലോ? ഒച്ച കേൾക്കാതിരിക്കാൻ അവൻ ആകാശവാണിയുടെ സ്റ്റേഷൻ ട്യൂൺ ചെയ്തു. അപ്പോൾ സബി അവനെ ഇതുവരെ കണ്ടിട്ടില്ലാത്തവണ്ണം നോക്കി നിന്നു.

കയ്യെത്തും ദൂരത്ത്, തൊടാവുന്നത്ര അകലത്തിൽ ....... അവൻ അത്രയ്ക്ക് അടുത്തായിരുന്നു. പിന്നെയൊട്ടും താമസിച്ചില്ല. കയ്യിലിരുന്ന നൂലുപയോഗിച്ച് രണ്ടിനേയും ചേർത്തു കെട്ടി. വലിയ സൂചിയും ചെറിയസൂചിയും പന്ത്രണ്ടിൽ തന്നെ. ഇനിയാരും സമയം ചോദിക്കില്ല.

കവിത



# സ്മൃതി

**മനോജ് കുമാർ. ആർ**
ഒന്നാം വർഷ ബീകാം



ഇത്തിരിപ്പഴകിയോ
രെൻ ഹൃത്തിലെവിടെയോ
സ്നിഗ്ദ്ധമാം ബാല്യത്തിൻ
മുത്തുകൾ പൊഴിയുന്നു
ആനന്ദസ്മരണകൾ
ചവിട്ടിക്കുഴയ്ക്കുന്ന
വാർദ്ധക്യം ഞരമ്പാർന്ന
പരുഷപാദങ്ങളിൽ
പൊൻപ്രഭ തൂകിടു
മോർമ്മകളിളകുന്നു
ഉള്ളിലെ തോഴരോടൊപ്പം
മണ്ണിൽ കുഴച്ചവ
മണ്ണിലേ മാഞ്ഞുപോയ്
മധുരം സൗമ്യം ബാല്യം

കവിത



# ജന്മാന്തരങ്ങൾ

സരിത. എസ്
ഒന്നാം വർഷ ബീകോം

ഇരുളിന്റെയാഴത്തിലിമ തെളിയാതുഴലുന്ന ഭൂമിയെ
ഇനിയൊരു പ്രാകശത്തിലേയ്ക്കുണർത്തുവാൻ
ഈ ജീവിത സാഗരത്തിൻ കരയിലെന്നോ വീണടിഞ്ഞുറ
ങ്ങിയോരീ മൺ തരിയ്ക്കിനിയൊരു ജൻമാന്തരം കൂടി
ആ സാഗരതീരത്തെ ശിലയോടും തിരയോടും
ഇവിടത്തെ കാറ്റിനോടും പറവയോടും
ഇനി ഞാൻ പറയട്ടെയൊരു കൊച്ചു സത്യം
എന്റെ ഇന്ദ്രിയങ്ങളിലുണരുന്ന സത്യം
സമുദ്രവും ഗഗനവും പവനനും
പിന്നെയീ ഭൂമിയുമെന്നോ തിരിച്ചറിഞ്ഞോരീസത്യം
കാലചക്രത്തിന്റെ പ്രയാണപഥത്തിലെവിടെയോ
പഞ്ചഭൂതങ്ങളും വിസ്മരിച്ചോരീ സത്യം
ഇനിയുമുണരാത്തോരാഴക്കയത്തിന്റെ നിദ്രയിലലിഞ്ഞോരീ
ഭൂമിയ്ക്കിനിയുമൊരു പുനർജൻമമുണ്ടെന്ന ശാശ്വതസത്യം
നീറുന്നനിശ്വാസവുമെരിയുന്ന നിനവും
ഉള്ളിൽ തിരതല്ലുമാത്മവിശ്വാസത്തിന്റെ കനവും
ദിവ്യമാം പ്രേമത്തിന് ശാന്തിതന്നോങ്കാര മന്ത്രവും
പടുതിരിനാളമെരിഞ്ഞു തീരാറായ പഴയൊരോട്ടു
വിളക്കിന്റെ തെളിമയിൽ മനസിൽ കുറിച്ചിട്ട
നാമജപത്തിനു പകരം ഞാൻ നൽകുന്നു
പ്രളയാന്ധകാരത്തിലനശ്വരസത്യത്തെയലിയിച്ച
പേമാരിയിലിനിയൊരു സംഗീതമുണരട്ടെ
അറിവിന്റെയാഴത്തിൽ ചെന്നുപതിക്കുമൊരു
സ്വച്ഛന്ദനദിയായി ജീവിതമൊഴുകട്ടെ
അതിലൂടെയൊഴുകുന്നൊരാത്മകണത്തിൽ
നിന്നിനി പുതിയൊരു ലോകം പിറക്കട്ടെ
എന്റെയീജൻമമൊരു പുതുയുഗപ്പിറവിയ്ക്കു
സാക്ഷിയും നാന്ദിയുമാകട്ടെ.



ലേഖനം



# മനുഷ്യരാശി നാശത്തിലേക്കോ?

**അനീഷ് ആർ**
രണ്ടാം വർഷ ബീകോം

മനുഷ്യൻ - ആ നാമം ഇന്ന് നിരർത്ഥകമായിത്തീർന്നിരിക്കുന്നു. അവൻ ജനിക്കുന്നു, വംശം നിലനിർത്തുന്നു, മരിക്കുന്നു. ഇന്ന് ലോകത്തിൽ കോടിക്കണക്കിന് ജനങ്ങളുണ്ട്. എങ്കിലും അവന്റെ നിലനിൽപ്പ് സംശയകരമായ ഒരു ചുറ്റിപാടിലേക്കാണ് നീങ്ങുന്നത്. ഇതിനു കാരണം മഹാമാരികളല്ല. പ്രക്ഷോഭങ്ങളുമല്ല. അവൻ, മനുഷ്യൻ മാത്രമാണ്.

വാനരന്മാരിൽ നിന്നു പരിണമിച്ചുണ്ടായ ആദിമമനുഷ്യൻ പോലും തന്റെ സുഖസൗകര്യങ്ങൾക്കനുസരിച്ച് സഹോദരരെ ഹിംസിക്കുന്നതായി കാണുന്നു. അവൻ തന്റെ ആവശ്യങ്ങൾക്കനുസരിച്ച് ശാസ്ത്രത്തെ രക്ഷകനായും ശിക്ഷകനായും ഉപയോഗിക്കുവാൻ തുടങ്ങി. മഹാമാരികളെയും പ്രകൃതിക്ഷോഭങ്ങളെയും കീഴടക്കുവാൻ ഉപയോഗിച്ച അതേ ശാസ്ത്രത്തെ തന്നെ അവൻ തന്റെ നാശത്തിനു വേണ്ടിയും ഉപയോഗിക്കുന്നു.

ആദികാലങ്ങളിൽ അവൻ ആഹാരസാമ്പാദനത്തിനും മറ്റും ശാസ്ത്രത്തെ ഉപയോഗിച്ചു. ഇതിന് ഉത്തമ ഉദാഹരണമാണ് അമ്പും വില്ലും. അധികം കഴിയുന്നതിന് മുമ്പു തന്നെ അവൻ ശാസ്ത്രത്തെ തന്റെ രോഗശമനത്തിനായും ഉപയോഗിച്ചു. അധികാരമോഹം സഫലീകരിക്കുന്നതിന് വേണ്ടി പടയോട്ടങ്ങൾ നടത്തി. എണ്ണമറ്റ മനുഷ്യജീവിതങ്ങൾ ഹോമിക്കപ്പെട്ടു. അധികാരമോഹത്തിന്റേതായ ഈ യുദ്ധങ്ങൾ ആഗോള യുദ്ധമാകാതിരുന്നത് ശാസ്ത്രം അന്ന് അത്രയധികം പുരോഗതി പ്രാപിക്കാതിരുന്നുതു കൊണ്ട് മാത്രമാണ്.

നൂറ്റാണ്ടുകൾ കടന്നു പോയി, മനുഷ്യൻ പലരംഗങ്ങളിലും പുരോഗതി നേടി. കാർഷിക രംഗത്തും മറ്റും വിസ്മയകരമായ വിപ്ലവങ്ങളുണ്ടായി. പുത്തൻ പാതകളും ചാലകയന്ത്രങ്ങളും ഗതാഗത രംഗത്ത് വൻമുന്നേറ്റങ്ങളുണ്ടാക്കി. ആവിക്കപ്പലും മറ്റും കണ്ടുപിടിക്കപ്പെട്ടു. ആകെക്കൂടി അവൻ വമ്പിച്ച പുരോഗതി നേടി. പുതിയ പുതിയ യുദ്ധോപകരണങ്ങളും വികസിപ്പിച്ചെടു

ത്തു. പല യൂറോപ്യൻ ശക്തികളും ഏഷ്യ, ആഫ്രിക്ക മുതലായ രാജ്യങ്ങളിൽ തങ്ങളുടെ കോളനികൾ സ്ഥാപിച്ചു. കോളനിക്കു വേണ്ടിയുള്ള യുദ്ധങ്ങളിലും അനേകം ആളുകൾക്ക് തങ്ങളുടെ ജീവൻ നൽകേണ്ടി വന്നു.

ഇരുപതാം നൂറ്റാണ്ടിലാണ് ശാസ്ത്രം അത്യധികം പുരോഗമിച്ചിട്ടുള്ളത് എന്നു പറയാം. പെട്രോൾ വാഹനങ്ങളും വിമാനങ്ങളും കണ്ടുപിടിക്കപ്പെട്ടു. ഇതോടെ മനുഷ്യന് ദൂരം ഒരു പ്രശ്നമല്ലാതായിത്തീർന്നു. അന്തർവാഹിനികളും മറ്റും കണ്ടുപിടിക്കപ്പെട്ടു. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നടന്ന ഒന്നാം ലോകമഹായുദ്ധം അനേകം മനുഷ്യ ജീവനുകൾ അപഹരിച്ചു. ഇതിൽ നിന്നുണ്ടായ അണുപ്രസരണം ഇപ്പോഴും അവിടുത്തെ ജനങ്ങളെ കാർന്നു തിന്നു കൊണ്ടിരിക്കുന്നു. ജപ്പാനിൽ അണുബോംബിട്ട പോൾ ടിബെറ്റ്സന്റെ മനസിനെ കുറ്റബോധം ഒട്ടും തന്നെ അലട്ടുന്നില്ല. ഈ ക്രൂരകൃത്യത്തിന്റെ തനിയാവർത്തനത്തിന് ഇനിയും സന്നദ്ധമാണ് തന്റെ മനസ്സെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു. ഇവിടെ മനുഷ്യൻ ശാസ്ത്രത്തിന്റെ മറവിൽ കോടിക്കണക്കിന് ജനങ്ങളെ കൊല്ലുന്നു. ഇതൊക്കെ നടന്നിട്ടും തുടർന്നിങ്ങോട്ട് നശീകരണശേഷിയുള്ള പല മാരകായുധങ്ങളും നിർമ്മിക്കപ്പെട്ടു കൊണ്ടിരിക്കുന്നു.



ഇത് 21-ാം നൂറ്റാണ്ടിന്റെ ആദ്യപാദം. ഇപ്പോൾ പശ്ചിമേഷ്യാ സംഘർഷം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. 2000 സെപ്തംബർ 28-ാം തീയതി തീവ്രവാദി നേതാവ് ഷാരോൺ ജറുസലേമിലെ വിവാദ ആരാധനാലയങ്ങൾ സന്ദർശച്ചതിനെ തുടർന്നാണ് ഇസ്രായേൽ - പാലസ്തീൻ സംഘർഷം പൊട്ടിപ്പുറപ്പെട്ടത്.

ഇപ്പോൾ ശാസ്ത്രം ബഹിരാകാശം വരെയും കീഴടക്കികഴിഞ്ഞു. 1957-ൽ റഷ്യ സ്പുട്നിക്ക് -1 ബഹിരാകാശത്തേക്കയച്ചു. ഇതേത്തുടർന്ന് ബഹിരാകാശ യുദ്ധവും ആരംഭിച്ചു. അമേരിക്കയും റഷ്യയും മത്സരിച്ച് കൃത്രിമോപഗ്രഹങ്ങൾ വിക്ഷേപിക്കുവാൻ തുടങ്ങി. 1969 ൽ അമേരിക്ക മനുഷ്യനെ ആദ്യമായി ചന്ദ്രനിൽ ഇറക്കി. ഇതൊക്കെയാണെങ്കിലും റഷ്യയും അമേരിക്കയും തമ്മിലുള്ള ശീതസമരം പല യുദ്ധോപകരണങ്ങളുടെയും ആവിർഭാവത്തിന് വഴിതെളിച്ചു. ഇതിൽ ഏറ്റവും ഒടുവിലത്തെ സന്തതിയാണ് മുൻ അമേരിക്കൻ പ്രസിഡന്റ് റെയ്ഗന്റെ താരയുദ്ധപരിപാടി. ഇത് ഭൂമിയിൽ നിന്നും ലേസർ രശ്മികളയച്ച് ഭ്രമണപഥത്തിലെ ഉപഗ്രഹങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന

കണ്ണാടിയിൽ തട്ടി പ്രതിഫലിപ്പിച്ച് ശത്രുമിസൈലിനെ നശിപ്പിക്കുന്നു. ഈ പദ്ധതി ബഹിരാകാശത്തെയും യുദ്ധരംഗമാക്കി തീർത്തിരിക്കുകയാണ്.

ശാസ്ത്രത്തിന്റെ കണ്ടുപിടുത്തമായ താരയുദ്ധപരിപാടിയും, ബോംബുകളും മറ്റും മനുഷ്യരാശിയുടെ നാശത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഹിന്ദുപുരാണ ഗ്രന്ഥമായ മഹാഭാരതത്തിൽ ഇത് കലികാലമായാണ് പറഞ്ഞിരിക്കുന്നത്. കലികാലത്തിൽ മഹാവിഷ്ണു കലിയുടെ രൂപത്തിൽ ദൃഷ്ടമനുഷ്യനെ ചാട്ടവാറിനടിച്ച് കൊല്ലുകയും സദ്ഗുണരെ നിലനിർത്തുകയും ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് പരിണമിച്ച് കലി, ശാസ്ത്രമായിമാറി, മനുഷ്യനെ നിഗ്രഹിക്കുന്ന കാഴ്ചയാണ് ഇപ്പോൾ കാണുന്നത്. ഇതിന്റെ അവസാനം എന്തായിരിക്കും എന്ന് ആർക്കും ഊഹിക്കുവാൻ പോലും കഴിയുന്നില്ല.

**കവിത**



# ഇത്തിരിവെട്ടം

ശാരി.എ
ഒന്നാം വർഷ എംകോം

പിന്നിടാനിനിയെത്ര ദൂരമെന്നറിയാതെ
കാലമാംമഹാരഥം പായുന്നിതവിശ്രാന്തം
ആര്യവർത്തങ്ങളും
ത്രേതായുഗത്തിലെ രാമരാജ്യങ്ങളും താണ്ടി
ദ്വാപരയുഗത്തിലെ ദ്വാരകയും
യുദ്ധഭൂവാകും കുരുക്ഷേത്രവും താണ്ടി
പേർത്തും ഗമിപ്പൂ പ്രചണ്ഡവാതങ്ങളാമശ്വങ്ങൾ
ഒരു ക്ഷണം പക്ഷേയറച്ചു നിന്നുവോ?
ജനസഹസ്രങ്ങളുടെ ശവപ്പറമ്പായ്
നാഗസാക്കിയും ഹിരോഷിമയുമെരിഞ്ഞമർന്നപ്പോൾ
പിന്നിട്ട ചക്രപ്പാടിൽ തകരാതിന്നും
സ്നേഹകാരുണ്യങ്ങൾ കൊളുത്തിയ ചിരാതുക്കൾ

കഥ



# എയ്ഡ്സ്

സേതു ലാൽ
രണ്ടാം വർഷ ബീകോം

ഡിസംബർ ഒന്ന് . ലോക എയ്ഡ്സ് ദിനം. എയ്ഡ്സ് സെല്ലിന്റെ 4-ാം നമ്പർ മുറിയിൽ ഒരു കോണിലായി അവൾ ഒരു മെഴുകുതിരി കത്തിച്ചു വെച്ചു. ജനലിൽക്കൂടി പുറത്തേയ്ക്ക് നോക്കുകയായിരുന്ന എന്റെ തോളിൽ കൈചുറ്റി കട്ടിലിലേക്ക് കൊണ്ടുവന്നിരുത്തി. ഒന്നു തിരിഞ്ഞ് ഞാൻ എന്റെ ഇടതുകൈ അവളുടെ തോളിൽ താങ്ങി. 'ഒരു പെണ്ണിന്റെ ചുമലിനു ഇത്രയും ശക്തി താങ്ങാൻ പറ്റുമോ? അബലയെന്നും ചബലയെന്നും താൻ കരുതിപ്പോന്നിരുന്ന സ്ത്രീ ചുമലുകൾ കരിമ്പാറകെട്ടുകൾക്ക്,.....?' എന്നെ നെഞ്ചോട് ചാരിയിരുത്തി കഞ്ഞി വിളമ്പിത്തന്നിരുന്ന അവൾ പറഞ്ഞത് എന്താണെന്ന് ഞാൻ ശ്രദ്ധിച്ചില്ല. പക്ഷെ 'നട്ടെല്ല് ' എന്ന് വിളിച്ചു കൂവിക്കൊണ്ടിരുന്ന സാധനം അവളുടെ ദേഹത്ത് ഒരു തൂവലിന്റെ ആഘാതം പോലും ഏൽപിക്കുന്നില്ല എന്നു മനസ്സിലായി. ഇത്രയും ശക്തി ഇവൾക്കോ? ഉണ്ടാകും, ഇതുപോലുള്ള ചെറുരൂപങ്ങളെ പത്തു മാസത്തോളം ചുമന്ന് നടക്കാമെങ്കിൽ..... ഈ ബലവും താങ്ങും. ഇതായിരുന്നില്ലേ താൻ ഇന്നുവരെ തേടിക്കൊണ്ടിരുന്നതും.



വായിൽ നിന്നും ഇറങ്ങിയ കഞ്ഞിയുടെ വെള്ളം അവൾ കൈകൊണ്ട് തുടച്ചെടുത്തു. വിയർപ്പിനെ ഒരിക്കലും പൂർണ്ണമായി ഒപ്പിയെടുക്കാൻ കഴിയാതിരുന്ന പട്ടുകൾക്കും വെൽവെറ്റിനും മീതേ അവളുടെ കൈകൾ, കവിളിൽ ചാലുകീറിയ വെള്ളം മുഴുവൻ വലിച്ചെടുത്തന്നോ? കഞ്ഞികുടി ദേഹത്തെ ചൂടാക്കി എന്നറിഞ്ഞപ്പോൾ കണ്ണീർ ഇറ്റുവീഴുന്ന ഒരു

സുന്ദരിയുടെ മുഖച്ചിത്രമുള്ള ഏതോ വീക്കിലിയെടുത്തു അവൾ എന്നെ വീശാൻ തുടങ്ങി. രാജ്യത്തെ മുഴുവൻ ഹോട്ടലുകളും മാറി മാറി പരീക്ഷിച്ചതു ഈ ഒരു തണുപ്പിന്റെ സുഖം കിട്ടാനായിരുന്നില്ലേ?

തല മടിയിലേയ്ക്കെടുത്തുവച്ച് അവൾ മുടിയിഴകളിലൂടെ വിരലോടിച്ചു. ഹോട്ടൽശിവാ ഇന്റർനാഷണലിന്റെ 4-ാം നമ്പർ മുറിയിൽ വന്നുപോയ ഒരു രൂപത്തിനും താൻ ആഗ്രഹിച്ചിരുന്ന ഈ ചൂട് തരാൻ കഴിഞ്ഞിട്ടില്ലല്ലോ. അവയെക്കെല്ലാം ജഡത്തേക്കാൾ മരവിപ്പായിരുന്നു.

ഒന്നു കുനിഞ്ഞ് തന്റെ കാലിൽ പറ്റിയിരുന്ന ഒന്നു രണ്ടു വറ്റ് ചോറ് തട്ടിക്കളഞ്ഞപ്പോൾ അവളുടെ മാറിൽ എന്റെ മുഖമൊളിച്ചു. നിർവികാരതയുടെ പരമകോടിയിലായിരുന്നിട്ടുപോലും അവയ്ക്ക് അനിർവചനീയമായ ഒരനുഭൂതി ഉണർത്താൻ കഴിഞ്ഞു. അവളുടെ കണ്ണിൽ നിന്നും ഇറ്റു വീണ കണ്ണുനീർ കവിളത്ത് പതിച്ചപ്പോൾ, കണ്ണുനീരിനെ ചുടുനീർകണം എന്നു കവികൾ വിശേഷിപ്പിച്ചതു ശുദ്ധ അസംബന്ധമായി തോന്നി. അസ്ഥികൾ വരെ മരവിപ്പിക്കുന്ന ഒരു തണുപ്പായിരുന്നു അപ്പോഴുണ്ടായത്. വായിലേക്ക് കിനിഞ്ഞിറങ്ങിയ കണ്ണുനീരിന്റെ സ്വാദും ഒരേമ്പക്കത്തിലൂടെ തികട്ടിവന്ന കഞ്ഞിയുടെ സ്വാദും ഒന്നു തന്നെയോ?

മായം ചേർന്ന മെഴുകുതിരി ആയതുകൊണ്ടാവാം അത് അധികനേരം കത്തിനിന്നില്ല. കാറ്റില്ലാതിരുന്നിട്ടു കൂടി ആരുടെയൊക്കെയോ ശല്യപ്പെടുത്തലുകളിൽ നിന്നു രക്ഷപെടാനെന്ന പോലെ അങ്ങോട്ടുമിങ്ങോട്ടും ഒന്നാടിയതിനു ശേഷം പതുക്കെ അണഞ്ഞു. ●

*മനുഷ്യൻ നിർമ്മിച്ചിട്ടുള്ളതിലേക്കും*
*ഏറ്റവും ജനാധിപത്യവിരുദ്ധവും*
*ദേശവിരുദ്ധവും മനുഷ്യവിരുദ്ധവുമായ*
*കറകളഞ്ഞ തിന്മയാണ് അണുബോംബ്.*
*നിങ്ങൾ മതവിശ്വാസി ആണെങ്കിൽ*
*ഈ ബോംബ് ദൈവത്തോടുള്ള*
*മനുഷ്യന്റെ വെല്ലുവിളിയാണെന്ന് ഓർക്കുക*
*ലളിതമാണ് ആ വെല്ലുവിളികൾ*
*നീ സൃഷ്ടിച്ചതെല്ലാം നശിപ്പിക്കാനുള്ള*
*ശക്തി ഞങ്ങൾക്കുണ്ട്*
*ഇനി നിങ്ങൾ മതവിശ്വാസി അല്ലെങ്കിൽ*
*ഇക്കാര്യം ഇങ്ങനെ കാണുക*
*നമ്മുടെ ഈ ലോകത്തിന്*
*നാനൂറ്റി അറുപത് കോടി വർഷം പഴക്കമുണ്ട്*
*അതൊരു സന്ധ്യയ്ക്ക് അവസാനിച്ചേക്കാം*

*- അരുന്ധതി റോയ് -*

കഥ

# പരേതന്റെ തേങ്ങലുകൾ

അമൽ ദേവ്. ജി
രണ്ടാം വർഷ ബീകോം

വേനൽപ്പകലുകളിൽ പാറിയെത്തുന്ന വർണ്ണപ്പകിട്ടാർന്ന ശലഭങ്ങളെപ്പോലെയാണ് മരണം. എപ്പോഴാണ് വരിക, എപ്പോഴാണ് നമ്മെ കൂട്ടിക്കൊണ്ടുപോകുക എന്നൊന്നും യാതൊരുറപ്പും ഇല്ല. പക്ഷെ സുന്ദരമായ ജീവിതം സ്വയം ഒടുക്കുകയാണ് ഞാൻ ചെയ്ത തെറ്റ്. ഏതു നശിച്ച നിമിഷത്തിലാണ് എനിക്ക് ആത്മഹത്യ ചെയ്യുവാൻ തോന്നിയത്? എല്ലാറ്റിനുമൊരറുതി, അന്ന് അത്രേ ചിന്തിച്ചുള്ളൂ. ഇനി ജീവതത്തിലേക്കൊരു തിരിച്ചുപോക്ക്, അതസാധ്യമാണ്. മനസ്സിന്റെ മണിച്ചെപ്പിൽ ഒരു നിധി പോലെ കാത്തുസൂക്ഷിച്ച സിന്ദൂരമത്രയുമാണ് എന്റെയീ നശിച്ച ആത്മഹത്യ കാറ്റിൽ പറത്തിയിരിക്കുന്നത്.

കഷ്ടമായിപ്പോയി! ഞാനിങ്ങനെ ചെയ്യരുതായിരുന്നു. എന്തുമാത്രം സുഹൃത്തുക്കളുണ്ടായിരുന്നു. എല്ലാ ബന്ധങ്ങളും ഇല്ലാതായിരിക്കുന്നു. എല്ലാവരെയും കാണാൻ കഴിയുന്നുണ്ട്. എങ്കിലും, ചിരിക്കാനും പറയാനും എനിക്ക് ആരുമില്ല. പകൽ നേരെ ചൊവ്വേ നടക്കാൻ പറ്റാതായിരിക്കുന്നു. ശരീരമില്ലാത്തതുകൊണ്ട് വലിയ വിശപ്പില്ല. ഗതിയില്ലാപ്രേതമായി അലയുന്നതിനാൽ ക്ഷീണം ധാരാളമുണ്ടുതാനും.

പോത്തിനെ വാഹനമാക്കി കർത്തവ്യ ബോധത്തോടെ റിക്രൂട്ട് ചെയ്ത ലിസ്റ്റുമായി കാലൻ ആളുകളെ തിരഞ്ഞ് നടക്കുകയാണ്.

"ഹലോ മിസ്റ്റർ കാലൻ " ഞാൻ കാലനെ വിളിച്ചു. "നിങ്ങളുടെ ലിസ്റ്റിൽ എന്റെ പേരുണ്ടോ? ഒന്നു നോക്കിയേ? "

ലേശം ഗൗരവത്തിൽ എന്റെ പേരും അഡ്രസ്സും ചോദിച്ച കാലൻ ലോട്ടറി ടിക്കറ്റ് പരിശോധിക്കുന്ന കണക്കേ തന്റെ കൈയ്യിലിരുന്ന നീണ്ട രണ്ടു ലിസ്റ്റുകൾ പരിശോധിക്കുന്നു. പരിശോധനയ്ക്ക് ശേഷം "നിനക്ക് ഭാഗ്യമില്ല. ഇതിൽ രണ്ടിലും നിന്റെ പേരില്ല. ഒരുകണക്കിന് നിന്നെപ്പോലുള്ളവർ എന്റെ ജോലി എളുപ്പമാക്കുകയാണ്. എന്തെല്ലാം അടവുകൾ പ്രയോഗിക്കണം ഓരോന്നിന്റെ ശരീരം ഉപേക്ഷിപ്പിക്കുവാൻ. എങ്കിലും എന്റെ ജോലിയിൽ കൈകടത്തുന്നവരെ എനിക്കിഷ്ടമല്ല." എന്നു പറഞ്ഞു കാലൻ പോകാനൊരുങ്ങി. (ലിസ്റ്റിൽ പേരില്ലാത്തതിനാൽ എനിക്ക് പരിഗണനയുമില്ല).

"മിസ്റ്റർ കാലൻ നിങ്ങൾക്കെങ്ങനെ തോന്നുന്നു. എന്നെയിങ്ങനെ പെരുവഴിയിലാക്കിയിട്ട് പോകുവാൻ? "

കാലൻ : "നിന്റെ ആയുസ്സ് തീരുന്നതുവരെ നിനക്ക് സുഖമായി കഴിയാമായിരുന്നല്ലോ? ഞാൻ പറഞ്ഞില്ലല്ലോ ജീവനൊടുക്കാൻ? ഇനിയിപ്പോൾ പെരുവഴിയിൽ തന്നെ കിടന്നോ. നിന്നെയൊക്കെ അറിയുന്നതിപ്പേരിലാ...... അനാഥപ്രേതം."

ലേശം അകലെ ഒരു മരച്ചുവട്ടിലിരിക്കുന്ന വൃദ്ധനെ നോക്കിക്കൊണ്ട് കാലൻ പറഞ്ഞു. "ദേ നീ അയാളുടെ അടുത്തേക്ക് ചെല്ലൂ. അയാളും ഈ ലിസ്റ്റിൽ ഇല്ലാത്തതാണ്. നിനക്കൊരു കൂട്ടാകും."

കൂട്ടിനാരുമില്ലാതെ വിഷമിക്കുന്ന ഞാൻ വൃദ്ധന്റെയടുത്തേക്ക് ചെന്നു. "എന്താ അപ്പൂപ്പാ പ്രശ്നം? എന്തിനാ കരയുന്നത്. "

വൃദ്ധൻ മുഖമുയർത്തി എന്നെ നോക്കി. "മോനാരാ, .....? "

"ഞാനും അപ്പൂപ്പനെപ്പോലെ......."

വൃദ്ധൻ അതിശയപ്പെട്ടു. "അശ്ശോ! മോൻ ചെറുപ്പമല്ലേ? മോനെന്തിനാ ഇങ്ങനെ ചെയ്തത്."



"അത് അപ്പൂപ്പാ......... അപ്പൂപ്പനെത്ര വയസ്സുണ്ട്. എന്റെയറിവിൽ വയസ്സൻമാരാത്മഹത്യ ചെയ്യുന്നത് ഞാനാദ്യം കേൾക്കുകയാ."

വൃദ്ധൻ നെടുവീർപ്പിട്ടു. "ഞാൻ ഒരു നൂറ്റാണ്ട് ജീവിച്ചു മോനെ."

"ശ്ശോ! വലിയ കഷ്ടമായിപ്പോയി. അപ്പൂപ്പനവിടെ കഴിഞ്ഞിരുന്നെങ്കിൽ ഏറ്റവും കൂടുതൽ വയസ്സുള്ളയാൾ എന്ന റിക്കാർഡ് നേടാമായിരുന്നു. ഇതുചുമ്മാ ഗൾഫിൽ പോകുന്നതിന് ബോംബയിൽ ചെന്നു കിടക്കുന്നതുകണക്കേ........ എനിക്കാകെ ബോറടിച്ചപ്പൂപ്പാ........"

വൃദ്ധനും തലകുലുക്കി. "എനിക്കുമതേ മോനേ.....

വലച്ചിലുള്ള കാര്യമാണെന്ന് നേരത്തേ ആരെങ്കിലും പറഞ്ഞിരുന്നെങ്കിൽ ഇങ്ങനെ വല്ലതും ചെയ്യുമായിരുന്നോ?അല്ല. ഇതാ നമ്മുടെയൊക്കെ വിധി. ദേ എന്റെ കിളവീടെ കാര്യം നോക്കിയേ. ഞാൻ ആത്മഹത്യ ചെയതപ്പോൾ എന്നെയും കൂടി കൊണ്ടു പോകൂ...... എന്നോടിതു വേണ്ടായിരുന്നു........ എന്നൊക്കെപ്പറഞ്ഞ് അലമുറയിട്ട് കരഞ്ഞവള് ദേ..... അവളിപ്പോൾ ഒരു ദുഃഖവുമില്ലാതെ കൊച്ചുമക്കളുമായിട്ടിരിക്കുന്നത് കാണുമ്പോഴാ മോനെ എനിക്ക് വിഷമം വരുന്നത്. നമുക്കൊക്കെ അവരെ സ്പർശിക്കാനുള്ള കഴി വില്ലാതായിപ്പോയി. അല്ലേ അവളെ ഇങ്ങു കൊണ്ടുവന്നേനെ. എത്ര പ്രാവശ്യം അവളുടെ കഴുത്തു ഞെരിച്ച് കൊല്ലാൻ നോക്കിയതാ. പക്ഷെ നടക്കേണ്ടേ." വൃദ്ധന്റെ ശബ്ദം നിരാശയുള്ളതായി.

"ഓ ഇനിയിപ്പം ഇങ്ങനൊയൊക്കെ കഴിയാം." ഞങ്ങൾ രണ്ടുപേരും സമാ ധാനിക്കുന്നു.

കാലങ്ങൾ കടന്നുപോയി. വൃദ്ധന്റെ ഊഴമെത്തി. വല്യപ്പനെ കൊണ്ടു പോകാൻ തയ്യാറായി കാലൻ എത്തിക്കഴിഞ്ഞു. വീണ്ടും ഞാൻ തനിച്ചായി രിക്കുന്നു.താമസിയാതെ നിന്റെ അഡ്മിഷൻ ശരിയാക്കി ഞാൻ എത്താം എന്ന കാലന്റെ വാക്കുകൾ മാത്രമാണ് എനിക്കല്പം ആശ്വാസം നല്കിയത്. ഏകാന്തതയുടെ അസ്വസ്ഥത ഞാൻ അനുഭവിച്ചു.

സുഹൃത്തിനെത്തേടിയുള്ള എന്റെ അലച്ചിൽ ആരാലോ കൊല്ലപ്പെട്ട ഒരു പെൺകുട്ടിയിൽ എത്തപ്പെട്ടു. എന്റെ നശിച്ച ആത്മഹത്യയിൽ വീണു കിട്ടിയ ഒരു സുന്ദര നിമിഷമായി ഞാനതിനെ കണ്ടു.ബന്ധുക്കളെ വിട്ടുപിരിയാൻ തീരെ താത്പര്യമില്ലാത്ത അവൾ പല പ്രാവശ്യം ചേതനയറ്റ തന്റെ ശരീര ത്തിൽ കയറിക്കൂടാൻ ശ്രമിച്ചെങ്കിലും. പരാജയപ്പെട്ടതേയുള്ളൂ. ഡെഡ്ബോ ഡിയുടെ കൂടെ കരഞ്ഞു കൊണ്ട് വീട്ടിലേക്ക് പോകുന്ന അവളുടെ പിന്നാലേ ഞാനും കൂടി. അപ്പോഴാണ് എന്റെ യാത്രയെ തടസ്സപ്പെടുത്തിക്കൊണ്ടുള്ള കാലന്റെ വരവ്.

പെൺകുട്ടിയെക്കുറിച്ചുള്ള ഓർമ്മ കാലന്റെ കൂടെ പോകുന്നതിൽ നിന്നും എന്നെ വിസമ്മതിപ്പിച്ചു. കുറഞ്ഞത് ഒരാഴ്ചയെങ്കിലും ഞാനിവിടെ കറങ്ങി നടന്നോട്ടെ എന്ന് കേണപേക്ഷിച്ചു.

"സാദ്ധ്യമല്ല. നിന്നെക്കൊണ്ടുപോകുവാൻ വേണ്ടി വേറൊരുത്തന്റെ ആയുസ്സ് നീട്ടിക്കൊടുത്തതാ. അവനു പകരമാ നിന്നെ കൊണ്ടു പോകുന്ന ത്." എന്നു പറഞ്ഞ് കാലൻ കോപാഗ്നിയിൽ ജ്വലിച്ചു.

തികച്ചും പരാജയമായ ആത്മഹത്യയിലൂടെ മനസ്സില്ലാമനസ്സോടെ ഞാനും യമലോകത്തേക്ക് യാത്രയായി.

കവിത



# കലാലയരാഷ്ട്രീയം

ശാലിനി. എസ്
മൂന്നാം വർഷ ബികോം

അന്നു കലാലയ ജീവിതവീഥിയിലാരോ തൂകിയ നന്മകൾ
ഇന്നോ...... കലാലയ വൃക്ഷത്തിൻ താഴെ......
രാഷ്ട്രീയ സ്നേഹത്താൽ ജ്വലിക്കുന്നോർ
രക്തസാക്ഷിയായ് മാറുന്നോർ
രാഷ്ട്രീയ വാക്യങ്ങളുറക്കെപ്പറഞ്ഞു-
കൊണ്ടാദർശങ്ങുളയർത്തിപ്പിടിച്ചോർ
ഒന്നുമല്ലാതെ, ഒന്നുമാവാതെ ഒരു ക്രൂരമൃത്യു
ഓർത്തുപോകുന്നീ നിസംഗയാം യാത്ര
ഇനിയും എവിടേക്ക് തുടരുന്നു
മക്കളെ സ്നേഹിച്ചു സ്ഥാനങ്ങളേൽപ്പിച്ച
മാതാപിതാക്കളെത്തുന്നു വൃദ്ധസദനത്തിലും
ദയാവധത്തിനർഹരല്ലാത്തോർ
നമുക്കവർ നല്കിയ സ്നേഹം
തിരിച്ചിനിയവർക്കാരു നൽകും
മാതാപിതാക്കൾതൻ ദുഃഖമറിയാത്തോർ
അവരോർക്കുന്നുവോ രക്തസാക്ഷിതൻ മുഖം?
അവരറിയുന്നില്ലീ ചോരത്തിളപ്പിൻ നഷ്ടം
അവരറിയുന്നില്ലീ അമ്മമാരുടെ ദുഃഖം.



*ഏൽക്കുന്ന മുറിവുകൾ മണലിൽ എഴുതൂ*
*ലഭിക്കുന്ന ദയാവായ്പ് പാറയിലും*
*-ഫ്രഞ്ച് പഴമൊഴി*

കഥ



# മരവിച്ച നിമിഷം

പ്രീതി. ജെ

ഒന്നാം വർഷ ബീകോം

അന്നു ഞാൻ 9-ാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. സ്കൂളിൽ നിന്നും രണ്ട്മൂന്നു കിലോമീറ്റർ അകലെയുള്ള ഒരു കൊച്ചു ഗ്രാമത്തിലായിരുന്നു എന്റെ വീട്. വീട്ടിൽ അമ്മയും അനുജത്തിയും ഞാനും മാത്രം. അച്ഛൻ ഞങ്ങളുടെ കുട്ടിക്കാലത്തുതന്നെ മരിച്ചു. അച്ഛനെക്കുറിച്ച് അമ്മപറഞ്ഞിട്ടുള്ള ഓർമ്മകളേയുള്ളൂ. അമ്മ എപ്പോഴും പറയുമായിരുന്നു ഉണ്ണിയ്ക്ക് അച്ഛന്റെ മുഖഛായയാണെന്ന്.

അതിരാവിലെ അമ്മ വിളിച്ചുണർത്തും. വിളക്കുകൊളുത്തി ഞാൻ അതിനുമുന്നിലിരുന്ന് കുറച്ചു നേരം പഠിക്കും. ഇടയ്ക്കിടെ ഉറങ്ങുന്നുണ്ടോ എന്നു അമ്മവന്നുനോക്കും. എത്ര ഉറങ്ങിയാലും മതിവരാത്ത വൃശ്ചികക്കാറ്റുള്ള പുലർക്കാലങ്ങളിലും ഞാനിരുന്നു പഠിക്കും . ശങ്കുണ്ണി മാഷെ ഓർക്കുമ്പോൾ പഠിക്കാതിരിക്കാൻ കഴിയുകയില്ല. കൊമ്പൻ മീശയും, തടിച്ച ശരീരവും നല്ല ഉയരവും കയ്യിലൊരു ചൂരൽ വടിയുമായി വരുന്ന ശങ്കുണ്ണി മാഷെ കണ്ടാൽ സ്കൂളിലെ കുട്ടികൾ പേടിച്ചു പോകുമായിരുന്നു.

ശങ്കുണ്ണി മാഷ് ക്ലാസ്സിൽ വന്നാലുടൻ തന്നെ എല്ലാവരെയും ഒന്ന് കണ്ണുരുട്ടിനോക്കും പിന്നെ ചൂരൽ വടികൊണ്ട് ഒന്നു രണ്ടു തവണ മേശമേൽ അടിച്ചു ശബ്ദമുണ്ടാക്കും. ക്ലാസ്സിന്റെ വലത്തെ അറ്റത്താണ് പെൺകുട്ടികൾ ഇരിക്കുന്നത്. മിക്കവാറും അവിടെ നിന്നാണ് ചോദ്യം ചോദിച്ച് തുടങ്ങുക അശ്വതിയുടെ അടുത്തായിരിക്കും ആദ്യത്തെ ചോദ്യം. ആ കുട്ടി നല്ലതു പോലെ പഠിക്കും. അവളെ എല്ലാവർക്കും ഇഷ്ടമാണ്.

തൊട്ടടുത്തിരിക്കുന്നത് വർഷയാണ്. അവൾ പഠിത്തത്തിൽ അത്രമെച്ചെമൊന്നുമല്ല. ആ കുട്ടിയെ എനിക്ക് വളരെ ഇഷ്ടമായിരുന്നു. കാണാൻ അതിമനോഹരിയായിരുന്നു അവൾ. പക്ഷ ഞാൻ ആ കുട്ടിയെ ഇഷ്ടപ്പെട്ടിരുന്നുവെന്ന് അവൾക്ക് അറിഞ്ഞുകൂടായിരുന്നു.

അശ്വതിയോടുള്ള ചോദ്യത്തിന് അവൾ നല്ലതുപോലെ ഉത്തരം നൽകി. അടുത്ത ചോദ്യം ചോദിച്ച് ചുരൽ വടി കയ്യിലെടുത്ത് മാഷ് കസേരയിൽ ഇരുന്നു. വർഷയുടെ ചുണ്ടുകൾ വിറയ്ക്കുന്നതല്ലാതെ വാക്കുകളൊന്നും പുറത്തു വന്നില്ല. എല്ലാവരും അവളെത്തന്നെ നോക്കിയിരിക്കുകയായിരുന്നു. എന്റെ ഈശ്വരാ ഈ കുട്ടിയെന്തേ ഉത്തരം പറയാതിരിക്കാൻ? അവൾക്കി



റങ്ങി വീട്ടിലേക്ക് ഓടിപോയാലെന്താ? എന്ന് എന്റെ മനസ്സ് മന്ത്രിക്കുകയാണ്, ശങ്കുണ്ണിമാഷ് കസേരയിൽ നിന്ന് എഴുന്നേറ്റു. വർഷ നിന്ന് വിറയ്ക്കുകയാണ്. എന്റെ പല്ലുകൾ ഞെരിയുകയാണ്. കൊമ്പൻ മീശക്കാരൻ ആ ദുഷ്ടൻ വർഷയുടെ കരം വലിച്ചു നീട്ടി ചൂരൽ വടി ഉയർത്തി. ഞാൻ കണ്ണുകൾ ഇറുകെ അടച്ചു. മരവിച്ച രണ്ട് നിമിഷങ്ങൾ ടപ്പ്.......... ടപ്പ്....... ടപ്പ്. വർഷയുടെ കൈ ചെമന്നു തുടുത്തുവന്നു. എന്റെ കൈ വേദനിക്കുന്നതു പോലെ തോന്നി. അവളെ ഒന്ന് സാമാധാനിപ്പിക്കണമെന്നുണ്ടായിരുന്നു. അവളോട് ഞാൻ സംസാരിച്ചിട്ടില്ല. ആ കുട്ടിയ്ക്ക് എന്നെ അറിയുമോ ആവോ?

ഞാൻ 9-ാം ക്ലാസ്സിൽ ചേർന്നു രണ്ട് മൂന്നാഴ്ച കഴിഞ്ഞപ്പോഴാണ്. അപ്പുവിനെ പരിചയപ്പെട്ടത്. പാവം പയ്യൻ ആരോടും അധികം ഒന്നും സംസാരിക്കാറില്ല. കീറിയഷർട്ടും ഒരു കൊച്ചു നിക്കറുമാണ് അവന്റെ വേഷം. എപ്പോഴും അവൻ ബെല്ലടിക്കാറാവുമ്പോൾ മാത്രമാണ് ക്ലാസ്സിൽ വരിക. പഠിക്കാൻ അത്ര തരക്കേടില്ലാത്ത കുട്ടിയാണ് അപ്പു.

അന്നു ഞാൻ നേരത്തേ സ്കൂളിൽ എത്തി. ആദ്യ പീരിയേഡ് ശങ്കുണ്ണി മാഷിന്റേതാണ് ഞാനൊന്നും പഠിച്ചിട്ടില്ല. അടി ഓർത്തപ്പോൾ കരയണം എന്നു തോന്നി. എന്നെ അടിച്ചു പൊട്ടിക്കുമ്പോൾ വർഷാ...... നീയും കരയുമോ? ഇല്ല അവൾക്കെന്നെ അറിയില്ല.

ശങ്കുണ്ണിമാഷ് വരികയാണ് കയ്യിൽ ചൂരൽ വടിയുമായി സാധാരണ ബെല്ലടിക്കുന്നതിനു കുറച്ച് മുമ്പ് തന്നെ അപ്പു ക്ലാസ്സിൽ എത്താറുണ്ട്. ഇന്ന് കാണുന്നതുമില്ല. ഇനിവരാതിരിക്കുന്നതാണ് നല്ലത്. ക്ലാസ്സ് തുടങ്ങി ക്ലാസ്സിൽ വരുന്നവർക്കു നേരെ ശങ്കുണ്ണിമാഷ് ചൂരൽ വടി പ്രയോഗിക്കാറുണ്ട്. ശങ്കുണ്ണി മാഷ് ക്ലാസ്സിൽ കയറികഴിഞ്ഞു. മാഷ് പതിവുപോലെ എല്ലാവരെയും നോക്കി എങ്ങും മരവിച്ച നിശബ്ദത മാത്രം.

സാർ....സാർ രണ്ട് അക്ഷരങ്ങൾ മാത്രം മുഴങ്ങി കേട്ടു. എല്ലാവരും അങ്ങോട്ടു നോക്കി, അപ്പുവാണ്. ശങ്കുണ്ണി മാഷ് ചൂരൽ വടിയുമായി കസേരയിൽ നിന്നും എഴുന്നേറ്റ് അപ്പുവിനു നേരെ തിരിഞ്ഞു. എവിടാരുന്നെടാ ഇതുവരെ ? ഞാനിവിടെ വന്നിട്ട് എത്ര നേരമായെന്നറിയോ? ഒരു നോട്ടു ബുക്കും കൊണ്ടാണാടാ വരുന്നത്. മലയാളം ടെക്സ്റ്റ് ബുക്കെവിടെ ? അവൻ ഇല്ല എന്നർത്ഥത്തിൽ തലയാട്ടി എല്ലാവരും നോക്കിയിരിക്കെ മാഷ് അവനെ കയ്യിൽ പിടിച്ചുവലിച്ച് ക്ലാസ്സിനകത്തേക്കിട്ടു. അവന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. ചോദിച്ചതു കേട്ടില്ലേ. ശങ്കുണ്ണി മാഷ് വടിയുയർത്തി. മരവിച്ച രണ്ടു നിമിഷങ്ങൾ. ടപ്പ്.......... ടപ്പ്....... ടപ്പ്. അപ്പു അറിയാതെ നിക്കറിൽ മൂത്രം ഒഴിച്ചു പോയി. ആരും ചിരിച്ചില്ല. കയ്യിൽ കിട്ടിയാൽ ശങ്കുണ്ണിമാഷെ കടിച്ചു കീറാനുള്ള ദേഷ്യമാണ് എല്ലാവർക്കും പോയി കഴുകിവൃത്തിയായിട്ടുവാടാ, അവൻ പതുക്കെ പതുക്കെ പുറത്തേക്ക് പോയി.

അന്ന് പതിവില്ലാതെ മാഷ് കുറേ നേരം കസേരയിൽ വന്നിരുന്നു. പിന്നെ ആരോടെന്നില്ലാതെ ചോദിച്ചു. ആ പയ്യൻ എവിടെന്ന് വരുന്നതാ? അപ്പുവിന്റെ വീടിന്റെ അടുത്തുനിന്നു വരുന്ന ഒരു കുട്ടി വിറച്ച് എന്തോ പറഞ്ഞു. മാഷ് അവനെ അടുത്തുവിളിച്ചു അപ്പുവിനെക്കുറിച്ചു ചോദിച്ചു.

അച്ഛനും അമ്മയും ഇല്ലാത്ത കുട്ടിയാണ്. ഒരു ചേട്ടൻ മാത്രമാണ് അവനുള്ളത്. മീൻകച്ചവടമാണ് അയാളുടെ ജോലി. ചിലപ്പോഴൊക്കെ അപ്പുവും സാഹായിക്കാറുണ്ട്. ഇപ്പോൾ അവന്റെ ചേട്ടൻ സുഖമില്ലാതെ കിടപ്പിലാണ്. അടുത്തുള്ള വീട്ടിൽ നിന്ന് രണ്ടു രൂപാ കടം വാങ്ങി വൈകുന്നേരം കൊടുക്കാമെന്നുള്ള വ്യവസ്ഥയിൽ ചേട്ടന് രാവിലെ കാപ്പി വാങ്ങിക്കൊടുത്തു. അപ്പു സ്കൂളിൽ നിന്നു വന്നപ്പോൾ അല്പം വൈകിപ്പോയി. അപ്പുവിന്റെ കഥ ശങ്കുണ്ണിമാഷ് കേട്ടു. ഞങ്ങളും കേട്ടു. അടുത്ത ദിവസം അവൻ ക്ലാസ്സിൽ വന്നില്ല. ശങ്കുണ്ണിമാഷ് കണ്ണുകൾ തുടയ്ക്കുന്നത് കണ്ടു എന്ന് ആരോ പറയുന്നത് കേട്ടു. പിറ്റേന്ന് ഞങ്ങൾക്ക് സ്കൂൾ അവധിയായിരുന്നു.

അപ്പു മരിച്ചു....

തലേദിവസം രാത്രി അപ്പു ഒറ്റയ്ക്ക് മീൻപിടിക്കാൻ പോയത്രേ. കടം വാങ്ങിയ രണ്ടുരൂപ തിരിച്ചുകൊടുക്കാൻ വേണ്ടി. വള്ളം മുങ്ങിയാണ് മരിച്ചത്. സ്കൂളിൽ നിന്ന് കുട്ടികളും അദ്ധ്യാപകരും എല്ലാം അവന്റെ വീട്ടിലേക്ക് തിരിച്ചു. ശങ്കുണ്ണിമാഷ് ഒരു കെട്ട് പുസ്തകങ്ങളുമായി സ്കൂൾ വരാന്തയിൽ കാൽ വഴുതി വീണു. ശങ്കുണ്ണി മാഷിനു ചുറ്റും ഒൻപതാം ക്ലാസ്സിലെ പുസ്തകങ്ങൾ, പേരെഴുതിയ പുസ്തകങ്ങൾ, എന്റെ അപ്പുവിന് പഠിക്കാനുള്ള പുസ്തകങ്ങൾ. ശങ്കുണ്ണിമാഷ് സ്ഥിരം കൊണ്ടുനടക്കാറുള്ള ചൂരൽ വടിമാത്രം അവിടെ എങ്ങും കാണാനില്ല. വളരെ വേഗത്തിൽ ഞാൻ ക്ലാസ് മുറിയിലേക്കോടി. ക്ലാസ്സിന്റെ മൂലയിൽ ഒടിഞ്ഞു കിടക്കുന്ന ഒരു ബെഞ്ചിന്റെ കാലെടുത്ത് ശങ്കുണ്ണിമാഷ് ഇരിക്കുന്ന കസേരയിൽ മൂന്നു പ്രാവശ്യം ആഞ്ഞടിച്ചു.

ലേഖനം



# സ്വാതന്ത്ര്യത്തിന്റെ 53-ാം വാർഷികം

റ്റിജോ.റ്റി.അലക്സ്
ഒന്നാം വർഷ ബീകോം

ശക്തി സ്വരൂപിണിയും സർവ്വൈശ്വര്യ പ്രദായിനിയുമായ ഭാരതാംബയുടെ കൈകളിൽ ആംഗലേയ സാമ്രാജ്യം അണിയിച്ച അടിമത്വത്തിന്റെ കൂച്ചുവിലങ്ങുകൾ അറുത്തെറിഞ്ഞതിന്റെ അമ്പത്തിമൂന്നാം വാർഷികം നാം ആഘോഷിച്ചു കഴിഞ്ഞുവല്ലോ. ഈ സ്വാതന്ത്ര്യം അനേകായിരങ്ങൾ ജീവൻ ബലി നൽകി നേടിത്തന്നതാണ്. സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടി ജീവൻ ബലികഴിച്ച രക്തസാക്ഷികൾക്ക് മുന്നിൽ അർച്ചനപ്പൂക്കൾ അർപ്പിക്കുന്നതിനോടൊപ്പം ധീരരായ ഇവർ നമുക്ക് നേടിത്തന്ന ഈ സ്വാതന്ത്ര്യം അതേ പടി കാത്തുസൂക്ഷിക്കാൻ നമുക്ക് കഴിയുന്നുണ്ടോ എന്ന് ചിന്തിക്കേണ്ട സമയവുമായിരിക്കുന്നു.

ഭാരതമാതാവിന്റെ മോചനത്തിനു വേണ്ടി പോരാടുവാൻ നമ്മുടെ പൂർവ്വികർക്ക് നേതൃത്വം നൽകാൻ കഴിവുറ്റ ഒരു നേതൃനിര തന്നെയുണ്ടായിരുന്നു. ജനങ്ങളുടെ അലസഭാവത്തെ തൂത്തെറിഞ്ഞ് അവരെ ഊർജ്ജസ്വലനാക്കിയ സ്വാമി വിവേകാനന്ദനും ദുഷിച്ച അന്ധവിശ്വാസങ്ങൾ കടപുഴക്കിയ രാജാറാം മോഹൻ റായിയുമെല്ലാം കഴിവുറ്റവർ തന്നെയായിരുന്നു. ഇവർക്ക് ശേഷം അഹിംസയും സത്യസന്ധതയും ആയുധമാക്കി മഹാത്മാഗാന്ധിയും എത്തിയതോടെ നമ്മുടെ സ്വാതന്ത്ര്യത്തിന് പുതിയ രൂപവും ഭാവവും കൈവന്നു.

ഭാരതത്തിന്റെ മക്കളാണ് നാം എന്ന് ഉറച്ച് വിശ്വസിച്ചിരുന്ന ജനങ്ങളിൽ വർഗ്ഗീയതയുടെ വിഷം കുത്തിവെച്ച് അവരെ ഭിന്നിപ്പിക്കാനുള്ള ബ്രിട്ടീഷ് ഗവൺമെന്റിന്റെ ശ്രമം ഒടുവിൽ വിജയിക്കുക തന്നെ ചെയ്തു. മൗണ്ട്ബാറ്റന്റെ കത്രിക ഭാരതത്തിനു മുകളിൽ പതിച്ചപ്പോൾ തേങ്ങിയത് കോടാനുകോടി ദേശസ്നേഹികളുടെ ഉള്ളമായിരുന്നു.

1947 ആഗസ്റ്റ് 15ന് പേറ്റുനോവിന്റെ വേദനയുമായി ഭാരതം സ്വതന്ത്രയായി സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദത്തിമിർപ്പുകൾ അലയടിക്കുമ്പോൾ താൻ പ്രതീക്ഷിച്ച സ്വാതന്ത്ര്യം അല്ല ഭാരതത്തിന് ലഭിച്ചത് എന്ന് മനസ്സിലാക്കിയ ഗാന്ധിജി ആഘോഷങ്ങളിൽ നിന്നും വിട്ടു നിന്നു. ആ ധീര-സാധു മനുഷ്യന്റെ ഉള്ള് ആദ്യമായി തേങ്ങിയിട്ടുണ്ടാവും.

സ്വാതന്ത്ര്യത്തിനു ശേഷം അൻപത്തിമൂന്ന് വർഷങ്ങൾ പൂർത്തിയായിരിക്കുന്നു. സ്വതന്ത്ര ഇൻഡ്യ ഈ വർഷങ്ങൾ കൊണ്ട് പലതും കൈവരിച്ചു. പക്ഷെ അതിനെയെല്ലാം മറയ്ക്കുന്നവിധത്തിൽ കോട്ടങ്ങളും നമുക്ക് ഏറെയാണ്. ഒരു കാലത്ത് ഉത്തമ സംസ്കാരത്തിന്റെ കേദാരമായിരുന്ന ഭാരതം ഇന്ന് എവിടെ എത്തിനിൽക്കുന്നു? സീതയുടെയും ഗാന്ധാരിയുടെയും ചാരിത്ര്യ ശുദ്ധിയുടെ ഉജ്ജ്വലമാതൃകകൾ പ്രദർശിപ്പിച്ച നമ്മുടെ നാട്ടിൽ പെൺവാണിഭ സംസ്കാരം വളർന്നുവരുന്നു.

ഒരു രാജ്യത്തിന്റെ നട്ടെല്ലാണ് അവിടുത്തെ വിദ്യാർത്ഥികളും വിദ്യാഭ്യാസമേഖലയും. ദേശീയബോധം സ്ഫുരിക്കുന്ന ഒരു തലമുറയുടെ ഉദയം എങ്ങനെയും തടയുക എന്നതാണ് ഇന്നത്തെ വിദ്യാഭ്യാസ രീതിയുടെ സർവ്വ പ്രധാനമായ ലക്ഷ്യം. ശൂന്യതയിൽ നിന്ന് സാമ്രാജ്യം പടുത്തുയർത്തിയ ശിവജിയും അയിത്തോച്ചാടനത്തിന്റെ പ്രണവമുണർത്തിയ ശ്രീ നാരായണ ഗുരുദേവനും എല്ലാം നമുക്ക് അന്യമാവുന്നു. പകരം പാശ്ചാത്യരുടെ വീര കഥകളും ഭാരതത്തെ അടിമയാക്കിയ മുഗളന്മാരുടെ കഥകളും മാത്രം പാഠ്യവിഷയങ്ങളാകുന്നു. തത്ഫലമായി ലക്ഷ്യബോധം നശിച്ച യുവതലമുറ ഭാരതത്തിൽ നിറയുന്നു.

വാർത്താവിനിമയ രംഗത്ത് കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ സ്വതന്ത്ര ഇൻഡ്യക്ക് കഴിഞ്ഞിട്ടുണ്ട്. ഇതരരാഷ്ട്രങ്ങൾക്കൊപ്പം പിടിച്ചു നിൽക്കാനും കഴിവു നേടിയെടുത്തു. ആണവ പരീക്ഷണങ്ങളിൽ നാം വളരെയേറെ മുന്നോട്ടു പോയിരിക്കുന്നു. ഇന്ത്യയുടെ നേട്ടങ്ങളിൽ ഏറ്റവും മുന്നിട്ട് നിൽക്കുന്നത്, ശാസ്ത്രരംഗത്തും വാർത്താവിനിമയരംഗത്തും നാം നടത്തിയ കുതിച്ചു ചാട്ടം തന്നെയാണ്.

ആഗോളവത്ക്കരണത്തിന്റെ വ്യക്താക്കൾ പടുത്തുയർത്തുന്ന പുത്തൻ സൗന്ദര്യബോധം ഭാരതത്തെ ഇരുൾ നിറഞ്ഞ വഴിയിലേക്കാണ് നയിക്കുന്നത്. നമ്മുടെ വ്യവസായ മേഖലകളിൽ ബഹുഭൂരിപക്ഷവും വിദേശ കമ്പനികൾ കൈയ്യടക്കിയിരിക്കുന്നു. ഭാരതത്തിന്റെ ഉത്പന്നങ്ങൾക്ക് ഇവിടെ വിപണന സാദ്ധ്യത കുറയുന്നു.

ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടവർ കോടികളുടെ അഴിമതിയിൽ മുങ്ങിക്കിടക്കുന്നു. കേവലരാഷ്ട്രീയവിരോധത്തിന്റെ പേരിൽ പരസ്പരം ഏറ്റുമുട്ടുന്നു. നമ്മുടെ വഴികാട്ടിയാകേണ്ട ദേവാലയങ്ങളും സർവ്വകലാശാലകളും മറ്റും രാഷ്ട്രീയ പാർട്ടിയുടെ സർവ്വാധിപത്യ പ്രവണതകളുടെ ഫലമായി കലാപഭൂമിയായി മാറിയിരിക്കുന്നു. ഇതിൽനിന്നൊക്കെ നമുക്ക് എന്നാണ് മോചനം?

നമുക്ക് വേണ്ടത് കേവലരാഷ്ട്രീയത്തിന്റെ മാറ്റമോ ഭരണമാറ്റമോ അല്ല. ഇതെല്ലാം നാം ധാരാളം പരീക്ഷിച്ചു കഴിഞ്ഞതാണ്. രാഷ്ട്രബോധമുള്ള ഭാര

തസംസ്കാരത്തിൽ ഉറച്ച് വിശ്വസിക്കുന്ന യുവ തലമുറയെയാണ് നമുക്ക് വേണ്ടത്. ഇതിനായി രാഷ്ട്രീയ വിദ്വേഷങ്ങൾ മറന്ന് വർദ്ധിത വീര്യവുമായി ജാതിഭേദ ഉച്ചനീചത്വങ്ങൾക്കതീതമായി നിലകൊള്ളുന്ന യുവതീയുവാക്കളുടെ നിരയാണ് ഭാരതത്തിന് ആവശ്യം. അവർക്കു മാത്രമേ ഒരു സുന്ദരഭാരതം പടുത്തുയർത്താവൂ. അതിനായി നമുക്കൊരുമിക്കാം. ജയ്ഹിന്ദ്.

## കാർട്ടൂൺ




ഫിറോസ്ഖാൻ
ഒന്നാം വർഷ ബികോം

കവിത



# മായാത്ത മഴവില്ല്

സന്തോഷ് ബാബു. എസ്. എസ്
രണ്ടാം വർഷ എംകോം

പാതികൊഴിഞ്ഞൊരീ തരുവിന്റെ ചില്ലയിൽ
പാർത്തുഞ്ഞാനിന്ന് നിർന്നിദ്രനേത്രനായ്,
പച്ചനിറമില്ല, പാൽനിലാവില്ലെന്റെ
പാഴ്മുളം തണ്ടിലിന്നീണമില്ല

നിനച്ചിരിക്കാതെന്റെ വഴികളിൽ വന്നെത്തു
മോർമ്മകൾ തഴുകുന്നൊരെന്നിണ പക്ഷി നീ
ആയിരം വർണ്ണത്തിൽ ചാലിച്ചു തന്നൊരാ
മഴവില്ലിൻ നിറമിന്നും മങ്ങിയില്ല

ഒരിക്കലെൻ കൂടിന്റെയരികത്തു ചേക്കേറി
ഇഷ്ടങ്ങൾ നൽകി നീ പാടിയില്ലേ
എൻ മണിച്ചില്ലയിൽ വന്നിരുന്നു നീ
പാടുമാ പാട്ടുകളോർക്കുന്നു ഞാൻ

അകലത്തിരുന്നു നീ കൂകുമ്പോഴെൻ മുള
ന്തണ്ടിലൊരായിരം ശ്രുതിയുണരും
അതിലൂറും വരികളിലീണത്തിലെന്നും
നിറഞ്ഞു നീ ജീവകണികകളായ്

ഒരു സ്നേഹഗാനത്തിനീണത്തിലെന്നും
എന്നെ മറന്നു ഞാൻ പറന്നുയരും
അരികത്തണഞ്ഞൊരാ പൂക്കളുമരുവിയും
മറന്നുഞാനുച്ചത്തിൽ പാടുമെന്നും

ഓർത്തില്ല ഞാനെന്റെ വീഥിയിലൊരിക്കൽ
നിറമുള്ള വസന്തങ്ങൾ കൊഴിയുമെന്ന്
ഗ്രീഷ്മങ്ങളെനിക്കായി നൽകിയിട്ടന്നു നീ
ഗഗനങ്ങൾക്കുള്ളിൽ മായുമെന്ന്

പാതിവഴിക്കു പിരിയുവാനാണെങ്കിൽ
പാടിയതെന്തിനെൻ പക്ഷീ
ഭേദമതിലുമെൻ ശിരസ്സിന്റെ മീതെ
കൂരമ്പു കൊണ്ടുള്ള മരണം

അറിയില്ലേ.... എനിക്കിന്നീ ഭുവനത്തിൽ സ്വന്തം
എന്നിണപ്പക്ഷി .... നീ മാത്രമെന്ന്
അറിയില്ല എന്തിനെൻ മനസ്സിന്റെ കൂട്ടിൽ നീ
കൊളുത്തിയീ കാട്ടുതീയെന്നുമെന്നുമെന്നും

എല്ലാം മറന്നു നീ പോകുവാനാണെങ്കിൽ
എന്തു ഞാൻ നൽകും നിനക്കെന്നിണപ്പക്ഷി
പൊട്ടിച്ചിതറുമെൻ ഹൃദയത്തിൽ മുങ്ങിയ
തൂവലുകൾ മത്രമെനിക്കു സ്വന്തം

കവിത

# സ്വപ്നവും മിഥ്യയും

ആശാ ദേവി. ഒ.എസ്
രണ്ടാം വർഷ എംകോം

ഓർമ്മയുടെ ചുടലയിൽ കനലെരിഞ്ഞമരുന്നു,
പോയ ജന്മത്തിൽ ശ്വാസനിശ്വാസം പോൽ
ഒറ്റ മുറിയുള്ള കുടിലും, നിലത്തിട്ട കീറത്തഴപ്പായും
മുനിഞ്ഞു കത്തുന്ന കരിവിളക്കും - പിന്നെ,
എന്നെ തളച്ചു തകർത്തിട്ട രോഗവും!
അകന്നു പോകുന്ന കാലൊച്ചകൾ- പിന്നെ
തിരിഞ്ഞു നോക്കാൻ മടിക്കുന്ന കോലങ്ങൾ....
ചാണകം തേച്ച ചുവരിന്മേലെപ്പൊഴും
തുറിച്ചു നോക്കി തളർത്തുന്ന രൂപങ്ങൾ
പാഴ്ജന്മമെന്നു സ്വയം പ്രാകി- മല്ലിടാൻ
ത്രാണിയില്ലാതെ കീഴടങ്ങുമ്പൊഴും....
വിട്ടൊഴിയുവാൻ വയ്യാതമർത്തി, യടക്കി-
വച്ചു ഞാൻ കുഞ്ഞു സ്വപ്നങ്ങളെ...
എന്റെ കുഞ്ഞു സ്വപ്നങ്ങളെ...



കഥ

# ശാന്തിയുടെ തീരം തേടി

ആശാ ദേവി. ഒ.എസ്
രണ്ടാം വർഷ എംകോം

അറിവുവച്ച നാൾ മുതൽക്കേ അപകർഷത എന്റെ സഹയാത്രിക ആയിരുന്നു. അതിനുള്ളിൽ നിന്നുകൊണ്ടും, ഞാൻ എന്തൊക്കെയോ ചെയ്യാൻ ശ്രമിച്ചു. പക്ഷെ ഒന്നും അതിന്റെ പൂർണ്ണത നേടിയിരുന്നില്ല. ഒന്നിലും, ഒരിക്കലും തൃപ്തി കിട്ടാത്ത ഒരു മനസ്സ്! എന്തും ഒരു സംശയദൃഷ്ടിയോടു മാത്രമേ എനിയ്ക്കു നോക്കിക്കാണാനായുള്ളു.

കാവിന്റെ ഇടവഴികയറി ശീഘ്രം നടന്നപ്പോൾ, കുറുക്കിട്ട് കാട്ടുപൊന്തയിലേക്ക് ഓടിക്കയറാൻ ശ്രമിച്ച കീരി, ഞാൻ അതിന്റെ കണ്ണിൽ നിന്നു മറയുവോളം എന്നെത്തന്നെ തിരിഞ്ഞു നോക്കി നിൽപ്പുണ്ടായിരുന്നു. മനസ്സു മുഴുവൻ അവ്യക്തമായ ആ ദുഃസ്വപ്നമായിരുന്നു. സ്വയബോധത്തിലല്ലാതെയാണ് ഞാൻ കൽപ്പടവിലിറങ്ങി കടത്തുകടവിൽ എത്തിയത്. വള്ളങ്ങളെല്ലാം അക്കരെ പടവിറങ്ങിക്കഴിഞ്ഞു. വാച്ചിലൊന്നു നോക്കിയിട്ട് വെറുതേ വെള്ളത്തിലേക്ക് നോക്കി നിന്നു. ഇളം ചുവപ്പ് ഇറുകാലുള്ള കുഞ്ഞു ഞണ്ടുകൾ! വെയിലു കായാനാവും, മെല്ലെ മെല്ലെ കരയിലെ കല്ലിടുക്കിലേക്കു കയറുന്നു. ചുട്ടുപൊള്ളുന്ന വെയിലത്തും ചൂടുകാറ്റിനൊരു സുഖം തോന്നി. തലയ്ക്കുള്ളിൽ പെട്ടെന്നൊരു മരവിപ്പ്. തിരിയ്ക്കു



തീ കൊളുത്തും തോറും അണഞ്ഞു പോകുന്ന നിലവിളക്ക്. ആരോ ഊതിക്കെടുത്തും പോലെ...... പിന്നെ, തുറിച്ച രണ്ടു കണ്ണുകൾ... പിന്നെ ശൂന്യം-കട്ട പിടിച്ച ഇരുട്ട്. വീണ്ടും തിരിയിൽ തീ പിടിപ്പിച്ചതും തീ അപ്പാടെ ആളിക്കത്തി.... വീണ്ടും ശൂന്യം.... ആ രണ്ടു കണ്ണുകൾ എവിടെ മറഞ്ഞുവെന്ന് ഭീതിയോടെ ഞാൻ പരതി. വെയിലത്തു നിന്നു സ്വപ്നം കാണുന്നോ? ഒന്നു ഞെട്ടി. മൂപ്പന്റെ വള്ളം ഇക്കരെയെത്തിയത് അറിഞ്ഞില്ല. ഇനിയാരും വരാനുണ്ടാകില്ല, വെയിലിനിയും ഉറയ്ക്കും മുൻപ് അക്കരെയെത്താം, എന്താ? സമ്മത മട്ടിൽ ഞാൻ, മുഖത്തെ കണ്ണടയൊന്നു നേരെയാക്കിയിട്ട് വള്ളത്തിൽ കയറി, പടിയിൽ ഇരുന്നു.

നരച്ചു തുടങ്ങിയ കുറുനിരകൾ വലത്തേചെന്നിയിലേക്ക്, കാറ്റിനൊത്ത് മെല്ലെഇളകി വീഴുന്നുണ്ടായിരുന്നു. അവ മാടിയൊതുക്കിയിട്ട് നിവർന്നപ്പോഴാണ്, വലക്കാരാരോ പൂഴ്ത്തി വച്ചിരിക്കുന്ന പറങ്കിമാംതൂപ്പിൽ കറുത്ത സന്യാസിയെപ്പോലെ കണ്ണുമടച്ചിരുന്ന അരണ്ട പെട്ടെന്നൊന്നു മുങ്ങിപ്പോങ്ങിയതു കണ്ടത്. അതിന്റെ കൊക്കിൽ ഒതുങ്ങാത്തത്ര മുഴുത്ത ഒരു ചുണ്ടൻ മീൻ! അതിനെ അപ്പാടെ വിഴുങ്ങാനുള്ള അരണ്ടയുടെ പരാക്രമവും രക്ഷപ്പെടാനായി ചുണ്ടന്റെ പിടച്ചിലും... എന്റെ ദൃഷ്ടി അവിടെയാണെന്നു കണ്ടിട്ടാവാം, മൂപ്പൻ തന്റെ തത്വജ്ഞാനം പറഞ്ഞു; എത്ര വലിയവനായാലും കൊക്കിലുടക്കിയാൽ പിന്നെയിവൻ വിടില്ല. തൊണ്ടയ്ക്കു കീഴോട്ടിറങ്ങിയാൽ തീയിലെന്ന പോലെയാ...... ഞാനൊന്നു തലയാട്ടി. കണ്ണട മങ്ങി വരും പോലെ... കണ്ണിൽ നിന്നും തീക്കട്ടയുടെ ചുവപ്പ് പ്രവഹിക്കും പോലെ..... സ്വപ്നത്തിലെ ആ, രണ്ടു കണ്ണുകൾ കൂടുതൽ തീക്ഷ്ണതയോടെ എന്നെ തുറിച്ചു നോക്കുന്നു. ഞാൻ മറ്റേതോ ലോകത്തിലേക്ക് ആവാഹിക്കപ്പെടുകായായിരുന്നു.... ആരൊക്കെയോ എന്നെ പേർ ചൊല്ലി വിളിയ്ക്കുന്നു. ആരെയും ഞാൻ തിരിച്ചറിയുന്നില്ല.

വേടരാമന്റെ മുളങ്കോലിന്റെ ശബ്ദമാകാം എന്റെ ചിന്തകളെ തട്ടിത്തെറിപ്പിച്ചത്. തിരത്തോടടുത്ത ആഴം കുറഞ്ഞ ഭാഗത്ത് നീണ്ട മുളക്കോലുകൾ ഇരുകയ്യിലും പിടിച്ച്, വെള്ളത്തിൽ വീശിയടിച്ച് കരിമീനിനെ പിടിക്കുന്ന രാമൻ. അയാളുടെ പച്ചോലക്കൂടയിലേക്ക് വീഴും മുൻപേ അവറ്റകൾ ദയനീയമായി രാമനെ നോക്കിന്നില്ലേ?..... കായലിലേക്ക് ചരിഞ്ഞു നിൽക്കുന്ന പൂവരശിന്റെ താണ ചില്ലയിലേക്ക് മൂപ്പൻ വള്ളം കെട്ടിക്കഴിഞ്ഞു. കാശുകൊടുത്തു കഴിഞ്ഞിറങ്ങിയപ്പോൾ, ‘‘വെയിലിലായതു കൊണ്ടാകാം, ടീച്ചറാകെ വിയർത്തല്ലോ ?’’- എന്ന് മൂപ്പൻ. ഇനി ബസ് സ്റ്റോപ്പിലേക്ക്....... വീണ്ടും ധൃതിയിൽ നടന്നു തുടങ്ങി.

പ്രായത്തിന്റെ നല്ല കാലങ്ങിളിലൊക്കെ നേർവഴിയിലൂടെ ഏകയായി സഞ്ചരിച്ചിരുന്നപ്പോഴൊന്നും അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു വല്ലാത്ത ഭയം എന്നെ ഗ്രസിച്ചു തുടങ്ങിയിരിക്കുന്നു. നേർബുദ്ധിയില്ലാത്ത ആയിരം

കുഞ്ഞുങ്ങൾ എനിയ്ക്കിന്നലെ വരെ ആശ്വാസമായിരുന്നു. ലോകത്തിന്റെ കാപട്യമൊന്നുമറിയാത്ത പാവങ്ങൾ! ഏറെക്കാലത്തെ തപസ്യയിലൂടെ എന്റെ കുഞ്ഞുങ്ങൾ പലരും പാതിമുറിഞ്ഞ വാക്കുകൾ ചേർത്ത് സംസാരിക്കുവാൻ ശ്രമിക്കുമ്പോഴും, വഴങ്ങാത്ത നാക്കുഴപ്പി അമ്മേ എന്നു വിളിക്കാൻ ശ്രമിക്കുമ്പോഴും, അമ്മയാകാതെ അമ്മയായതിന്റെ നിർവൃതിയായിരുന്നു. പക്ഷെ, ഇപ്പോഴെന്തോ, താൻ തീർത്തും ഏകയായതു പോലെ ......... വയ്യ! .... ഇനി വയ്യ! ....... ഒരൂന്നുവടി എനിയ്ക്കും വേണം.... എന്നും തുണയായി.

പെട്ടെന്നു സ്ഥലകാല ബോധം വന്നു. നോക്കിയപ്പോൾ, ബസ് സ്റ്റോപ്പും പിന്നിട്ട് , കുറേ ആയിരിക്കുന്നു എന്നു മനസ്സിലായി. വീണ്ടും തിരിച്ചു നടക്കേണ്ടി വരുമോ?....... ഒരു തീരത്തുമെത്താതെ...... അറിയില്ല.... എങ്കിലും.......

കവിത



# ഓർക്കുക

**കിരൺ രാജ്**

ഒന്നാം വർഷ ബീകോം

എന്നാലിനിയൊരുകഥയുര ചെയ്യാം
മാലോകരെല്ലാം കേട്ട് രസിപ്പിൻ....
പാരിൽ പ്രസിദ്ധമാം സംസ്കാര സംഹിത
സ്വായത്തമായുള്ള ഇൻഡ്യതൻ പൗരൻ
പാരിൽ വസിക്കുവാൻ പറ്റാത്തരീതിയിൽ
കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞ് പോയ് കേവലം
ആരാണിതിനൊക്കെ കാരണമായവർ
മാലോകരാം നമ്മൾ സാകൂതമോർക്കണം
കാലാന്തരങ്ങളാൽ മാറിയും മാറ്റിയും
ഇന്ത്യ ഭരിക്കുന്നോർ ഓർക്കണമോർക്കണം
വാളും, പരിചയും, ദണ്ഡും, കൃപാണവും
നമ്മുടെ നാട്ടിൻ സിരകളറുക്കുന്നു
അറിയുക നമ്മൾ; എതിർക്കുക നമ്മൾ
നാടിൻ സുരക്ഷക്കായ് പൊരുതുക നമ്മൾ



കഥ



# ഓർമ്മയിൽ മറയുന്ന വർഷകാലം

സുമയ്യാ ബീവി. വൈ
രണ്ടാം വർഷ പ്രീഡിഗ്രി

പതിവുപോലെ കോളേജിൽ ക്ലാസ്സു തുടങ്ങുന്നതിന്റെ തിരക്കായിരുന്നു. കൂട്ടുകാരുമൊത്ത് കോളേജിലേക്ക് കടന്നപ്പോൾ പതിവിൽ നിന്നും വിപരീതമായി മാനത്തുതെളിഞ്ഞ മഴവില്ല് സുലേഖയുടെ മനസ്സിനെ വല്ലാതെയാകർഷിച്ചു.

ഫസ്റ്റ്ബെൽ മുഴങ്ങിയപ്പോൾ തന്നെ കുട്ടികൾ അവരവരുടെ ക്ലാസ്സിലേക്ക് വിടവാങ്ങി. കൂട്ടുകാരുമായി ക്ലാസ്സിലേക്ക് നടക്കാനൊരുങ്ങിയ സുലേഖ പുറത്ത് ആർത്തിരമ്പി വന്ന മഴയുടെ ശബ്ദം കേട്ട് പതുക്കെ പുറകിലേക്ക് വലിഞ്ഞു. എന്തോ, ക്ലാസുതീരുന്നതുകൊണ്ടാകാം അപ്രാവശ്യം പതിവിലും നേരത്തെയാണ് മഴ തുടങ്ങിയതെന്ന് അവൾക്കു തോന്നി.

എല്ലാ വർഷങ്ങളിലും അവൾ ജൂൺമാസത്തിലെ വർഷക്കാലമഴക്കായ് കാത്തിരിക്കുമായിരുന്നു. ഒരു പാടു പ്രതിക്ഷകളോടെ. പക്ഷെ ഈ വിരഹമഴയെ ഉപേക്ഷിച്ച് ക്ലാസ്സിലിരിക്കുവാൻ അവൾക്കു മനസ്സുവന്നില്ല. ഒരു പക്ഷെ തന്റെ ജീവിതത്തിലെ വഴിത്തിരിവിന്റെ തുടക്കമായിരിക്കും ഈ മഴയെന്ന് അവളോർത്തു.

അധികമാരും ശ്രദ്ധിക്കാത്ത ഒരൊഴിഞ്ഞ ക്ലാസ് റൂമിൽ പളുങ്കുമണികൾ വാരിവിതറുന്നതുപോലെ തകർത്തുപെയ്യുന്ന മഴയുടെ സൗന്ദര്യമാസ്വദിച്ചിരുന്നപ്പോൾ അറിയാതെ എപ്പോഴോ അവൾ തന്റെ ബാല്യകാലസ്മരണകളിലേക്ക് വഴുതി വീണു.

കുട്ടിക്കാലത്ത് മഴ തനിക്കൊരു ഹരമായിരുന്നു. അന്നൊരിക്കൽ മഴയുടെ ഉത്സവത്തിമർപ്പ് പങ്കിടാൻ തന്റെ കളിക്കൂട്ടുകാരനായ ഷമീറിക്ക തനിക്കൊപ്പമുണ്ടായിരുന്നു. ഷമീറിക്കായുമൊന്നിച്ചായിരുന്നു എന്നും സ്കൂളിൽ പോകുന്നതും തിരിച്ചുവരുന്നതും. വൈകുന്നേരങ്ങളിൽ പലപ്പോഴും ഇടിമുഴക്കത്തിന് ശക്തിയേറുമ്പോൾ ഷമീറിക്കായുടെ കയ്യിൽ മുറുകെപ്പിടിച്ച് കണ്ണുമടച്ചാവും വീട്ടിലെത്തുക. ഷമീറിക്കായുമൊത്ത് പുഴവക്കത്തുപോയി മഴനനഞ്ഞ് കളിക്കുമായിരുന്നു. പിന്നീട് എന്നോ ഒരിക്കൽ ഒരു മഴയത്ത് കടത്ത് കടക്കുവാൻ നിന്നപ്പോൾ ഇക്ക വഞ്ചിയിലേക്ക് പിടിച്ചുകയറ്റുവാൻ കൈ

നീട്ടിയപ്പോൾ താൻ നിരസിച്ചു. തനിക്കു തന്നെ അതിന്റെ കാരണം അന്ന് മനസ്സിലായില്ല. ആ നിമിഷം കടവിലെ വെള്ളത്തെക്കാൾ ശക്തിയായി ഷമീറിക്കായുടെ മനസ്സിൽ ദുഃഖം അലയടിച്ചിരിക്കണം. എന്നാൽ ദിവസങ്ങൾക്കു ശേഷം ഉപ്പയുടെ ഉറച്ച ശബ്ദം തന്റെ കാതിൽ അലയടിച്ചു. "സുലേഖാ, ഇജ്ജിനി ആ ചെക്കന്റെ കൂടെ കളിച്ചു നടക്കരുത്. ജ്ജ് വല്യകുട്ട്യായീന്ന് ബോധോണ്ടാവണം!"



പിറ്റേദിവസം തനിച്ച് സ്കൂളിലേക്ക് നടന്നപ്പോൾ ഷമീറിക്കായുടെ വീട്ടിലേക്ക് അറിയാതെ നോക്കിപ്പോയി. അന്ന് തന്റെ കണ്ണുകളിലേക്ക് നോക്കി ഇക്ക അവസാനമായി ചോദിച്ചത് അവളോർത്തു. എന്താ സുലുക്കുട്ടി, അനക്കെന്നോട് പിണക്കാ? ഒന്നും പറയാതെ താൻ നടന്നു. ഇനിയുള്ള മഴക്കാലങ്ങളിൽ തന്റെ കളിക്കൂട്ടുകാരൻ തന്റൊപ്പം വരില്ല എന്ന സത്യം മനസ്സിലാക്കിയപ്പോൾ ഖൽബിൽ ഒരു നേർത്ത പിടയൽ അനുഭവപ്പെട്ടതവളറിഞ്ഞു. ആ സൗഹൃദം ഒരു പുഞ്ചിരിയിൽ മാത്രമൊതുങ്ങി. പിന്നെയതും ഇല്ലാതെയായി എങ്കിലും തകർത്തുപെയ്യുന്ന വർഷകാലമഴ കാണുമ്പോഴൊക്കെ ഷമീറിക്ക തന്നെയോർക്കും എന്നവൾക്കറിയാം. ആരും കാണാതെ മഴ തന്നെ സ്വാന്തനിപ്പിക്കുന്നതായി അവൾക്കു തോന്നും. പക്ഷെ ഇതുപോലുള്ള സൗഹൃദങ്ങളെല്ലാം ഓരോ വർഷകാലങ്ങളിലും തനിക്കൊരോർമ്മമാത്രമാകുമെന്ന് അവൾക്കറിയില്ലായിരുന്നു.

പത്താം ക്ലാസ് പാസായപ്പോൾ തന്നെ നിക്കാഹ് ചെയ്തയക്കുവാൻ തിടുക്കം കാട്ടിയ ഉമ്മയോട് ഉപ്പ പറഞ്ഞു. "ഓള് ചെറുപ്പമല്ലെ പഠിക്കട്ടെ", അപ്പോൾ തനിക്ക് തന്റുപ്പാനെക്കുറിച്ച് ഒരുപാടഭിമാനം തോന്നി. ഉപ്പയുടെ കനിവിൽ രണ്ടുവർഷം പരിധികൾ നിറഞ്ഞതെങ്കിലും കോളേജ് ജീവിതമാസ്വദിക്കാനും തനിക്കു കഴിഞ്ഞു. ഇനിയും ഇതുപോലൊരുവർഷം തനിക്കായ് കാണുമോ എന്ന് സംശയമാണ്. ഈ മഴയോടൊപ്പം തന്റെ ജീവിതത്തിന്റെ വർണ്ണസ്വപ്നങ്ങളുടെ നല്ല ദിനങ്ങൾ തനിക്കന്യമാവുകയാണ്. ഒപ്പം ഒരിക്കലും തിരിച്ചുവരാത്ത സൗഹൃദങ്ങളും.

ലെറ്റർ വഴിയോ ഫോൺ വഴിയോ ഒക്കെ കൂട്ടുകാരികളുമായുള്ള സൗഹൃദം നിലനിർത്താം. പക്ഷെ ഒരു മുസ്ലീം നിയമപ്രകാരം ജീവിക്കുന്ന തനിക്ക് (അങ്ങേയറ്റം പരിശുദ്ധവും നിഷ്കളങ്കുവുമായ സൗഹൃദങ്ങളെ ഉള്ളുവെങ്കിൽ കൂടി) ആൺകുട്ടികളായ കൂട്ടുകാരുമായുള്ള സൗഹൃദങ്ങൾ തുടർന്നുകൊണ്ടുപോകാൻ സാധ്യമല്ല. അവസാനക്ലാസ്സോടുകൂടി ആ സൗഹൃദങ്ങളും അവസാനിക്കുകയാണ്. ഈ ചെറിയകലാലയത്തിൽ നിന്നും വിടവാങ്ങൽ സമയമായല്ലോ എന്ന ദുഃഖസത്യം വേദനയോടെ അവളോർത്തു. ഇവിടെയുള്ള ടീച്ചേഴ്സും, സ്റ്റാഫ്സും, സുഹൃത്തുക്കളുമെല്ലാം തനിക്കൊരുപോലെ പ്രീയപ്പെട്ടവരാണ്. ആയിരം കലാലയങ്ങളുടെ സന്തോഷവും സംതൃപ്തിയും തനിക്കിവിടെ നിന്നും ലഭിച്ചിരുന്നു. ഇന്ന് തനിക്ക് ഒന്നല്ല, ഒരു പാടു സുഹൃത്തുക്കളെ ഉപേക്ഷിക്കണം. അങ്ങനെ മഴ എല്ലാത്തിനും മൂക സാക്ഷിയായ്!

വരാനിരിക്കുന്ന വർഷകാലങ്ങളിൽ മഴനനഞ്ഞ് തിരക്കിട്ട് തനിക്ക് കോളേജിൽ എത്തണ്ട. മഴക്കാലം ഇനിയും വരും. പക്ഷെ അപ്പോൾ താൻ കൗമാര -ബാല്യ സ്വപ്നങ്ങളിൽ നിന്നകന്ന് ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് കടന്നിരിക്കും.

ബെല്ലടിശബ്ദം അവളെ ഓർമ്മകളിൽ നിന്നുണർത്തി. താനിവിടെ തനിച്ചിരിക്കാൻ തുടങ്ങിയിട്ട് ഒന്നരമണിക്കൂറായി. എന്നിട്ടും വിടവാങ്ങുവാൻ തോന്നുന്നില്ല. മഴയിൽ നിന്നും കോളേജ് ജീവിതത്തിൽ നിന്നും. ഇനിയുള്ളവർഷകാലങ്ങളിൽ കോളേജ് ജീവിതം തനിക്കോർമ്മകൾ മാത്രമായവശേഷിക്കുമെന്നവൾക്കറിയാം.

........... എങ്കിലും എത്രരസമാണ് ഈ വർഷകാലമഴയിൽ എല്ലാം മറന്ന് അലിഞ്ഞു ചേരുവാൻ.....



*നാടകരചനാരംഗത്ത്*
*സർഗ്ഗാത്മകതയുടെ*
*അരങ്ങേറ്റങ്ങൾ സൃഷ്ടിച്ച*
*ശ്രീ കടവൂർ ജി ചന്ദ്രൻ പിള്ള*
*കൊല്ലം പബ്ളിക് ലൈബ്രറിയുടെ*
*സന്തത സഹചാരിയായിരുന്നു*
*ചാപ്റ്ററിന്റെ പ്രവർത്തനങ്ങളിൽ*
*സ്നേഹവും സൗഹൃദവും*
*കൊണ്ട് ഊർജ്ജം പകർന്നു തന്ന*
*ഈ സഹൃദയന്റെ*
*സ്മരണയ്ക്ക് ഞങ്ങളുടെ*
*ഹൃദയാഞ്ജലി.*

കവിത

# നമോവാകം

ഹരിലാൽ
ലക്ചറർ

വിശ്വവിഹായസ്സിലോളമുയർത്തിയ
സാഹിത്യപ്പാടത്തെ കൊയ്ത്തുകാരാ
കറ്റമെതിച്ചു വിളമ്പിയതത്രയും
പുത്തരിച്ചോറിന്റെ പൂർണ്ണതകൾ
ചിന്തകൾ സായാഹ്ന സഞ്ചാരം ചെയ്യുവാൻ
ചേറ്റുവരമ്പു മുറിച്ചു കടക്കവേ
ഇത്തിരി നീർകണമുള്ളിലുറഞ്ഞിട്ടീ
കുട്ടനാടൻ നെല്ലിൽ വീണുപോയി
വേർപ്പിന്റെ ഗന്ധം മണക്കുമേലാകളിൽ
തീർപ്പിന്റെ ശബ്ദങ്ങളായിരുന്നു
ചില്ലുഗ്ലാസിൽ പകർന്നൊരിളം കള്ളിൽ
ഭാവന നീന്തിത്തുടിച്ചു വരാലുകൾ
സാധുക്കൾ തൊട്ടു തുടങ്ങിയതൊക്കെയും
സാധനാ ധന്യ പ്രവാഹിനികൾ
ചെമ്മീനും കൂട്ടിയിരുന്നു കുറിച്ചപ്പോൾ
കയ്യിൽ തടഞ്ഞതു പൊൻപതക്കം
തോൽക്കാതെ സാഹിത്യ മേധകൾ തീർത്തതി
ന്നേണിപ്പടികൾ കടന്നു കേറി
തീരാതെ നീണ്ടുകിടന്ന കയറിനെ
ജ്ഞാന പീഠത്തിലെടുത്തുവച്ചു
സാഹിത്യമുറ്റത്തു നട്ടുഫലമായ
അക്ഷരപ്പൂവിന്റെ നൽസുഗന്ധം
വിശ്വവിഹായസ്സിൻ സീമകടന്നത്
വിണ്ണിന്റെ തീരം പരന്നൊഴുകി
ഇട്ടേച്ചുപോയി കറുത്തമ്മ കുഞ്ഞിനെ
ഉപ്പുചുവയ്ക്കുന്ന സൈകതത്തിൽ
കേൾക്കുന്നു ഞാനാകരച്ചിൽ വിദൂരത്ത്
ശൂന്യമായ് തീർന്നൊരു ഭൂമികയിൽ



ലേഖനം



# ഈ വിലാപം നിങ്ങൾ അറിയുന്നില്ലേ?

ലക്ഷ്മി മോഹൻ
ഒന്നാം വർഷ ബീകോം

നവവത്സര ലഹരിയിൽ പ്രതീക്ഷയോടെ കാത്തിരിക്കുന്ന കേരളത്തിന്റെ ഒരോ പുലരിയും കണ്ണീരിൽ കുതിർന്നതാകുന്നു, മാരകായുധങ്ങളുമായി അതിക്രമച്ചു കയറി കുഞ്ഞു വിദ്യാർത്ഥികളുടെ മുന്നിലിട്ട് അദ്ധ്യാപകനെ നിഷ്കരുണം വെട്ടിക്കൊല്ലുന്നു.



രക്ഷാകർത്താക്കളുടെ മുന്നിലിട്ട് മക്കളേയും. കുടുംബത്തിന്റെ മുന്നിലിട്ട് കുടുംബനാഥനേയും വെട്ടിയരിയുന്നു. ജീവനു വേണ്ടി കൈകൂപ്പിയാചിക്കുന്നവരുടെ കണ്ണുനീർകാണാതെ മാരാകായുധങ്ങൾ ആഞ്ഞുവീശി തെരുവീഥിയിലും വീട്ടുമുറ്റത്തും ചോരപ്പുഴയൊഴുക്കുന്നു.

മലയാളത്തിന്റെ ഉത്തരദിക്കായ കണ്ണൂരിന്റെ മണ്ണ് ചോരവീണ് കുതിരുമ്പോൾ സാമാധാനപ്രിയരായ കേരളീയരുടെ മനസ്സാകെ തേങ്ങുന്നു. കേരളത്തിന്റെ ഓരോ പുലരിയും കണ്ണീരണിഞ്ഞതാകുന്നു.

ഒരമ്മപെറ്റ മക്കളെ പോലെ വളർന്നവരാണ് കേരളീയർ. ജാതിക്കും മതത്തിനും രാഷ്ട്രീയത്തിനുമപ്പുറം സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും സമാധാനത്തിന്റേയും വിജയപതാക ഉയർത്തിപ്പിടിച്ചവരാണ് മലയാളികൾ. കൂടാതെ സാക്ഷരസമ്പന്നരായ ഒരു സംസ്കാരം നെഞ്ചിലേറ്റിയവരാണ് നാം.

കേരളത്തിന്റെ ഏത് തൂണിലും തുരുമ്പിലുമുണ്ടാകുന്ന പ്രശ്നം കേരളീയരുടെ മൊത്തം പ്രശ്നമാണ്. അതു കൊണ്ടാണ് കണ്ണൂരിന്റെ ഹൃദയത്തിനുണ്ടായ മുറിവ് കേരളത്തിന്റെ നെഞ്ചിലെ മുറിവായത്. ഈ മുറിവ് ഇനിയും വലുതാക്കുകയല്ല എത്രയും വേഗം ഉണക്കുക

യാണ് വേണ്ടത്. സ്നേഹവും സമാധാനവും കൊണ്ടു മാത്രമെ ഇതു സാധിക്കൂ. ബുദ്ധി ഒന്നു കൊണ്ടു മാത്രമെ ഇത് നേടിയെടുക്കാനാകൂ.

രാഷ്ട്രീയവും മതവും മനുഷ്യർക്ക് തമ്മിൽ തല്ലി ചാകാനും, ചോരപ്പുഴ ഒഴുക്കാനും വേണ്ടി സൃഷ്ടിച്ചതല്ല. ഇത് മനുഷ്യനെ നേർവഴിക്ക് ഒത്തൊരുമിച്ച് നടത്താനുള്ളതാണ്, നമുക്ക് വേണ്ടിയുള്ളതാണ്.

പരസ്പരം വെട്ടിക്കൊല്ലാൻ ആയുധം വീശുന്നവരേ, ഒരു നിമിഷം ആയുധം താഴെ വച്ച് വെല്ലുവിളികൾ നിർത്തി ഒന്നു കാതോർക്കൂ.... നിങ്ങളുടെ അമ്മമാരുടേയും, പിതാക്കന്മാരുടേയും കൂടപ്പിറപ്പുകളുടേയും ഹൃദയം പൊട്ടിയുള്ള വിലാപം നിങ്ങൾ കേൾക്കുന്നില്ലേ? നിങ്ങൾ വാൾമുനകൊണ്ടു നഷ്ടപ്പെടുത്തിയ ജീവിതങ്ങൾ അവർക്കൊക്കെ ആശ്രയമായിരുന്നു എന്നത് നിങ്ങൾ അറിയുന്നില്ലേ? ●

മിനിക്കഥ

# വഞ്ചകൻ



ഫിറോസ്ഖാൻ. ഡി
രണ്ടാം വർഷ ബീകോം

സ്വകാര്യമായൊരു യാത്രയ്ക്കിടയിൽ ഞാനൊരു സുഹൃത്തിനെ കണ്ടുമുട്ടി. അയാൾക്കൊരു പ്രത്യേകതയുണ്ടായിരുന്നു. പക്ഷികളുടെ ശബ്ദത്തിൽ നിന്നും അവയുടെ ഭാഷ മനസ്സിലാക്കുനുള്ള കഴിവ്. ഞങ്ങളിരുവരും യാത്രയ്ക്കിടയിൽ പല പക്ഷികളേയും കണ്ടു മുട്ടി. അവയുടെ രസകരമായ സംഭാഷണങ്ങളും കേട്ടു. ഒടുവിലാണ് വഴിയിൽ ഒരു പ്രത്യേക തരം പക്ഷിയെ കണ്ടുമുട്ടിയത്. അത് എന്തൊക്കെയോ വിളിച്ചു പറയുന്നുണ്ടായിരുന്നു. പക്ഷെ അതിന്റെ അർത്ഥം ഇഷ്ടന് മനസ്സിലായില്ല. അതയാളുടെ ഉറക്കം കെടുത്തി. അയാളുടെ പക്ഷിയോടുള്ള വിരോധം എന്നിലൂടെ തീർക്കാൻ അയാൾ ശ്രമിച്ചു. അങ്ങനെ അയാളുടെ പ്രേരണയാൽ ഞാൻ ആ പക്ഷിയെ കഴുത്ത് ഞെരിച്ച് കൊന്നു. അതിന്റെ അന്ത്യവേളയിലും അത് എന്നോട് എന്തോ പറഞ്ഞ് കൊണ്ടിരുന്നു. അതു മാത്രം അയാൾക്ക് മനസ്സിലായി. അയാളെനിക്ക് അത് വ്യക്തമാക്കി തന്നു. 'വഞ്ചകനാണ് നീ'.



കവിത

# നിനക്കായ്

റിനോ ജോർജ്ജ്
ഒന്നാം വർഷ എംകോം

ഉമ്മറപ്പടിയിലിരുന്നല്ലെങ്കിലും
ഞാനും കാണുന്നു സ്വപ്നങ്ങൾ
മനസ്സിന്റെയേതോ
അതിർ വരമ്പിലിരുന്നു
ഞാനും നെയ്യുന്നു സ്വപ്നങ്ങൾ
അതിൽ ഞാനും നീയുമെത്ര അകലെ
ജനിക്കുന്നതോ? മോഹങ്ങളും സ്വപ്നങ്ങളും
വിടപറയേണ്ടിവന്ന ഈ മോഹനവേളയിലും
ഞാൻ തേടുന്നു നിൻ രൂപം
നീ പോലുമറിയാതെ
എങ്കിലും, ഞാനേതോ ലഹരിയിൽ
ഈ വെള്ളക്കടലാസിൽ
എന്തൊക്കെയോ .......
മനസ്സോ
എന്തിനോ വേണ്ടി പരക്കം പായുന്നു
പക്ഷെ!
നിനക്കിതാരോ പറഞ്ഞ കളിവാക്ക്
ഉമ്മറപ്പടിയിലിരുന്നല്ലെങ്കിലും
ഞാനും കാണുന്നു സ്വപ്നങ്ങൾ



*പാതകളെക്കുറിച്ച് മുയലുകളേക്കാൾ ഏറെ*
*ആമകൾക്കു പറയാനുണ്ടാവും*
*- ഖലീൽ ജിബ്രാൻ -*

*ലോകാനുരാഗമിയലാത്തവരേ നരന്റെ*
*ആകാരമാർന്നിവിടെ നിങ്ങൾ ജനിച്ചിടായ്‌വിൻ*
*- കുമാരനാശാൻ -*

കഥ



# ഗ്രാമത്തിന്റെ ഊഷ്മളത

എബ്രഹാം വി.ജോസഫ്
ഒന്നാം വർഷ എംകോം

അരുവികളും, തോടുകളും, വയലേലകളും വിവിധങ്ങളായ വൃക്ഷ ലതാദികളും, പക്ഷിമൃഗാദികളുംകൊണ്ട് സമ്പുഷ്ടമാണ് എന്റെ ഗ്രാമം. പക്ഷെ എന്തു കൊണ്ടോ ഞാനിതൊന്നും ഇഷ്ടപ്പെട്ടിരുന്നില്ല. ആധുനികതയുടെയും, പുരോഗമനത്തിന്റെയും, ആലങ്കാരികതയുടെതുമായ ഒന്നും എന്റെ ഗ്രാമത്തിൽ ദർശിക്കാൻ കഴിഞ്ഞില്ല. അതു കൊണ്ട് തന്നെയായിരിക്കാം എന്റെ ഗ്രാമത്തോട് എനിക്ക് വെറുപ്പായിരുന്നു. ടെലിവിഷനിൽ കാണുന്ന പട്ടണവാസികളുടെ പരിഷ്കാരം എന്റെ ഗ്രാമത്തിനന്യമായിരുന്നു.

എപ്പോഴും ഞാനെന്റെ ഗ്രാമത്തെ ശപിച്ചു. നന്നാവാൻ കൂട്ടാക്കാത്ത കുറേ മനുഷ്യർ. ഗ്രാമത്തിന്റെ ശാലീനത നിറഞ്ഞുനിൽക്കുന്നതാണ് നമ്മുടെ പ്രദേശം എന്നുവാദിക്കുന്ന വൃദ്ധൻമാർ, അരുവികളുടെ മനോഹാരിതയും ഹരിതാഭമായ പ്രദേശങ്ങളും തങ്ങളിൽ സ്വാധീനം ചെലുത്തി എന്നു വാദിച്ചു കവിതകൾ രചിക്കുന്ന കുറേ കുട്ടിക്കവികൾ. ഇവരൊക്കെ എന്താണാവോ ഇങ്ങനെ ആയിപ്പോയത്? ഞാനാലോചിച്ചു.

ഇവരെപ്പോലെയാണ് എന്റെ അച്ഛനും. ഇത്ര മനോഹാരിത, ഇത്ര നിഷ്കളങ്കത ഇവയൊന്നും മറ്റെവിടെയും ദർശിക്കാനാവില്ലെന്ന് വാദിച്ച് സമർത്ഥിക്കാൻ പറ്റിയ ഒരുപാട് ഉദാഹരണങ്ങൾ അച്ഛന്റെ കൈവശം ഉണ്ടായിരുന്നു.

അച്ഛന് എന്തറിയാം. അച്ഛൻ സിനിമ കണ്ടിട്ടുണ്ടോ? അതിലെ നടീനടൻമാരുടെ വേഷഭൂഷാദികൾ കണ്ടിട്ടുണ്ടോ?. അവരുടെ ദ്രുതചലനങ്ങൾ കണ്ടിട്ടുണ്ടോ?, പട്ടണത്തിലെ മണിമാളികകളും വർണ്ണാഭമായ വഴിവിളക്കുകളും കണ്ടിട്ടില്ലാത്തവർ, കാണാൻ കൂട്ടാക്കാത്തവർ ഇവരൊക്കെ ഈ നൂറ്റാണ്ടിൽ ജീവിക്കേണ്ടവരാണോ? എന്റെ നാടിനെ ഓർത്ത് ഞാൻ നെടുവീർപ്പിട്ടു.

അങ്ങനെയാണ് പട്ടണത്തിന്റെ മനോഹാരിതയിലേക്ക് ആഴ്ന്നിറങ്ങാൻ കുറേ പണവുമായി ഞാൻ വീട് വിട്ടിറങ്ങിയത്. വാഹനങ്ങളുടെ ദ്രുതഗതിയിലുള്ള ചലനം ചിലപ്പോഴൊക്കെ എന്നെ അസ്വസ്ഥനാക്കിയിട്ടുണ്ടാവാം. എങ്കിലും പട്ടണത്തിന്റെ നിറമുള്ള മുഖം അടുത്തറിയാൻ, ആസ്വദിക്കാൻ ഞാൻ വെമ്പൽ കൊണ്ടു. നഗരത്തിന്റെ പ്രൗഢ ഗംഭീരമായ അവസ്ഥ എന്നെ മത്തുപിടിപ്പിച്ചു. ഞാൻ നഗരത്തിന്റെ തിരക്കിലേക്കിറങ്ങി. അപ്പോഴാണ് എന്റെ പിറകിൽ നിന്ന് വ്യക്തമല്ലാത്ത വാക്കുകളും ഈണമിറ്റിയ പാട്ടുമായി ഒരു

പെൺകുട്ടി വയറ്റത്ത് താളമടിച്ചു പാടുന്നത് ഞാൻ കണ്ടത്. ആ ഭാഗത്തേക്ക് ഞാൻ നടന്നെത്തി. വിശപ്പിന്റെ രൗദ്രഭാവം ആ ഈണത്തിൽ നിറഞ്ഞു നിന്നു. വയറിൻമേലുള്ള ആ കുരുന്നു കൈകളുടെ ദ്രുതചലനം എന്നെ അമ്പരപ്പിച്ചു. ശോഷിച്ച കാലുകളും കുഴിഞ്ഞ കൺതടങ്ങളും തെല്ലുന്തിയ കവിളും എന്റെ മനസ്സിനെ പിടിച്ചുലച്ചു. പലരും നോക്കിനിന്ന് പാട്ടാസ്വദിച്ച് സംതൃപ്തരായി തിരിഞ്ഞു നടന്നു. എന്റെ കൈയ്യിലുണ്ടായിരുന്ന നാണയത്തുട്ടുകൾ ആ പാത്രത്തിലേക്കിട്ടുകൊടുത്ത് ഇനിയൊരിക്കലും ഇങ്ങനെയൊരവസ്ഥ കാണാൻ ഇടവരുത്തരുതേയെന്ന് ആഗ്രഹിച്ച് ഞാൻ തിരിഞ്ഞു നടന്നു.



നഗരത്തിന്റെ മായികലോകം എന്നെ അലോസരപ്പെടുത്തുകയായിരുന്നു. ഇങ്ങനെയൊരു കാഴ്ച എന്റെ ഗ്രാമം എനിക്കു നൽകിയതായി ഞാനോർമിക്കുന്നില്ല. എന്റെ ഗ്രാമത്തിന് അത് കഴിയില്ല. ഞാൻ ഉച്ചഭക്ഷണത്തിനായി ഒരു ഹോട്ടലിലേക്ക് നീങ്ങി. അപ്പോഴാണ് അവിടുത്തെ ശിഷ്ടം വന്ന ആഹാരപദാർത്ഥങ്ങൾ നിക്ഷേപിക്കുന്ന സ്ഥലം ശ്രദ്ധയിൽപെട്ടത്. അവിടെ നായ്ക്കളുടെയും കാക്കളുടെയും ഇടയിൽ ആ മുഖം ഞാൻ കണ്ടു. ആഹാരത്തിനു വേണ്ടി കടിപിടികൂട്ടുന്ന ആ ശ്വാനൻമാരോട് മല്ലടിക്കാൻ കെല്പില്ലാതെ പാവം കുട്ടി. ഞാനാകുട്ടിയുടെ അടുത്തേക്ക് ഓടിച്ചെന്ന് പിടിച്ചുമാറ്റി. വണ്ടിക്കൂലിക്കുള്ള കാശുമാത്രം നീക്കി വച്ച് ബാക്കിയുണ്ടായിരുന്ന പൈസയെല്ലാം ആ കുരുന്നു കൈകളിൽ അർപ്പിച്ച് നഗരത്തിൽ നിന്ന് തിരിഞ്ഞു നടന്നു.

വേണ്ട, എനിക്കെന്റെ ഗ്രാമത്തിന്റെ ശീതളിമ മാത്രം മതി. ആ നിഷ്കളങ്കത മാത്രം മതി. നഗരത്തിന്റെ ഇത്ര വികൃതമായ മുഖം എനിക്ക് താങ്ങാവുന്നതിനപ്പുറമായിരുന്നു. എന്റെ ഗ്രാമവും സ്നേഹ സമ്പന്നരായ അയൽവാസികളും അവരുടെ ജീവിതരീതിയും ആരേയും സഹായിക്കാനുള്ള മനസ്സും ഞാൻ ഇഷ്ടപ്പെടാൻ തുടങ്ങി. മടക്കയാത്രയിൽ ഞാൻ എന്റെ ഗ്രാമത്തിന്റെ നന്മയെ സ്നേഹിച്ചുതുടങ്ങി. അതെ, എന്റെ ഗ്രാമത്തിന്റെ ശാലീനത, സൗന്ദര്യം മറ്റെങ്ങും ഞാനതു ദർശിച്ചില്ല. ദർശിക്കാൻ കഴിഞ്ഞില്ല കഴിയില്ല....... ഇല്ല, ശാലീന സുന്ദരമായ എന്റെ ഗ്രാമം വിട്ട് ഞാനിനി എങ്ങോട്ടുമില്ല......... തിരിച്ചറിവിന്റെ ഭംഗിയിൽ ഗ്രാമത്തിന്റെ ഊഷമളത എന്നെ സാന്ത്വനിപ്പിക്കുകയായിരുന്നു.

കവിത



# സമാന്തരങ്ങൾ

നവാസ്. എ
രണ്ടാം വർഷ എംകോം



സൂര്യനുദിക്കുന്നു!
അങ്ങ് കിഴക്കിൻ ചക്രവാളത്തിൽ
അന്നത്തിൻ വഴി തേടി
ഇരുകാലികൾ നെട്ടോടമോടുന്നു
ഇന്നലെയെപ്പോഴോ ചത്തുവീണ
കുഞ്ഞിന്റെ തലച്ചോറ് കൊത്തിപ്പറിക്കാൻ
കഴുകന്മാർ കൂട്ടമായ് പറന്നുയരുന്നു,
അങ്ങകലെ, ഇരുനില കെട്ടിടത്തിൽ
ഫയലുമായ് മല്ലിടാൻ
വൈറ്റ് കോളർ നടന്നു നീങ്ങുന്നു.
ജീവിതയാത്രയിൽ കോറിയിട്ട വരകൾക്ക്
അർത്ഥമാരാഞ്ഞ് ബുദ്ധിജീവികൾ
യാത്രയാകുന്നു
മർദ്ദിതന്റെ വിയർപ്പിനെ ഭിക്ഷയായ് വാങ്ങിച്ച്
പണ്ഡിതമതം ഉറങ്ങു തുള്ളുന്നു
സൂര്യനസ്തമിക്കുന്നു!
അങ്ങ് പടിഞ്ഞാറ് ചക്രവാളത്തിൽ
തെരുവിൻ മക്കൾക്ക് തല ചായ്ക്കാൻ
കടത്തിണ്ണകൾ കാലിയാകുന്നു
ഇരുളിൻ വഴികൾ അവർക്കായ് തുറന്നിട്ട്
രാത്രി നിശബ്ദമായ് കാവൽ നിൽക്കുന്നു
തണർന്നുറങ്ങും പിഞ്ചുകുഞ്ഞിന്റെ
വിശപ്പകറ്റാൻ
നിശാസ്ത്രീകൾ കലപില കൂട്ടുന്നു
രാത്രി, അത് പിന്നെയുമൊരു
പ്രഭാതത്തിനായ് കാത്തു നിൽക്കുന്നു

ലേഖനം

# ശരീരത്തിലെ ചിത്രപ്പണികൾ

ആർ.മുരുകൻ
ലക്ചറർ

പുത്തൻ സാമ്പത്തിക നയത്തിന്റെ ആവിർഭാവത്തോടെ പരസ്യകലയ്ക്ക് വൻപിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാഹചര്യത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് പലരൂപത്തിലും ഭാവത്തിലും പരസ്യം പിറവി കൊള്ളുന്നു. മനുഷ്യന്റെ കണ്ണുകൾ പതിയുന്ന എല്ലായിടവും പരസ്യപ്പലകകൾ നിറയുന്നു, എന്തിനേറെ മനുഷ്യന്റെ ശരീരം പോലും ഒരു പരസ്യപ്പലകമായി മാറിയിരിക്കുന്നു. എന്നാൽ മനുഷ്യശരീരത്തെ ക്യാൻവാസാക്കി ചിത്രം വരക്കുന്ന പ്രക്രിയ മനുഷ്യരാശിയുടെ ആരംഭം മുതൽക്കേ നിലനിന്നിരുന്നുവെന്ന് ചരിത്രം പറയുന്നു.

ശരീരത്തിൽ ചിത്രം വരയ്ക്കുന്ന സമ്പ്രാദയം ആഗോളമായി നിലനിന്നിരുന്ന ഒരു പ്രതിഭാസമായിരുന്നു. ദുരാത്മാക്കളുടെ ആക്രമണത്തിൽ നിന്നും രക്ഷനേടാൻ ഇത്തരത്തിലുള്ള ചിത്രങ്ങൾ മനുഷ്യനെ സഹായിക്കും എന്ന് പരക്കെ വിശ്വസിച്ചിരുന്നു. ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ മാത്രമല്ല ദൈവങ്ങൾ പോലും ഇതിന്റെ സ്വാധീനവലയത്തിൽ ഉൾപ്പെട്ടിരുന്നുവത്രേ! ഉദാഹരണത്തിന് വിഘ്നേശ്വരന്റെ കൈവെള്ളയിൽ സ്വസ്തിക്കിന്റെ ചിഹ്നം വരച്ച് ചേർത്തിരിക്കുന്നത്, കാലചക്രത്തിന്റെ യാത്രക്കിടയിൽ സ്വാഭാവികമായി സംഭവിക്കാവുന്ന കഷ്ടതകളിൽ നിന്നും സംരക്ഷണം നേടാനാകണം.

പുരാതനകാലത്ത് കേരളത്തിലും പച്ചകുത്തൽ അഥവാ പുള്ളികുത്തൽ നിലനിന്നിരുന്നു. എന്നാൽ ഇത് ശിക്ഷാരീതിയുടെ ഭാഗമായിരുന്നു. ഇത് ദൗർഭാഗ്യത്തിന്റേയും മാനക്കേടിന്റേയും ചിഹ്നമായിരുന്നു. കാലക്രമേണ പച്ചകുത്തിലിനോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ സാരമായ മാറ്റം സംഭവിച്ചു. കൊച്ചു കുട്ടികളെ അണിയിച്ചൊരുക്കുമ്പോൾ കണ്ണേൽക്കാതിരിക്കാൻ പുള്ളികുത്തുന്നതും ഒരു പച്ചകുത്തലായി തന്നെ കാണാം. അത് പോലെ തന്നെ കല്യാണപെണ്ണിനെ അണിയിച്ചൊരുക്കുമ്പോഴും, കണ്ണേൽക്കാതിരിക്കാനായി മുഖത്ത് കറുത്ത കുത്തിടുക പതിവാണ്.

കേരളത്തിൽ നിലനിന്നിരുന്ന രീതിയിൽ നിന്നും തികച്ചും വ്യത്യസ്ഥമായ രീതിയിൽ ഈ സമ്പ്രദായം ഇന്ത്യയിലെ മറ്റ് പല ഭാഗങ്ങളിലും നിലനിന്നിരുന്നു. ഉദാഹരണത്തിന്, നാഗവർഗ്ഗത്തിൽ പെൺകുട്ടികൾ ഋതുമതിയാകുന്നതോടെ, വിവാഹപ്രായമെത്തിയതിന്റെ സൂചനയായി പച്ചകുത്താറുണ്ട്. ഇവ

രുടെ കാഴ്ചപ്പാടിൽ ഇത് പവിത്രതയുടെ പ്രതീകമാണ്. വിവാഹത്തോടനുബന്ധിച്ച് മുസ്ലീം വധുവിന്റെ കൈക്കുള്ളിൽ മൈലാഞ്ചിയിടുന്ന ചടങ്ങ് നാഗന്മാരിൽ നിന്നും കടമെടുത്തതാകാം. നാഗവർഗ്ഗത്തിൽ പുരുഷന്മാരും, ശൈശവം വിട്ട് യൗവ്വനാവസ്ഥ പ്രാപിക്കുന്നതോടെ ഞാൻ യോദ്ധാവായി അഥവാ വേട്ടക്കാരനായി എന്നതിന്റെ ചിഹ്നമെന്നോണം പച്ചുകുത്താറുണ്ട്. ഓരോ യുദ്ധങ്ങളിൽ ജയിക്കുമ്പോഴും, ഓരോ വേട്ട മൃഗങ്ങളെ കൊന്നൊടുക്കുമ്പോഴും അതിന് അനുസൃതമായി അയാളുടെ ശരീരത്തിൽ പുതിയ രൂപത്തിലും ഭാവത്തിലും ചിത്രങ്ങൾ തെളിയുന്നു. ചുരുക്കത്തിൽ, യൗവ്വനദശ പിന്നിട്ടാൽ മരണം വരെ അയാളുടെ ശരീരത്തിൽ പുതിയ ചിത്രങ്ങൾ നിറഞ്ഞുകൊണ്ടിരിയ്ക്കും. മരിക്കുമ്പോൾ ശരീരം നിറയെ ചിത്രങ്ങളാണെങ്കിൽ അയാളെ കാത്തിരിക്കുന്നത് സ്വർഗ്ഗലോകമായിരിക്കും, അഥവാ, വീണ്ടും ജന്മമെടുക്കുന്നുവെങ്കിൽ അത് പുണ്യജന്മമായിരിക്കും എന്ന് വിശ്വാസം. എന്നാൽ ചിത്രങ്ങൾ ഒന്നുമില്ലാത്ത ശരീരമാണെങ്കിലോ; അത് പ്രേതമായി ഭൂമിയിൽ അലഞ്ഞ് തിരിഞ്ഞ് നടക്കും. ചുരുക്കത്തിൽ നാഗന്മാർക്ക് ശരീരത്തിൽ ചിത്രം ചേർക്കുക എന്നത് അഭിമാനത്തിന്റെ മാത്രം പ്രശ്നമായിരുന്നില്ല; മറിച്ച് അതൊരു ആവശ്യകത കൂടിയായിരുന്നു.

തമിഴ്നാട്ടിലും പച്ചകുത്തൽ സമ്പ്രദായം നിലനിന്നിരുന്നു. ദ്രാവിഡരുടെ കലർപ്പില്ലാത്ത പിൻഗാമികളാണല്ലോ തമിഴർ. ദ്രാവിഡർ തങ്ങൾ വസിച്ചിരുന്ന ഗുഹകളിൽ മൃഗങ്ങളുടേയും പക്ഷികളുടേയും ചിത്രങ്ങൾ കൊത്തിവച്ചിരുന്നു. ആര്യ അധിനിവേശം ദ്രാവിഡരെ സ്വന്തം നാട് (സിന്ധു നദീതീരം) ഉപേക്ഷിക്കുവാൻ നിർബന്ധിതരാക്കുകയും, കൂട്ടമായി ഇവർ അന്യദിക്കിലേക്ക് പലായനത്തിന് നിർബന്ധിതരാവുകയും ചെയ്തു. ഇതിൽ ഒരു വിഭാഗം ഇന്നത്തെ തമിഴ്നാട്ടിൽ വാസം ഉറപ്പിച്ചു. ഇവർ ഐശ്വര്യ ദേവതയെ വരവേൽക്കാനായി മുറ്റത്ത് കോലമിടുക പതിവായിരുന്നു (ആണ്). ശരീരത്തിൽ ഇഷ്ടദേവന്റെ ചിത്രം വരച്ചു ചേർത്താൽ കഷ്ടതകളിൽ നിന്നും ഈ ദേവൻ സംരക്ഷണം നൽകുമെന്നു ഇക്കൂട്ടർ വിശ്വസിക്കുകയും ചെയ്യുന്നു.

ഓരോ രാജ്യത്തിലെയും ജനങ്ങൾ അവരുടെ സംസ്കാരിക പൈതൃകം അനുസരിച്ച് വ്യത്യസ്ഥ ലക്ഷ്യങ്ങൾക്കായി പച്ചകുത്തൽ സമ്പ്രദായത്തെ ഉപയോഗിക്കുന്നു. ഉദാഹരണത്തിന് ഗ്രീസിൽ രഹസ്യ സംഘടനകളുടെ അംഗങ്ങളെ തിരിച്ചറിയാനായി ശരീരത്തിൽ കോറിയിട്ട ചിത്രങ്ങൾ ഉപയോഗിച്ചിരുന്നു. റോമാക്കാർ അവരുടെ അടിമകളുടെ പുറത്ത് അടിമത്വത്തിന്റെ ചിഹ്നമായി ഇതിനെ ഉപയോഗിച്ചിരുന്നുവത്രേ. ജപ്പാനിലും റഷ്യയിലും ചരിപണ്ടു മുതൽ തന്നെ ഇത്തരത്തിലുള്ള ചിത്രങ്ങൾ സമൂഹത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തിയിരുന്നു. അരുതാത്തത് ചെയ്താൽ കുറ്റത്തിന്റെ വിശദീകരണം കുറ്റക്കാരുടെ നെറ്റിത്തടത്തിൽ വരച്ചിടുമായിരുന്നു.

പച്ചകുത്തലുകൾ ചില സന്ദർഭങ്ങളിൽ പാസ്പോർട്ടിന്റെ ഗുണവും ചെയ്യാറുണ്ട്. പ്രധാനമായും ഇത് ഗുണം ചെയ്യുന്നത് നാടോടികളിലാണ്. ചിത്രത്തിന്റെ രൂപവൈവിധ്യങ്ങൾ നോക്കി ആ വ്യക്തിയുടെ വർഗ്ഗത്തേയും വാസസ്ഥലത്തേയുംക്കുറിച്ചും പ്രയാസമില്ലാതെ മനസ്സിലാക്കാൻ കഴിയും. പ്രത്യേകിച്ച് ഓരോവ്യക്തിയേയും കുറിച്ച് വ്യക്തമായ തിരിച്ചറിയൽ രേഖകൾ ഇല്ലാതിരുന്ന കാലത്ത് ഇവ യഥാർത്ഥ തിരിച്ചറിയൽ കാർഡ് തന്നെയായിരുന്നു.

സമൂഹത്തിൽ നിലനിൽക്കുന്ന ഈ സംസ്കാരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന നഗരവാസികളുടേയും ശീലമായി ഇത് മാറിയിരിക്കുന്നു. മനശാസ്ത്രജ്ഞൻമാരുടെ അഭിപ്രായത്തിൽ ഒരു വ്യക്തിയുടെ ഉള്ളിലുള്ള വികാരത്തിന്റെ ബഹിർസ്ഫുരണമാണ് വരകളും ചിത്രങ്ങളുമായി ശരീരത്തിൽ കോറിയിടപ്പെടുന്നത്, അതു കൊണ്ടു തന്നെ ഈ ചിത്രങ്ങളിലും വ്യത്യസ്ഥതയുണ്ടാകുന്നു. ചിലർ ആത്മീയതയുടെ അംശങ്ങൾ കൊത്തി വയ്ക്കുമ്പോൾ മറ്റു ചിലരാകട്ടെ മഡോണയുടെ ചിത്രം ശരീരത്തിൽ ചാലിച്ചു ചേർക്കുന്നു.

## കാർട്ടൂൺ



കഥ



# മാസ്റ്റർ പീസ്

ഫിലിപ്പോസ്.ഒ
രണ്ടാം വർഷ എംകോം

ഞാൻ കൊത്തിയുണ്ടാക്കിയ ശില്പങ്ങൾ ഏറെയും പനിപിടിച്ച ഓർമ്മകൾ മാത്രമായിരുന്നു. മനസ്സിലെ വികാരം മുഖത്ത് പ്രതിഫലിക്കുന്നതായിരുന്നു എന്റെ ശില്പങ്ങളുടെ പ്രത്യേകത, അതു കൊണ്ടു തന്നെ അവയിൽ നിഴലിച്ചത് നിരാശകളും, നൊമ്പരങ്ങളും മാത്രം. വ്യത്യസ്ഥതകളും പുതുമകളുമായിരുന്നു എന്റെ കുടെപിറപ്പ് . മറ്റാർക്കും കഴിയാത്തവ സൃഷ്ടിക്കുന്നതിലായിരുന്നു ഞാൻ കണ്ടെത്തിയ വെല്ലുവിളി.

ആകാശത്തിലെ ശൂന്യതയും, ആഴക്കടലിന്റെ നീലിമയും, മാതൃസ്നേഹത്തിന്റെ ആഴവും ഞാൻ കൊത്തിയുണ്ടാക്കി. വേറിട്ട ചിന്താഗതികളും വഴിമാറിയുള്ള സഞ്ചാരവും എന്നെ കൊണ്ടെത്തിച്ചത് പ്രശസ്തിയുടെ കൊടുമുടികളിലാണ്. അഭിനന്ദനങ്ങളും, അവാർഡുകളും കോരിച്ചൊരിയുമ്പോഴും എന്റെ സൃഷ്ടികളിൽ പൂർണ്ണസംതൃപ്തി കണ്ടെത്താൻ കഴിയാത്തവിധം ഞാൻ ഉഴലുകയായിരുന്നു. ഒരു മാസ്റ്റർ പീസ്? അസ്വസ്ഥ മനസ്സിന്റെ അടങ്ങാത്ത ചോദ്യം. ഇനിയുമത് ജനിക്കേണ്ടിയിരിക്കുന്നു.



ഒടുവിൽ ഞാൻ കണ്ടെത്തി അവൾ എന്റെ പ്രണയിനി, പ്രീയപ്പെട്ട സെലീന..........

ഒരു ശില്പിക്ക് ഹൃദയം കൊടുത്തവൾ

കോടമഞ്ഞിൽ പൊതിഞ്ഞ ഡിസംബറിന്റെ തണുപ്പിൽ ചൂടു പകർന്നവൾ

ഭാവനകൾക്ക്, സൃഷ്ടികൾക്ക് നിറം ചാർത്തിയവൾ മനസ്സിലെ സ്നേഹം ഹൃദയ രക്തത്താൽ കൈത്തണ്ടയിൽ പതിച്ചവൾ, ഒരു ശില്പിയുടെ ഏറ്റവും വലിയ ഭാഗ്യം.

അടങ്ങാത്ത ആവേശത്തോടെ അതിരറ്റ ആർജവത്തോടെ എന്റെ കൈകൾ അവൾക്കായ് ചലിച്ചു, എന്റെ മാസ്റ്റർ പീസിനായി.

കനവുകൾ ഉറങ്ങുന്ന, പുഞ്ചിരി മയങ്ങുന്ന, നാണത്തിൽ പൊതിഞ്ഞ സെലീന.

മനസ്സിൽ നെയ്ത ആ ഹൃദയ കാവ്യം മണ്ണിൽ മെനഞ്ഞെടുത്തു. സൂചിയിൽ നൂൽ കോർക്കുന്ന സൂക്ഷ്മതയിൽ കൊത്തിയുണ്ടാക്കിയ അവളെ അഗ്നിയെ വിഴുങ്ങുന്ന കണ്ണുകൾ കൊണ്ട് നോക്കി കണ്ടു.

ഒരു നിമിഷം...., ഞാൻ പകച്ചു പോയി. ആദ്യമായി പരാജയപ്പെട്ടു എന്നു തിരിച്ചറിഞ്ഞ ആ നിമിഷം എന്റെ കൈകൾ തണുത്തു വിറങ്ങലിച്ചിരുന്നു, ഇനിയൊരിക്കലും ചലിക്കാത്ത വിധം. അവളുടെ മനസ്സിന്റെ ഉള്ളറകൾ മുഖത്ത് പ്രതിഫലിപ്പിക്കുന്നതിൽ എത്ര ശ്രമിച്ചിട്ടും പരാജയപ്പെട്ടിരിക്കുന്നു. അപ്പോഴേക്കും മനസ്സിലെ സിസ്മോഗ്രാഫിൽ രേഖപ്പെടുത്തിയ ചലനം ഏഴിന് മേൽ.

കവിത

# രാപ്പക്ഷി

ഹെമിങ് വേ

(ചിക്കാഗോ 1921)

നിന്റെ ചിറകുകൾ കൊണ്ട്
എന്റെ കണ്ണുകളെ മൂടുക
കരിമ്പടം നിവർക്കുന്ന പോലെ
ഹേ, രാപ്പക്ഷീ, നീ നിന്റെ
ചിറകുകൾ നീർക്കുക
ഒരു പൂവൻ കോഴിയുടെ
ചിറകിന്റെ താഢനം പോലെ
കരുത്തുറ്റ ചിറകടികൾ കേൾക്കട്ടെ!
ചെതുമ്പലാൽ പൊതിഞ്ഞ പേലവമാംസത്തെ
മാന്തിപ്പറിക്കുക
നിന്റെ കൊക്കുകളെൻ ചുണ്ടിലാഴ്ത്തുക
നിന്റെ ചിറകുകൾ കൊണ്ടെൻ
കണ്ണുകളെ മൂടുക!



കഥ



# പലായനം

ജസ്റ്റിൻ.എസ്
രണ്ടാം വർഷ ബീകോം

അന്നും പതിവ് തെറ്റിച്ചില്ല. ജോലി കഴിഞ്ഞ് നാല് കാലിൽ കയറി വന്ന അച്ഛൻ അമ്മയെ രണ്ടു തെറിവിളിക്കാനായിത്തന്നെ ഒരു കാരണമുണ്ടാക്കി. വാശിയിൽ ഒട്ടും പുറകിലല്ലാത്ത അമ്മയും തുടങ്ങി പൂരപ്പാട്ട്. പിന്നെ പറയണോ ബാക്കി കഥ. ഇതു കേട്ടു കൊണ്ട് അവരുടെ മൂത്ത മകൻ മനു അകത്തിരിപ്പുണ്ടായിരുന്നു, അടുത്തുള്ള മൂന്നു നാല് വീട്ടുകാരുടെ അവസ്ഥയെക്കുറിച്ച് അവൻ ഓർത്തു. അവർ പണ്ടെന്നോ ചെയ്തിട്ടുള്ള പാപത്തിന്റെ ഫലമായിരിക്കും. മനു അങ്ങനെ സമാധാനിച്ചു. ഈ സമയത്തും കൂർക്കം വലിച്ചുറങ്ങുന്ന തന്റെ അനുജനോട് അവന് അസൂയ തോന്നി. തന്നെ സൃഷ്ടിച്ച ദൈവങ്ങളോട് പകയും. രണ്ടു പേരുടെയും നാക്ക് കുഴഞ്ഞ് സംസാരത്തിന്റെ ശബ്ദം കുറഞ്ഞു വന്നപ്പോൾ പതിവുപോലെ സ്വർഗ്ഗം കിട്ടിയ അനുഭവമായിരുന്നു.

'ഹൊ. ഇനിയെങ്കിലും ഒന്നുറങ്ങാമല്ലോ'. അവൻ ആരോടൊ എന്നതു പോലെ പതുക്കെ പറഞ്ഞു.

തിരിഞ്ഞും മറിഞ്ഞും കണ്ണടച്ചുമെല്ലാം കിടന്നെങ്കിലും ഉറക്കം അവനെ ത്തേടിയെത്തിയില്ല. എന്തിനാണ് ഇങ്ങനെയൊരു ജീവിതം? അവൻ ഓർത്തു. വയസ്സ് ഇരുപതായെങ്കിലും ഇതുവരെ പ്രീഡിഗ്രിപോലും എഴുതിയെടുത്തില്ല. അതിനാൽ എപ്പോഴും അച്ഛന്റേയും അമ്മയുടേയും മത്സരിച്ചുള്ള കുത്തുവാക്കുകൾ കേൾക്കേണ്ടി വരുന്നു. ആ നേരത്ത് അനാഥരായ കുട്ടികളോട് അവനസൂയ തോന്നി. ഞാനും ഒരനാഥനായിരുന്നുവെങ്കിൽ എന്ന് അവൻ ആഗ്രഹിച്ച നിമിഷമായിരുന്നു അത്. ബന്ധങ്ങളില്ലാതെ, ബന്ധനങ്ങളില്ലാതെ, ബാദ്ധ്യതകളില്ലാതെ ആരുടേയും വേദനിപ്പിക്കുന്ന വാക്കുകൾ കേൾക്കാതെ സുഖമായി ജീവിക്കാമായിരുന്നു. പെട്ടെന്നൊരു ചിന്ത അവന്റെ മനസ്സിനെ വിഴുങ്ങി. ഒറ്റയ്ക്കൊരു ജീവിതം എനിക്കുമുണ്ടാക്കണം. അങ്ങനെയൊരു ജീവിതം തേടി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. അതിന് വീട് വിട്ടിറങ്ങണം.

വളരെ നേരത്തെ ആലോചനയ്ക്കു ശേഷം, നാളെ ഇവിടം വിടാം. എന്ന തീരുമാനം അവനെടുത്തു. അങ്ങനെയുറപ്പിച്ച് കൊണ്ട് അന്നു രാത്രി എങ്ങനെയോ ഉറക്കത്തെ അവൻ തന്നിലേക്ക് വലിച്ചടുപ്പിച്ചു.

പിറ്റേ ദിവസം രാവിലെ അമ്മയുടെ വിളി. "ടാ മനൂ...... എഴുന്നേൽക്ക്. പോയി പാൽ വാങ്ങിയിട്ട് വാ".

അവൻ എഴുന്നേറ്റു, ഇന്നും കൂടിയല്ലേയുള്ളൂ. വാങ്ങിക്കൊടുത്തേക്കാം.

പ്രാതൽ കഴിച്ചുകൊണ്ടിരിക്കുമ്പോൾ അച്ഛന്റേയും അമ്മയുടേയും പെരുമാറ്റംകണ്ട് ഇന്നലെയും ഇവരെത്തന്നെയാണോ കണ്ടത് എന്നവൻ സംശയിച്ചു. പക്ഷെ അവൻ എടുത്ത ഉറപ്പിന് യാതൊരു കോട്ടവും സംഭവിച്ചില്ല. അവൻ ഇറങ്ങാൻ തന്നെ തീരുമാനിച്ചു. കൂട്ടുകാരന്റെ വീട്ടിലേക്കാണെന്ന് പറഞ്ഞ് ഇറങ്ങുമ്പോൾ അവന്റെ കണ്ണുനിറഞ്ഞിരുന്നു. പഠനകാര്യത്തിൽ മോശമായിരുന്നെങ്കിലും അഭിമാനിയായിരുന്ന അവൻ ഉടുതുണിയും അതിലുണ്ടായിരുന്ന ഇരുപതു രൂപയും ഒഴിച്ച് ഒന്നും തന്നെയെടുത്തിരുന്നില്ല. റോഡിലിറങ്ങി നിന്നപ്പോൾ ആദ്യം വന്ന ബസ്സിന്റെ ബോഡിൽ കൊട്ടാരക്കര. മടിച്ചില്ല അവൻ അതിൽ തന്നെ കയറി. കൊട്ടാരക്കരവരെയും ഇരിക്കാൻ സീറ്റ് കിട്ടിയില്ല. സ്റ്റാന്റിൽ ഇറങ്ങി ഓരോ ബസ്സിന്റേയും ബോഡുകൾ മാറി മാറി നോക്കി. പട്ടാഴി, കൊള്ളാം. അവന് ആ പേര് ഇഷ്ടപ്പെട്ടതു കൊണ്ടാണോ എന്നറിയില്ല അവൻ അതിൽ കയറിയിരുന്നു.



ഒരു ശബ്ദം കേട്ടുണർന്ന് നോക്കിയപ്പോൾ അവന് മനസ്സിലായി ബസ് അവസാനം വരെ എത്തിയിരിക്കുന്നു. അവൻ അവിടെ ഇറങ്ങി. ആ സ്ഥലം അവനെ വല്ലാതാകർഷിച്ചു. എന്തൊക്കെയോ നേടിയതുപോലെ അവന്റെ മനസ്സ് അഹങ്കരിച്ചു. പിന്നെ കുറേ ദൂരം നടന്നു. കുന്നും പാറക്കൂട്ടങ്ങളും എല്ലാം ഉണ്ടായിരിന്നെങ്കിലും ചുട്ടുപൊള്ളുന്ന വെയിലായിരുന്നു. അല്പം വെള്ളം കുടിച്ചാൽ കൊള്ളാമായിരുന്നു. പക്ഷെ പരിസരത്തൊന്നും ഒരു കട പോലും കണ്ടില്ല. ബസ്സിറങ്ങിയ സ്ഥലത്ത് കുറേ കടകൾ ഉണ്ടായിരുന്നു. പക്ഷെ തിരിച്ചു നടക്കാൻ കുറേയുണ്ട്. പിന്നെയും കുറച്ച് ദൂരം നടന്നപ്പോൾ അവൻ ഒരു മുറുക്കാൻ കട കണ്ടു. തന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ സന്തോഷങ്ങളിൽ ഒന്നായി അവനത് അനുഭവപ്പെട്ടു. കടയുടെ മുന്നി

ലെത്തി പോക്കറ്റിൽ കൈയ്യിട്ടപ്പോൾത്തന്നെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ ദുഃഖങ്ങളിലൊന്ന് അവനനുഭവപ്പെട്ടു. കണ്ടക്ടറുടെ കൈയ്യിൽ നിന്നും ബാക്കി വാങ്ങാത്ത കാര്യം അപ്പോഴാണ് അവൻ ഓർത്തത്. കണ്ട ക്ടറെ മനസ്സിൽ രണ്ട് തെറിയും വിളിച്ച് അവൻ വീണ്ടും നടന്നു. സൂര്യൻ തലചായ്ച്ചു തുടങ്ങിയിരുന്നു റോഡിന്റെ അരികുവശത്ത് ഒരു വലിയ ആൽത്തറ അവൻ കണ്ടു. ക്ഷീണം സഹിക്കാൻ കഴിയാതെ അവൻ അവിടെ കിടന്നു. അല്പ നേരം ഒന്നുമയങ്ങി. അധികം സമയമൊന്നും അവന് ഉറ ങ്ങാൻ കഴിഞ്ഞില്ല. അവൻ എഴു ന്നേറ്റപ്പോൾ ഇരുട്ടിന്റെ തിരശ്ശീല ഭൂമിയെ മുഴുവനായി മൂടിയിരു ന്നു. സൂര്യൻ തന്നെ വിട്ട് പോയോ എന്നവൻ ചിന്തിച്ചു പോയി. വിശപ്പിന്റെ ആക്രമണം ഉച്ചമുതലേ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ സഹിക്കാൻ വയ്യാത്ത രീതിയിലായിരിക്കുന്നു. ആഹാര ത്തിന് ജീവിതത്തിലിത്രയധികം പ്രാധാന്യം ഉണ്ടെന്ന് അന്ന് ആദ്യ മായി അവൻ മനസ്സിലാക്കി. കുറച്ച് സമയം കൂടി കഴിഞ്ഞ പ്പോൾ ആൽത്തറയെ ലക്ഷ്യ മാക്കി ആരോ ഒരാൾ നടന്നടുക്കു ന്നത് അവൻ കണ്ടു. ശ്രദ്ധിച്ചു നോക്കിയപ്പോൾ ഒരു ഭ്രാന്തന്റെ എല്ലാ ലക്ഷണങ്ങളുമുള്ള ഒരു വിരൂപം. അയാൾ അടുത്തു ചെന്ന് രൂക്ഷമായി അവനെയൊന്നു നോക്കി. അവൻ പതുക്കെ താഴെയിറങ്ങി ഓടുവാൻ തയ്യാറായി നിന്നു. കുറച്ച് നേരം ശ്രദ്ധിച്ച പ്പോൾ ഉപദ്രവകാരിയല്ലെന്ന് മനസ്സിലായി. അയാളുടെ കൈയ്യിൽ ഒരു പൊതി യുമുണ്ടായിരുന്നു. രൂക്ഷമായ അയാളുടെ മുഖത്ത് നിന്നും ദയനീയമായ ഒരു ശബ്ദം വെളിയിലേക്ക് വന്നു. "ആരാ"?



ഞാനൊന്നും മിണ്ടാതെ നിന്നപ്പോൾ അയാൾ ആൽത്തറയിൽ കയറി ഇരുന്നു. ഞാനും പതുക്കെ അവിടെ കയറി ഇരുന്നു. കുറച്ച് നേരം കൂടി കഴി ഞ്ഞപ്പോൾ അയാളാപൊതിയഴിച്ച് അതിലെ ആഹാരം കഴിക്കുവാൻ തുടങ്ങി എവിടെ നിന്നോ യാചിച്ച് വാങ്ങിയതാണെന്ന് മനുവിന് മനസ്സിലായി. വിശപ്പ് അവനുമായി ഒരു യുദ്ധം നടത്തിക്കൊണ്ടിരിക്കുകയായിരുന്നെങ്കിലും അഭി മാനം വിശക്കുന്നു എന്നു പറയുന്നതിൽ നിന്നും വീണ്ടും അവനെ പിന്തിരി പ്പിച്ചു.

രണ്ടു മണിക്കൂർകൂടി കഴിഞ്ഞു പോയിട്ടും അവൻ അവിടെത്തന്നെ ഇരിക്കുകയായിരുന്നു. അത്താഴം കഴിഞ്ഞുറങ്ങിയ ആ വിരൂപൻ ആ സമയത്ത് എഴുന്നേറ്റു. എല്ലാം ആരോടെങ്കിലും പറയാനായി വെമ്പിനിന്നിരുന്ന അവനോട് അയാൾ വീണ്ടും ചോദിച്ചു. "നീ ഏതാടാ കൊച്ചനേ?"

അവൻ താത്ക്കാലിക സമാധാനത്തിനെങ്കിലും എല്ലാം അയോളോട് തുറന്നു പറഞ്ഞു. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ അയാളുടെ വായിൽ നിന്നും ഒരട്ടഹാസം വെളിയിൽ വന്നു. ആ സമയം അവനുറപ്പായി അയാൾക്ക് ഭ്രാന്താണെന്ന്. അവന്റെ കൈകളും കാലുകളും മത്സരിച്ച് വിറയ്ക്കാൻ തുടങ്ങി. അയാളോടൊന്നും പറയാണ്ടായിരുന്നു. അവന് തോന്നി. അട്ടഹാസത്തിനു ശേഷം അയാൾ അവനോട് കൂടുതലൊന്നും പറഞ്ഞില്ല. ഒരേ ഒരു വാചകം മാത്രം. "ടാ കൊച്ചനെ നിന്നെപ്പോല ഞാനുമൊരിക്കൽ വീടുവിട്ടിറങ്ങിയതാണ്, ജീവിതവും തേടി"

അതിനുശേഷം വീണ്ടും ഒരു പ്രാവശ്യം കൂടി അട്ടഹസിച്ചു കൊണ്ട് അയ്യാൾ അവിടെത്തന്നെ കിടന്നു. ആ ഒരു വാചകം അവന്റെ, മനസ്സിനെ ഒന്നു അലക്കിയെടുത്തതായി അവന് അനുഭവപ്പെട്ടു. അവനുമനസ്സിലായി. ഇങ്ങനെ നടന്നാൽ താനും ഒരിക്കൽ...... പെട്ടെന്നൊരു നിമിഷം, വീട്ടിലായിരുന്നെങ്കിൽ ... എന്നവനോർത്തുപോയി. പക്ഷെ ഇനിയെങ്ങനെ തിരിച്ചു പോകും എങ്ങനെ എല്ലാവരെയും അഭിമുഖീകരിക്കും. പോകണമെങ്കിൽത്തന്നെ വണ്ടിക്കൂലിക്കു പൈസ വേണ്ടേ എന്തുവന്നാലും രാവിലെ തിരിച്ചു പോകണം. അങ്ങനെ ഉറപ്പിച്ച് എങ്ങനെയോ അന്ന് അവനുറങ്ങി.

രാവിലെ വളരെ വെളുപ്പിന് എഴുന്നേറ്റു. പക്ഷെ ആ സമയത്ത് ഇന്നലെ ഇവിടെ വന്നു കിടന്ന ആ ഭ്രാന്തൻ അവിടെയുണ്ടായിരുന്നില്ല. വെട്ടം വീണു തുടങ്ങി. സൂര്യൻ വീണ്ടും അവനെത്തേടി വരുന്നുവോ? എന്നവനു തോന്നി അവൻ തിരിച്ചു ബസിറങ്ങിയ സ്ഥലത്തേക്ക് നടന്നു. ആ സമയത്ത് അഭിമാനം നോക്കാതെ എങ്ങനെയോ തിരികെ വരാനുള്ള കാശുണ്ടാക്കി. വീടിന്റെ അടുത്തെത്തിയപ്പോൾ പരിചയമുള്ള പലരെയും കണ്ടെങ്കിലും ആരേയും ശ്രദ്ധിക്കാതെ വീടിനെ ലക്ഷ്യമാക്കി മുൻപോട്ടു നടന്നു. മുറ്റത്തു തന്നെ അമ്മയും അനിയനും ഇരിപ്പുണ്ടായിരുന്നു. അമ്മയുടെ കണ്ണുനിറഞ്ഞിട്ടുണ്ടായിരുന്നു. കാര്യത്തിന്റെ ഗൗരവം അവനു മനസ്സിലായി. മുറ്റത്തു ചിതറിക്കിടന്ന വിറകുകൾ വാരിയെടുത്ത് ഒരു വശത്തേക്കു മാറ്റിയിട്ട് ചമ്മൽ മറയ്ക്കാനായി അവൻ പറഞ്ഞു.

"ശ്ശെ! ഒരു ദിവസം ഒന്നു മാറി നിന്നാൽ ഒരു കാര്യവും ആരും ഉത്തരവാദിത്വത്തോടെ ചെയ്യില്ല".

എല്ലാം അടുക്കിയെന്നു വരുത്തി അവൻ നേരെ അടുക്കളയിലേക്ക് കയറി.

കവിത

# സ്വപ്നം



രജിഷ്.ആർ
ഒന്നാം വർഷ ബീകോം



എല്ലാ വാതിലുകളും എൻ മുന്നിലടയുന്നു
തുറക്കുവാൻ കഴിയാതെ ഞാൻ നിന്നു പിടയുന്നു
എല്ലാ ദുഃഖങ്ങളും എന്നെ നോക്കി ചിരിക്കുന്നു
കരയുവാൻ കഴിയാതെ ഞാൻ നോക്കി നിൽക്കുന്നു
മനസ്സിലെ വേദനകൾ അണപൊട്ടി ഒഴുകുന്നു
സഹിക്കുവാൻ കഴിയാതെ ഞാൻ നിന്നു വിറക്കുന്നു.
എന്നിലെവിടെയോ സ്നേഹം ദുഃഖസാഗരമാകുന്നു
അതിൽ മുങ്ങിത്താഴാനാവാതെ ഞാൻ നിന്നുലയുന്നു
മനസ്സിലെ തംബുരു ദുഃഖങ്ങൾ മീട്ടുന്നു.
ചിരിക്കുവാൻ കഴിയാതെ ഞാൻ നിന്നു തപിക്കുന്നു
എരിയുന്ന വേനലിൽ ഉരുകുന്ന മനസ്സിലെ തന്ത്രിയിലൊന്നിൽ
ചോര വാർന്നൊഴുകി ഒരു നൊമ്പരം എന്നിലുയിർക്കുന്നു
അലിയുമീ തെന്നലിൽ ഇടറിയ ശീലുകൾ
കാലത്തിൻ കാണാപ്പുറങ്ങളിൽ സ്നേഹനൊമ്പരം നിറക്കുന്നു.
ഇളം കാറ്റിന്റെ ചുണ്ടിലും മരണം പരക്കുന്നു, ദുരന്തങ്ങളുടെ
നിലക്കാത്ത ശബ്ദങ്ങൾ നടനമാടുന്നു.

---

*ഒരു കീരി ലില്ലിച്ചെടിയോടു പറഞ്ഞു*
*"കണ്ടോ ഞാൻ എത്രവേഗം ഓടുന്നു;*
*അതേ സമയം നിനക്ക് ഒന്ന് നടക്കുവാനോ,*
*ഒന്നിഴയുവാൻ പോലുമോ കഴിയുന്നില്ല"*
*ലില്ലിച്ചെടി പറഞ്ഞു*
*"അല്ലയോ എത്രയും മഹനീയനായ ഓട്ടക്കാരാ*
*ദയവായി വേഗം ഓടിയാലും*

*- ഖലീൽ ജിബ്രാൻ -*

കഥ



# അവൾ

സോണി.എം
ഒന്നാം വർഷ ബീകോം

നിറഞ്ഞു കൂടുന്ന പലതിൽ നിന്നും ഒന്നെടുക്കേണ്ടി വന്നപ്പോഴൊക്കെ എന്റെ മനസ്സിലുള്ള ഒന്നു തന്നെ ഞാനെടുത്തു. മറ്റൊന്നും എനിക്ക് കാണാൻ കഴിഞ്ഞില്ല, അറിയാനും. ആരുമായിത്തീരാനല്ല മനുഷ്യൻ ജനിക്കുന്നത്, ഒന്നുറപ്പാണ് മനസ്സിലെ വികാരവിചാരങ്ങൾ ഭീതിയോ സ്നേഹമോ ആയിത്തീരും, ശ്വാസോച്ഛ്വാസം പോലെയാണ് സ്നേഹം. അത് പ്രകൃത്യാലുള്ളതാണ്. സ്നേഹത്തിനു കണക്കു പുസ്തകമില്ല, കണക്കുമില്ല. സ്നേഹിക്കുക, സ്നേഹത്തെ ആരാധിക്കുക, സ്നേഹത്തിനു മുന്നിൽ ചിരിക്കുക, ആ ചിരിയോടു കൂടി ഒരുനാൾ മാഞ്ഞുപോവുക. ജീവിതത്തിന്റെ അർത്ഥം തേടുന്നത് ക്രൂരതയാണ്.



ആയിരം മധുരസങ്കല്പങ്ങളേക്കാൾ അല്പം കയ്പുള്ള ഒരു യാഥാർത്ഥ്യം, അതല്ലേ ഉചിതം, സങ്കല്പമില്ലാത്ത അനുഭവം അനുഭവമല്ല. അനുഭവമില്ലാതെ ജീവിതം പൂർണ്ണവുമല്ല.

അവൾ ജീവിതത്തിന്റെ ഗന്ധമാണ്. ഒരു വേള ചിരിച്ച്, ഒരു വേള കരഞ്ഞ്, ഒരു വേള ശാസിച്ച്, ഒരു വേള മനസ്സിലൊരു ചോദ്യമെറിഞ്ഞ്, ജീവിതത്തിന്റെ ചാരേ എന്നുമവൾ എന്നോടൊപ്പമുണ്ടായിരുന്നു. സ്നേഹമായിരുന്നു അവൾ. കണ്ണീർച്ചാലിൽ സാന്ത്വനത്തിന്റെ മൃദുസ്പർശമായിരുന്നു അവൾ.. ഒരു വേള കാണാഞ്ഞാൽ ആ മുഖത്ത് പരിഭവത്തിന്റെ പരിജാതം പൂത്തു നിന്നുരുന്നു. സഹനത്തിന്റെ സഹചാരിയും ദൈന്യതയുടെ കൂട്ടാളിയുമായിരുന്ന അവളിൽ ഇപ്പോൾ പകയുടെ നീലവർണ്ണമേറെയാണ്. ഒന്നും പറയാതെ എന്തോ പറഞ്ഞവൾ യാത്രയായി, എങ്ങോട്ടെന്നില്ലാതെ, എനിക്കിപ്പോൾ അവളൊരു പുസ്തകം പോലെയാണ്. നിഗൂഢതകളും നിശബ്ദതയും പുഞ്ചിരിയും നിറഞ്ഞ ഒരു പുസ്തകം പോലെ. പണ്ട് അവൾ എഴുതി വാങ്ങിയ പ്രണയലേഖനങ്ങളെല്ലാം തിരിച്ചു തരികയാണെങ്കിൽ എനിക്കൊരു നല്ല പുസ്തകമായേനേ എവിടെയായിരിക്കാം അതൊക്കെ ഇന്നവൾ ഒളിപ്പിച്ചുവച്ചിരിക്കുക? അവളുടെ ഹൃദയത്തിലോ...... ഭർത്താവിന്റെ തലയിണക്കടിയിലോ....... അതോ ഞങ്ങളുടെ പഴയ പുസ്തകത്തിലോ..

കഥ



# വിൽക്കാനുണ്ട്

**കുഞ്ചാക്കോബോബൻ, ഹൃതിക് റോഷൻ.........**

# സ്റ്റോക്കില്ല

**മഹാത്മജി, നേതാജി......**

**ആശാമേരി.എ**
പ്ലസ് വൺ

വിമൻസ് കോളേജിന്റെ ഗേറ്റിനു വശത്തായുള്ള ആൾക്കൂട്ടം, എന്റെയും സുഹൃത്തുക്കളുടേയും ശ്രദ്ധയെ അവിടേക്കാകർഷിച്ചു.

അവിടെ കൂടിനിന്നവരിൽ അധികവും പെൺകുട്ടികൾ തന്നെ. തിക്കിത്തിരക്കി ഞാനാ വലയം ഭേദിച്ച് അകത്തേക്ക് എത്തിനോക്കി ......

ഓ., ഇതാണോ...... ഞാൻ കരുതി......

എന്റെ ഈ തണുപ്പൻ പ്രതികരണം കേട്ടപ്പോഴേക്കും സുഹൃത്തുകളുടെ ആകാംഷ തെല്ലൊന്നു കെട്ടിരുന്നു. കാര്യം അറിഞ്ഞപ്പോൾ എന്റെ പ്രതികരണം ശരിയാണെന്ന് അവർക്കും തോന്നിയിരിക്കണം.

അവിടെ ...... നരച്ചമുടിയും കുറ്റിത്താടിയുമുള്ള കിളരം കൂടിയ കിളവൻ ചടഞ്ഞിരിക്കുന്നു. അയാൾ തന്റെ മെല്ലിച്ച കൈ കൊണ്ട് മെല്ലെ കുഞ്ചാക്കോ ബോബന്റെ ചിത്രം വിറ്റ കാശ് കീശയിലേക്കിടുകയായിരുന്നു, അയാളുടെ മുന്നിലായി ഒരു നീല പ്ലാസ്റ്റിക് വിരിപ്പിൽ നിറയെ ചിത്രങ്ങൾ. ഒരു ഭാഗത്തു നിറയെ കുഞ്ചക്കോബോബൻമാരെ അടുക്കിവച്ചിരിക്കുന്നു. പിന്നെ തങ്ങളുടെ സ്ഥാനം നിലനിർത്താൻ പോലും കെല്പില്ലാത്ത കുറേ ക്രിക്കറ്റ് താരങ്ങളും, ഒരു ഭാഗത്ത് മമ്മൂട്ടിയും മോഹൻലാലും. അതിനടുത്തായി ഒരടുക്ക് മുഴുവനും മീശയില്ലാത്ത കുറേ ഹിന്ദി സിനിമാ നടന്മാരും. അയാളെ സംബന്ധിച്ചിടത്തോളം അവരെല്ലാം വിൽപ്പനച്ചരക്കുകളാണ്.

കുഞ്ചാക്കോ ബോബനെ ആവശ്യപ്പെട്ടിരുന്ന വിദ്യാർത്ഥിനികൾക്കിടയിൽ നിന്നും പെട്ടെന്ന് പരിചയമില്ലാത്ത ഒരു പേര് പൊന്തി വന്നു.

ഹൃതിക് റോഷൻ ഉണ്ടോ? ഈ കഹോനാപ്യാർഹെയിലെ നായകൻ ......

ഇല്ലല്ലോ...... ദേ ഇപ്പോ, തീർന്നതേയുള്ളൂ...... ആ കച്ചവടക്കാരന്റെ സ്വരം കേട്ടപ്പോൾ അവരുടെ മുഖം മ്ലാനമായി




ഇപ്പയിപ്പോ ആദ്യം തീരുന്നത് അയാളാ ......

കൈയ്യിൽ ഒരു ക്യാമറയുമായി ചരിഞ്ഞു കിടന്നിരുന്ന കുഞ്ചാക്കോ ബോബനെ നോക്കിക്കൊണ്ട് അയാൾ തുടർന്നു. വേണേൽ ഒരു കുഞ്ചാക്കോനെത്തരാം......

ഇതുകൂടി കേട്ടപ്പോൾ തങ്ങൾ വൈകിപ്പോയെന്ന് അവർക്കു തോന്നിയിരിക്കണം. അവർ പിൻവാങ്ങി.

"അല്ലാ നമ്മളെന്തിനാ വെറുതേ ഇവിടെക്കിടന്ന് തള്ളുന്നത് ". സുഹൃത്തിന്റെ ചോദ്യം കേട്ടപ്പോഴാണ് എനിക്കും അത് തോന്നിയത്- നേരാണല്ലോ,

നിലനില്പിനു വേണ്ടി ഞാനും അയാളോട് ഒരാവശ്യം ഉന്നയിച്ചു. ഡികാപ്രിയോ ഉണ്ടോ അമ്മാവാ?

ഒരു വിജയിയുടെ ഭാവത്തിൽ, കൂടി നിൽക്കുകയായിരുന്ന പെൺകുട്ടിളുടെയെല്ലാം മുഖങ്ങളിലേക്ക് നോക്കിയിട്ട് അയാൾ തുടർന്നു.

"ലിയനാർഡോ ഡികാപ്രിയോ?" അയാൾ എന്നെയൊന്നു സൂക്ഷിച്ചു നോക്കിയിട്ടു പറഞ്ഞു. അല്പം നിന്നാ വേണേൽ എടുത്തു തരാം

അടുത്തിരുന്ന ഒരു കാർഡ്ബോർഡിന്റെ കെട്ടിലേക്ക് വിരൽ ചൂണ്ടി അയാൾ തുടർന്നു. "അതൊക്കെ മറ്റേ കോളേജിലാ ചെലവാകുന്നത് "

കൂടിനിന്നിരുന്ന വിദ്യാർത്ഥിനികളെ നോക്കി ഒരു അനുബന്ധവും അയാൾ തൊടുത്തു വിട്ടു.

ഇവിടെ വേണേൽ ഈ കുഞ്ചാക്കോനും റിതിക്കുമൊക്കെ തന്നെ വേണം.

കോളേജിൽ ബെല്ലടിച്ചതു കൊണ്ടാവണം പൊടുന്നനെ അവിടെ കൂടി നിന്ന വിദ്യാർത്ഥിനികളുടെ എണ്ണം കുറഞ്ഞു.

വെറുതേയൊന്ന് തിരിഞ്ഞുനോക്കിയപ്പോൾ കൂടിനിന്നവരുടെ എണ്ണം കുറഞ്ഞതിന് മറ്റൊരു കാരണം കൂടി കണ്ടെത്താനായി.

ഒരു ഫ്ളൈയിംഗ് സ്ക്വാഡ് ജീപ്പ് അതുവഴി കടന്നു പോകുന്നു.

എടീ, അവന്മാരു നമ്മളെ ചെറഞ്ഞു നോക്കീട്ടാ പോവുന്നത്.

പോലീസുകാർ പോവുന്നത് നോക്കിക്കൊണ്ട് സുഹൃത്ത് സമയം അതിക്രമച്ചതിന്റെ കാര്യം ഓർമ്മിപ്പിക്കാനായി എന്റെ മുതുകിൽ തട്ടി.

ഞങ്ങൾ പിന്തിരിയാൻ തുടങ്ങുകയായിരുന്നു അപ്പോഴാണ് ഒരു വിചിത്ര വേഷധാരി (ഖദർ വേഷം, തലയിൽ ഒരു വെള്ളത്തൊപ്പി) അവിടെ പ്രത്യക്ഷപ്പെട്ടത്. ഞങ്ങളെ വകഞ്ഞുമാറ്റി അയാൾ ചിത്രം വാങ്ങാനെന്ന മട്ടിൽ മുന്നിലേക്ക് കടന്നു നിന്നു.

നേതാജിയുണ്ടോ? എന്ന പൊടുന്നനെയുള്ള അയാളുടെ ചോദ്യം ചിത്രം വില്പനക്കാരനെ തെല്ലൊന്നമ്പരിപ്പിച്ചു. അയാളുടെ മുന്നിൽ അല്പവസ്ത്രരായി കിടക്കുന്ന മീശയില്ലാത്ത ഹിന്ദി നടന്മാരെയും കുഞ്ചാക്കോബോബനെയും ഒന്നു നോക്കിയിട്ടു പറഞ്ഞു.

"ഇല്ലല്ലോ സ്വാമീ......"

"പിന്നെ, മഹാത്മജിയുണ്ടോ?" അടുത്ത ഈ ചോദ്യത്തോടെ അയാളുടെ ഉദ്ദേശ്യം പൂർണ്ണമായും കച്ചവടക്കാരന് മനസ്സിലായെന്ന മട്ടിൽ മറുപടിയും വന്നു കഴിഞ്ഞിരുന്നു. "ഓ, അതൊന്നും സ്റ്റോക്കില്ല്യാന്നേ, ഇനിയിപ്പോ എങ്ങുന്നും കിട്ടാനും തരമില്ല്യാ! അല്ലെങ്കിൽ ഒന്നോ രണ്ടോ ഒപ്പിച്ചെടുക്കാമായിരുന്നു".

അയാൾ തുടർന്നു. "അല്ലാ, വേണോങ്കി രണ്ടു ദെവസം കഴിഞ്ഞ് രാജീവ്ജിയെയോ ഇന്ദിരാജിയെയോ കൊണ്ടത്തരാം".

ഈ ഉത്തരം അയാളെ തൃപ്തനാക്കിയിട്ടില്ലെന്ന് അയാളുടെ മുഖം കണ്ടപ്പോൾ മനസ്സിലായായി. "നേതാജിയ്ക്കും മഹാത്മജിയ്ക്കും പകരമാകുമോ നിങ്ങളുടെ ഇന്ദിരാജിയും രാജീവിജിയും. പിന്നെയുള്ള......" പറഞ്ഞു മുഴുവനാകാതെ, ഒന്നു തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ അയാൾ നടന്നകന്നു.

എനിക്ക് ...... അവിടെ ആ അന്തരീക്ഷത്തിൽ എന്തൊക്കെയോ നഷ്ടപ്പെടുന്നതുപോലെ തോന്നി.

നമ്മൾ ആത്മാഭിമാനമെന്നോ ദേശാഭിമാനമെന്നോ ഒക്കെ പേരിട്ടു വിളിക്കുന്ന എന്തോ ഒന്ന്.......

പക്ഷെ, ആ വിചിത്രവേഷധാരിയെ അനുയാത്രചെയ്യാൻ അവിടെ കൂടിനിന്ന ആർക്കും തോന്നിയതേയില്ല.

കവിത

# എന്റെ ഗ്രാമം

ഷാജഹാൻ. ഇ
പ്ലസ് വൺ

ഭംഗിയാർന്നൊരു ഗ്രാമം
നന്മനിറഞ്ഞൊരെൻ ഗ്രാമം!
അദ്ധ്വാനഭാരം പൊഴിയ്ക്കും വിയർപ്പിനാൽ
ഹർഷ പുളകിതയാണെന്റെ ഗ്രാമം
ഗ്രാമീണ കന്യയുടെ
കഴുത്തിലണിയിക്കുവാൻ
പ്രകൃതി കോർക്കുന്നതൊരു
രത്നഹാരം
മാണിക്യമരതക
രത്നങ്ങളിണചേർന്ന
കമുകിൻ നിരകളാൽ
സമൃദ്ധമീ ഗ്രാമം
കൈതപ്പൂക്കളെ ചുംബിച്ചു-
ണർത്തും മന്ദാനിലൻ
തഴുകും വിഭാതത്തി
ലുണരും പതംഗങ്ങൾ
പാടുന്ന ഭൂപാളരാഗത്തിലുണരുന്ന
ഭൂവിന്ന് തുയിലുണർത്താം



അയൽക്കാരന്റെ ഉപജീവനമാർഗ്ഗം
തടയുന്നവൻ അയാളെ കൊല്ലുന്നു
വേലക്കാരന് കൂലികൊടുക്കാതിരിക്കുന്നത്
രക്തച്ചൊരിച്ചിലാണ്
-ബൈബിൾ-

കഥ



# ക്ഷമ

ബി.എസ്. പ്രണബ്

രണ്ടാം വർഷ എംകോം

ക്ളാസ്സു കഴിഞ്ഞു വന്നപാടെ വീർത്ത മുഖത്തോടെ അവൾ പുസ്തകങ്ങൾ മേശപ്പുറത്തേക്ക് വലിച്ചെറിഞ്ഞു...... "കാവിനടുത്തു വച്ച് ഒരു പയ്യൻ വണ്ടിയിൽ വന്നെന്നെ ശല്യപ്പെടുത്തി" വിങ്ങിക്കൊണ്ട് അവൾ പറഞ്ഞു..........

അയാളുടെ മുഖം ചുവന്നു.......... തളത്തിലെ പെണ്ണിനെ......... തന്റെ സഹോദരിയെ ഏതോ പീറപ്പയ്യൻ ശല്യപ്പെടുത്തിയെന്നോ!

എങ്കിലും അയാൾ ക്ഷമ പാലിച്ചു. "പോട്ടെ മോളെ, ഇനി അവൻ ആവർത്തിച്ചാൽ ഈ ഏട്ടനേറ്റു .........."

പിന്നീടൊരു ദിവസം .......... ക്ലാസ്സിൽ നിന്നു വന്നപാടെ വീർത്തമുഖത്തോടെ അവൾ പുസ്തകങ്ങൾ മേശപ്പുറത്തേക്ക് വലിച്ചെറിഞ്ഞു..........

"കാവിനടുത്തു വച്ച്......."



ഇത്തവണ അയാൾ ദേഷ്യം കൊണ്ട് വിറയ്ക്കുന്ന ശരീരത്തോടെ കുതിച്ചു. അവനെ കണ്ടു പിടിച്ചു.

അയാൾ വീണ്ടും ക്ഷമ പാലിച്ചു..

"തളത്തിലെ കുട്ടിയോടു വേണ്ട കളി...... നീ രണ്ടു കാലിൽ നടക്കില്ലാ!!....."

അവൻ വണ്ടിയുമായി തിരികെപ്പോയി.

ദിവസങ്ങൾ കഴിഞ്ഞു ....... അവൾ വളരെ വിഷാദവതിയായി..... അയാൾ ശ്രദ്ധിച്ചു.

പിറ്റേന്ന് അയാൾ ഒരു കത്തിയുമായി കാവിൽ മറവിൽ ഒളിച്ചിരുന്നു..........

അവൾ വരുന്നു ....... കുറച്ചു കഴിഞ്ഞപ്പോൾ തന്റെ സുന്ദരൻ വണ്ടിയില

വനുമെത്തി.......... അവളുടെ അരുകിൽ നിന്നു ..........

അയാൾ അരയിൽ നിന്നും കത്തിയെടുത്തു. ..........

അവൻ ഒരു വെള്ളകടലാസ്സ് അവൾക്കു കൊടുത്തു..........

അവൾ ചുറ്റും നോക്കി .......... അത് വാങ്ങി മടക്കിവച്ചശേഷം ബുക്കിൽ നിന്നും മറ്റൊരു മടക്കിയ കടലാസ് അവനും കൊടുത്തു..........

അയാൾ ക്ഷമ പാലിച്ചു .......... കത്തി തിരിച്ചു അരയിൽ തന്നെ വച്ചു.

കടലാസ്സിനു പകരം കടലാസ് (ബാർട്ടർ സിസ്റ്റം)

അയാൾ വീട്ടിലെത്തി.......... കത്തികൊണ്ടു തന്റെ നഖം മിനുക്കിക്കൊണ്ടിരിക്കുമ്പോൾ .......... അവൾ വന്നപാടേ..........വീർത്തമുഖത്തോടെ പുസ്കങ്ങൾ മേശപ്പുറത്തേക്ക് വലിച്ചെറിഞ്ഞു..........

അപ്പോഴും അയാൾ ക്ഷമ പാലിച്ചു.

**കവിത**

# നീ വന്നിരുന്നെങ്കിൽ

രാജൻകോശി. എസ്
ഒന്നാം വർഷ ബീകോം



ഒരു പിടിക്കിനാക്കളും
മധുരിക്കുമോർമ്മകളും
ശൂന്യമാമിരുളിൽ ഒരിറ്റു
വെളിച്ചവും.....
ഓർമ്മയിൽ ജീവിക്കുമാത്മനൊമ്പരമേ
നീ തന്ന കിനാക്കളെനിക്കു സ്വന്തമോ.....
അരികിലൊരു പുണ്യമായ്
അറിവിന്റെ ദിവ്യാക്ഷരമായ്
മറക്കാനാഗ്രഹിക്കുമ്പോഴൊക്കെയും
വേദനയേറ്റുമൊരു നൊമ്പരമായി
എൻസ്വപ്നമേ...
നീ വന്നിരുന്നെങ്കിൽ......

കഥ



# മകനേ..... നീയറിയുക.....

രജികുമാർ. ബി
രണ്ടാം വർഷ ബീകോം

വടിവൊത്ത കൈയക്ഷരത്തിൽ പങ്കജാക്ഷൻ എഴുതി തുടങ്ങി.......

എത്രയും പെട്ടെന്ന് ഇങ്ങോട്ട് വരാൻ കാത്തിരിക്കുന്ന എന്റെ ശ്രീമോന്,

മോനെ, നിനക്കവിടെ സുഖം തന്നെയല്ലെ? നിനക്കിപ്പോഴും സ്വന്തമായ ഒരസ്ഥിത്വം കിട്ടിയിട്ടില്ലെന്ന് ഞാൻ കരുതുന്നു. തടവറയുടെ വാതിലിൽ നീയിപ്പോഴും മുട്ടാറുണ്ടെന്നും, ചിലപ്പോൾ ഈ നാട്ടിലെ ചെയ്തികൾ കണ്ട് നീ ഉറക്കെ ചിരിക്കാറുണ്ടെന്നും നിന്റെ അമ്മ പറഞ്ഞു ഞാനറിഞ്ഞു. നീ ഓർക്കുക, നിന്റെ കവചം ഇപ്പോഴും സുരക്ഷിതമല്ല. ഇരയ്ക്കു വേണ്ടി ദാഹിക്കുന്ന കണ്ണുകളോടെ കഴുകന്മാർ നീ വരുന്നതും കാത്ത് ഈ നരകത്തിൽ കാത്തിരിക്കുന്നു. മകനെ നീ സൂക്ഷിക്കുക............



ഭസ്മക്കൂട്ടുകളുടെ പിറകിൽ വച്ച ധൂമക്കൂട്ടുകളുടെ സുഗന്ധം നിറഞ്ഞ അന്തരീക്ഷത്തിലെ നിശബ്ദമായ സംഗീതം കേൾക്കാൻ വേണ്ടി, വെളിച്ചത്തിന്റെ ചുംബനമേറ്റ് മൂടുപടം വീഴ്ത്തുന്ന നീലക്കുന്നുകളുടെ തുടുത്ത മുഖമൊന്നു കാണുവാൻ വേണ്ടി നിന്റെ മനസ്സ് ദാഹിക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നു. ഇല്ല മോനെ! ഈ സുന്ദര ദൃശ്യങ്ങൾക്കപ്പുറം കയ്പു നിറഞ്ഞ മാറാലപിടിച്ചു കറുത്ത ജീവിത യാഥാർത്ഥ്യങ്ങളുണ്ട്. ആ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുവാൻ നിനക്കാവുമോ?

ഇവിടുത്തെ ജീവിതം അത്യന്തം സുന്ദരമാണെന്ന് നിനക്കിപ്പോൾ തോന്നാം. പക്ഷെ നീയെത്തിയാൽ നിന്റെ കുഞ്ഞുശരീരത്തോടൊപ്പം നിനക്ക് ജീവിതത്തിന്റെ ഭാരവും കൂടി ചുമക്കേണ്ടി വരും. തിരക്കുപിടിച്ച നഗരവീഥികളിലും, മുകളിലത്തെ തുരുമ്പുപിടിച്ച കൈപ്പിടികളിൽ വാവലുകളെപോലെ

സഞ്ചാരികൾ തൂങ്ങിക്കിടക്കുന്ന ബസുകളിലും ആങ്ങനെ നീ പോകുന്നിടത്തെല്ലാം നീ നിന്റെ ജീവിതത്തെ കൊണ്ടു പോകേണ്ടി വരും. അഥവാ ഇനിയൊന്നും കൂടെ കൊണ്ടു പോകാൻ ആഗ്രഹിക്കുന്നില്ലെങ്കിലും നിന്റെ ജീവിതം എപ്പോഴും നിന്റെ കൂടെ തന്നെയായിരിക്കും. അത് എവിടെയെങ്കിലും ഇറക്കിവെച്ച് ഓടിരക്ഷപെടാൻ കഴിയുമെന്ന വ്യാമോഹം നിനക്കു വേണ്ട. നീ ആഗ്രഹിച്ചാലും ഇല്ലെങ്കിലും ആ ചുമട് നീ തന്നെ വഹിക്കേണ്ടിവരും. ഓർക്കുക നീ ഒറ്റയ്ക്കാണ്. എല്ലാ തകർച്ചകളേയും മുന്നിൽ കണ്ട് ബുദ്ധി കൊണ്ട് അവയെ ഇല്ലാതാക്കി മുന്നേറാൻ നിനക്കാവുമെങ്കിൽ നീ വരിക.... ഇവിടേക്ക് നിനക്ക് സ്വാഗതം....

മകനെ..! നീ ഓർമ്മയിൽ സൂക്ഷിക്കാൻ ഒരു കാര്യം ഞാൻ പറയട്ടെ ഇവിടെ നേടിയെടുക്കാൻ കഴിയാത്തതായി ഒന്നുമില്ല. ഈ ലളിതമായ സത്യം മനസ്സിലാക്കിയാൽ നിന്റെ ജീവിത വിജയം ആരംഭിക്കും. മറിച്ച് ചിന്തിക്കാൻ മനസ്സിനെ ഒരിക്കലും അനുവദിക്കില്ല എന്ന ദൃഢ നിശ്ചയം, എങ്ങനെ വിജയിക്കാൻ കഴിയുമെന്ന അറിവ്, ഇത്രയുമുണ്ടെങ്കിൽ ഇവിടെ സ്വപ്നങ്ങൾ പൂവണിയിക്കാം, അവസരങ്ങൾ യാഥാർത്ഥ്യമാക്കാം.

അവസാനം ജീവിതമെന്ന പോർക്കളത്തിൽ ഒരു പോരാളിയെപ്പോലെ നീ മരണത്തെ പുൽകുമ്പോഴും കൂട്ടിന് പച്ചയായ മനുഷ്യരുണ്ടാവുകയില്ല. വിലക്കുകളുടെ ഔപചാരികതയേ ഉള്ളൂ. സമൂഹം ഉണ്ടാക്കി വെച്ച ചിട്ടകളിൽ ഒരു പക്ഷെ നിന്റെ വ്യക്തിത്വം നിനക്ക് നഷ്ടപ്പെട്ടു പോകാം. മരണത്തോടു കൂടി നീ നിന്റെ സ്വാതന്ത്ര്യം ആഘോഷിക്കുമ്പോൾ ജീവിച്ചിരിക്കുന്നവർ സമൂഹമുണ്ടാക്കിവച്ച വിലക്കുകൾക്കടിമകളാണല്ലോ എന്നോർത്ത് നിനക്ക് സന്തോഷിക്കാം വരിക മോനെ വരിക......... ഒരു മാസം കൂടി നീ കാത്തിരുന്നേ മതിയാകൂ.... അതിനുശേഷം നീ വരുമ്പോൾ നിനക്ക് സമ്മാനിക്കുവാൻ ബന്ധങ്ങളുടേയും, ദുർഗന്ധം വമിക്കുന്ന രാഷ്ട്രീയത്തിന്റെയുമെല്ലാം വിലക്കുകൾ സമ്മാനിക്കുവാൻ ഞാനുൾപ്പെടുന്ന എന്റെ സമൂഹം കാത്തിരിക്കുന്നുണ്ടാവും. വരിക..........., വേഗം, വരിക............, നിനക്ക് ഒരിക്കൽ കൂടി സ്വാഗതം.

നിന്നെക്കുറിച്ചുള്ള ഓർമ്മകളുമായി സ്വന്തം പിതാവ്.

പങ്കജാക്ഷൻ എഴുതി നിർത്തി ഒരാവർത്തി കൂടി വായിച്ചു നോക്കിയ ശേഷം കവറിലിട്ട് അതിന്റെ പുറത്ത് മേൽ വിലാസം ഇങ്ങനെ എഴുതി.

To

എന്റെ പൊന്നുമോൻ (മോനെന്നു കരുതുന്നു.)
9-ാം മാസം
C/o ശ്രീമതി ശോശാമ്മ
പ്രസവവാർഡ്, ജില്ലാ ആശുപത്രി, കൊല്ലം

സിനിമ



# തിരക്കഥയാകാതെ

എൻ. വിജയധരൻ
എ.ഒ

*ഒന്ന്*

"ഗോഡ് ഓഫ് സ്മാൾ തിങ്സ്" എഴുതിത്തീർത്ത് അരുന്ധതീറോയ് എഴുത്തുമേശയ്ക്കരുകിൽ നിന്നും എഴുന്നേറ്റു-

എഴുതി വച്ച അക്ഷരങ്ങളിലെത്തി ദൃശ്യം മങ്ങുന്നു-

മെല്ലെ തെളിയുന്ന ദൃശ്യത്തിൽ പത്രത്താളിലെ തലക്കെട്ട് നിറയുന്നു "അരുന്ധതീറോയിക്ക് ബുക്കർ പ്രൈസ് "-

*രണ്ട്*

മീനച്ചലാറിന്റെ കരയിലൂടെ ഒരു പത്തുവയസ്സുകാരി-

മരപ്പാലം കടന്ന് മറുകരയിലേക്ക് -

സമപ്രായക്കാരിയായ കുട്ടിക്കൊപ്പം അടുത്തു കണ്ട കുടിലിലിലേക്ക് -

കുടിലിനുള്ളിൽ കറുത്ത മനുഷ്യരുടെ മുഖങ്ങൾ പ്രകാശമാർന്നതായി -

*മൂന്ന്*

മീനച്ചലാറിന്റെ മറുകരയിൽ നിന്ന് പാലം കടന്ന് ഒരു പതിനെട്ടുകാരി തിരിച്ചെത്തുന്നു -

വീടിനുള്ളിലേക്ക് കയറിയ അവൾ പുഞ്ചിരിയും സ്വാതന്ത്ര്യവുമായി ബാഗുമെടുത്ത് പുറത്തിറങ്ങി-

തിരിഞ്ഞു നിന്ന അരുന്ധതിക്ക് അമ്മ യാത്രാനുമതി നല്കി-

*നാല്*

ഗോവൻ കടൽത്തീരത്ത് കോളാക്കുപ്പികളുമായി അരുന്ധതി സഞ്ചാരികൾക്കടുത്തേക്ക്-

അകലെ ചിത്രീകരണം നടത്തുന്ന സിനിമാ പ്രവർത്തകർ അരുന്ധതിയുടെ കാഴ്ചയിലേക്ക്-

തന്റെ കൈ ക്യാമറയുടെ ഫ്രെയിമാക്കിപ്പിടിച്ച് ദൃശ്യഭംഗി പരിശോധിക്കുന്ന അരുന്ധതി-

ദൃശ്യം 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക് '-ന്റെ പടികളിറങ്ങി വരുന്ന

അരുന്ധതിയിയെയും ജെറാൾഡ് ഡികുഞ്ഞ എന്ന ആർക്കിടെക്ടിനേയും സമീപിക്കുന്നു-

മറ്റൊരു കെട്ടിടത്തിന്റെ പടികൾ കയറി അരുന്ധതി അകത്തേക്ക്-

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ ഡവല്പമെന്റിൽ തന്റെ ജോലിയിൽ മുഴുകി അരുന്ധതി-

***അഞ്ച്***

ഇറ്റലിയിലെ പുരാവസ്തു ശാസ്ത്രരംഗത്തെ പരിശീലനവും കഴിഞ്ഞ് ഡൽഹിയിൽ വിമാനമിറങ്ങുന്ന അരുന്ധതി-

വിമാനത്താവളത്തിൽ നിന്ന് പുറത്തിറങ്ങി കാഴ്ചയുടെ ഭംഗിയിൽ മുഴുകി അരുന്ധതി-

റെസ്റ്റാറണ്ടിലെ തിരക്കിൽ നിന്നൊഴിഞ്ഞ് ചർച്ചയിലേർപ്പെട്ടിരിക്കുന്ന അരുന്ധതിയും ചലച്ചിത്രകാരനായ പ്രദീപ് കിഷനും-

***ആറ്***

'മാസേ സാഹബ്' എന്ന സിനിമയുടെ ചർച്ചകളും ചിത്രീകരണവുമായി അരുന്ധതിയും പ്രദീപ്കിഷനും -

ക്യാമറയ്ക്ക് മുന്നിൽ ഒരു കഥാപാത്രത്തിന് അരുന്ധതി തന്റെ ഭാവങ്ങൾ പകർന്നു നൽകുന്നു-

***ഏഴ്***

'ഇൻവിച്ച് ആനി ഗിവ്സ് ഇറ്റ് ദോസ് വൺസ്' എന്ന സിനിമയ്ക്ക് ദേശീയ അവാർഡ് സ്വീകരിക്കുന്ന അരുന്ധതീറോയിയിൽ നിന്ന് ദൃശ്യം പതുക്കെ മങ്ങി തെളിയുന്നത് ബുക്കർസമ്മാനം ഏറ്റുവാങ്ങുന്ന അരുന്ധതിയിലേക്കാണ്-

***എട്ട്***

തന്റെ ബുക്കർ സമ്മാനത്തുകയുമായി നർമ്മദ നദീതീരത്തേക്ക് നടന്നടുക്കുന്ന അരുന്ധതി -

മേധാപട്കറോടൊപ്പം ഗ്രാമീണ ഭവനങ്ങളിലേക്ക് -

ഗ്രാമീണരോടൊപ്പം പ്രക്ഷോഭ പരിപാടികളിൽ ലയിച്ച് -

***ഒൻപത്***

ഗ്രാമീണരും അരുന്ധതിയും അവരുടെ പങ്കിടലുകളുമായി ദൃശ്യങ്ങൾ നിറയുന്നിടത്തുവച്ച് സിനിമ അവസാനിക്കുകയാണ്-

ഇപ്പോൾ കാഴ്ച്ചയിൽ തെളിയുന്നത് ജീവിതവും
അതിന്റെ തുടിപ്പുകളും മാത്രം.

കവിത



# സ്നേഹതീരം

ഷിബുസൈമൺ
ഒന്നാം വർഷ ബീകോം

സ്നേഹിച്ചുപോയി നാം
സ്നേഹിപ്പതെന്തിനെന്നറിയാതെ
ഗുരുവിൻ വാമൊഴിയും
അമ്മതൻ തേൻമൊഴിയും
സ്നേഹമാണല്ലോ
സ്നേഹം മുളയ്ക്കും കയങ്ങളിൽ
ആഴത്തിലാഴത്തിലൂളിയിട്ടൂളിയി-
ട്ടുൺമതൻ ഉൺമയെത്തേടുന്നു നാം
ദാഹം കഴുകനായ് കൊത്തി വലിയ്ക്കവേ
വിലപേശാനാകാതെ വിരഹദുഃഖത്തിൻ
കൊടിയതാപം പേറിയീ
വഴിയരുകിലിവിടാരു കാത്തിരിപ്പൂ
തമസ്സിൻ കയത്തിൽ ഇവിടാരു ജപിച്ചിരിപ്പൂ.
സ്നേഹം കൊതിയ്ക്കാത്ത
തളിരുകളില്ല
ദാഹം ശമിപ്പിച്ച വനവല്ലികളില്ല
തീർത്ഥാടനത്തിനായ് പോകാത്ത
പൂനിലാവില്ല,
തെല്ലിട നിന്നിടാം
പിന്നെയാപാദങ്ങളിൽ
കുമ്പിടാം



# ദി ചാപ്റ്റർ ഡേ 2001

## ഓർമ്മയുടെ വർണ്ണക്യാൻവാസിൽ
## ഒളിമങ്ങാത്ത പൊൻതൂവലുകൾ
## തുന്നിച്ചേർക്കുന്ന
## ഡി. ഡേ....

കലയുടെ കളിയരങ്ങിൽ
സാധനയുടേയും സാധകത്തിന്റേയും
നൂപുരധ്വനികളുണർത്തിയ..........
സൗഹൃദത്തിന്റേയും
സ്നേഹനിർഭരതയുടേയും
സർഗ്ഗ സംഗീതമുണർത്തിയ.........
ദിനങ്ങളിലൂടെ.....

പ്രതിഭയുടെ കനലാട്ടമിളകി
വർണ്ണപ്പകിട്ടിന്റെ പൊലിവാരമുയർന്നപ്പോൾ.......






*Photos : Nadeer. N (I BCom), Sanal (III BCom)*

## അംഗീകാരത്തിന്റെ അപൂർവ്വ നിമിഷം



**എംകോം പാരലൽ ബാച്ചുകളിൽ ഫസ്റ്റ് ക്ലാസ്സിൽ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങി വിജയിച്ച (ഏപ്രിൽ 2000) പ്രിയ.വി- യ്ക്ക് സ്വർണ്ണമെഡൽ സമ്മാനിക്കുന്നു.**

## കലയുടെ തിലകത്തിന് ചാപ്റ്ററിന്റെ സ്നേഹോപഹാരം




**2001 ലെ സംസ്ഥാന സ്കൂൾ യുവജോനോത്സവത്തിൽ കലാതിലക മായി തിരഞ്ഞെടുക്കപ്പെട്ട കുമാരി അമ്പിളി ദേവിക്ക് അനുമോദനം.**

## സംവഹരത്വം സംവദത്വം



**ആഘോഷത്തോടനുബന്ധിച്ച് ഒരുക്കിയ ഉച്ചവിരുന്ന്**

# ഹൃദയസംഗമത്തിന്റെ ധന്യമുഹൂർത്തങ്ങൾ.....



സ്വാഗതം
**ഫിലിപ്പോസ്. ഒ**
രണ്ടാം വർഷ എംകോം



ആമുഖ പ്രസംഗം
**ടി. മോഹനൻ**
പ്രിൻസിപ്പാൾ



ഉദ്ഘാടനം
**അഡ്വ.സബിതാബീഗം**
ബഹു: കൊല്ലം മേയർ



ആശംസ
**ശ്രീ. കെ. രവീന്ദ്രനാഥൻ നായർ**



ആശംസ
**ഡോ. ഗിരീഷ്കുമാർ**



ആശംസ
**ശ്രീ. പെരുമ്പുഴ ഗോപാലകൃഷ്ണ പിള്ള**



ആശംസ
**ശ്രീ. കെ.ഇബ്രാഹീം കുട്ടി**
രക്ഷാകർത്തൃ പ്രതിനിധി



ആശംസ, സമ്മാനദാനം
**അമ്പിളി ദേവി**
കലാതിലകം



നന്ദി
**എൻ. വിജയധരൻ**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

മണ്ണിന്റെ മാറ് പിളർക്കുന്ന പ്രചണ്ഡാരവങ്ങൾ .....
അവ തീർത്ത തമസ്സിന്റെ വാല്മീകത്തിൽ അകപ്പെട്ടവർ....



അവർക്കായ് സ്വാന്തനത്തിന്റെ നനുത്ത സ്പർശം........



ദി ചാപ്റ്റർ സോഷ്യൽ സർവ്വീസ് ഫോറം സമാഹരിച്ച ദുരിതാശ്വാസ ഫണ്ട് പ്രിൻസിപ്പാൾ ടി.മോഹനൻ കൊല്ലം ജില്ലാകളക്ടർ ശ്രീ.കമൽ വി.റാവുവിനെ ഏൽപ്പിക്കുന്നു.



ദി ചാപ്റ്റർ ഡേ സെലിബ്രേഷൻസിനോടനുബന്ധിച്ച് ഗുജറാത്ത് സഹായ ഫണ്ട് സമാഹരിക്കുവാനായി ചാപ്റ്റർ സോഷ്യൽ സർവ്വീസ് ഫാറം സംഘടിപ്പിച്ച ചിത്രപ്രദർശനം

## അനാഥത്വത്തിന്റെ അർത്ഥം പോലും അന്യമായവർ, ജീവിതത്തിന്റെ വർണ്ണത്തുരുത്തുകളിൽ നിന്നുമിറങ്ങിവന്നവരോ? ഇറക്കിവിടപ്പെട്ടവരോ? അവർക്കൊരു തട്ടകത്തിന്റെ തണുപ്പുമായി കൊല്ലം മുണ്ടയ്ക്കൽ പുവർഹോം.



കരുണയുടെ മഹാസരിത്തിൽ ഇതുവെറുമൊരു കണികയാകാം. ചൂടറിയാത്ത ഇവരുടെ ഉച്ച വെയിലുകളിലൊന്നിൽ കാരുണ്യവും സാന്ത്വനവുമായി എല്ലാവർഷവും ചാപ്റ്ററിലെ വിദ്യാർത്ഥികളെത്തിച്ചേരുന്നു. കുട്ടികൾ സമാഹരിച്ച വസ്ത്രങ്ങളും ഭക്ഷണപ്പൊതികളും സമ്മാനിക്കുന്നു.

## "വിൽക്കാനുണ്ട് ഒരു ഇൻഡ്യ"



പുത്തൻ സാമ്പത്തിക നയങ്ങളെ അധികരിച്ച് ശ്രീ.കെ.ഭാസ്കരന്റെ പ്രഭാഷണം

# മാറ്റുതെളിയിച്ച മുൻനിരക്കാർ

**സിജി എസ്.ജെ**

ഒന്നാം വർഷ ബീകോം



കഥാ രചന

ലേഖനം (മലയാളം)

**രാജേഷ്. ആർ**

മൂന്നാം വർഷ ബികോം



കാരംസ്

ലേഖനം (ഇംഗ്ലീഷ്)

**പ്രവീൺ കുമാർ. എസ്**

രണ്ടാം വർഷ ബികോം



കവിതാ രചന

കവിതാ പാരായണം

**അഫ്സൽ ഇബ്രാഹിം**

രണ്ടാം വർഷ ബികോം



കയ്യെഴുത്ത്

(ഇംഗ്ലീഷ്, മലയാളം)

**ഷാൻ. എ.വി**

ഒന്നാം വർഷ ബികോം



ചെസ്സ്

**അബി. എസ്**

രണ്ടാം വർഷ [illegible]



കാരംസ്

**നവാസ്. എ**

രണ്ടാം വർഷ എംകോം



ക്വിസ്സ്

**ജെമിനി കുമാർ.കെ**

രണ്ടാം വർഷ എംകോം



ക്വിസ്സ്

**അമൽ ദേവ്. ജി**

രണ്ടാം വർഷ ബീകോം



പെയിന്റിംഗ്

**ശ്രീഹരി.വി**

ഒന്നാം വർഷ ബികോം



ലളിതഗാനം

പെൻസിൽ ഡ്രോയിംഗ്

**സുമേഷ് .എസ്.ആർ**

ഒന്നാം വർഷ ബികോം



കാർട്ടൂൺ

**ഷീനാ.ബി**

ഒന്നാം വർഷ എംകോം



ലളിതഗാനം, ചലച്ചിത്രഗാനം

മാപ്പിളപ്പാട്ട്

**പ്രേംരാജ്. ആർ.എസ്**

ഒന്നാം വർഷ എം.കോം



ലളിതഗാനം

**ഫിലിപ്പോസ്. ഒ**

രണ്ടാം വർഷ എം.കോം



പ്രസംഗം

**അഭിലാഷ്. സി**

മൂന്നാം വർഷ ബികോം



വാർത്താ പാരായണം

**ശ്യാം ദേവ്. എസ്**

ഒന്നാം വർഷ ബികോം



മിമിക്രി

**അജീഷ്. എ**

മൂന്നാം വർഷ ബികോം



ഫാൻസി ഡ്രസ്

**സിന്തിൽ ദാസ്. എച്ച്**

ഒന്നാം വർഷ ബികോം



ഡൽഹിയിൽ നടന്ന 48 മത് റോളർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ചു

## *പാരസ്പര്യത്തിൽ നിന്നുതിരുന്ന പ്രചോദനങ്ങൾ.....*




**കൃത്യമായ ഇടവേളകളിൽ വിളിച്ചുചേർക്കുന്ന രക്ഷാകർത്തൃ-അധ്യാപക യോഗം**



# *Our tears of farewell ...!*

*At, this point of life,*
*We're unable to help back our tears*
*While bidding farewell to each other*
*There is nothing else but a hope,*
*of meeting again*
*Sometimes, some where,*
*With the same love and affection*
*To share - the memories*
*Of 'Our CHAPTER days'*
*And a lot of good news*
*About our bright life*
*After these golden days*
*In this 'garden of memories...!*

